2010 ആഗസ്റ്റ്
ഹി.ശ 1389 - സുഹൂർ
1431 ശഅബാൻ - റംസാൻ
പുസ്തകം 82 ലക്കം 8
വരിസംഖ്യ 150 ക.
ഒറ്റപ്രതി 15 ക.

സ്ഥാപിതം
1925

# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം

## ഉള്ളടക്കം

4 **യുഗശബ്ദം**

5 **മുഖക്കുറിപ്പ് -**
**വിശുദ്ധ റമദാൻ**

6 **വ്രതാനുഷ്ഠാനം : ഒരാത്മീയാഹാരം**
ഹദ്റത്ത് അഹ്മദ് (അ)

ഖുത്വ്ബ

7 ***പുണ്യറമദാൻ : തഖ്‌വ സ്വായത്തമാക്കാൻ***
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

ലേഖനം

11 ***മതനിന്ദയോടുള്ള ഇസ്ലാമിക പ്രതികരണം***
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

13 ***വിശുദ്ധ റമദാൻ - ഒരാത്മീയ വസന്തം***
മഹ്മൂദ്, കൽക്കുളം

16 ***വിവാഹമോചനവും ഇസ്ലാമും***
എ.എം. മുഹമ്മദ് സലിം

23 ***മഹാവിസ്ഫോടനത്തിനുശേഷം നിലവിൽ വന്ന പ്രപഞ്ചം***
എം. മുബാറക്ക് അഹ്മദ് കരുനാഗപ്പള്ളി

26 ***ലക്ഷ്യസാഫല്യം നേടിയ അഹ്മദിയ്യാ ജമാഅത്തും നിരാശനായ മൗദൂദിയും***
പി.എ. മുഹമ്മദ് സലീം, കൊടുങ്ങല്ലൂർ

30 ***അനാഥകുട്ടികളുടെ അരക്ഷിതത്വം***
ഫസൽ അഹ്മദ്, ലണ്ടൻ

32 ***കശ്മീരിലെ ഖബറും ടൂറിനിലെ തിരുശ്ശീലയും യേശുവിനെപറ്റി പണ്ഡിറ്റ് നെഹ്റു പറഞ്ഞതും***
ഏ.ക്യു. മഹ്ദി

35 ***ശ്മശാനത്തിൽ വിരിഞ്ഞ പുഷ്പം വാടാതിരിക്കട്ടെ***
ബി.എസ്. മഞ്ചുനാഥ്

കുറിപ്പുകൾ

38 ***ഹിന്ദു വിവാഹമോചന നിയമം ഭേദഗതി ചെയ്യപ്പെടുന്നു***

40 ***വാർത്തകൾ, അനുസ്മരണം***

**ചീഫ് എഡിറ്റർ** : മുഹമ്മദ് ഇസ്മായിൽ Mob : 9446656123
**എഡിറ്റർ** : ഏ. എം. മുഹമ്മദ് സലിം Mob : 8907182933, 9895263384, **E-mail: salimqld@yahoo.in**
**മാനേജർ** : അഹ്മദ് ഹസ്സൻ Mob : 9446482108

**അസി. മാനേജർ**
കെ.എം. അഹ്മദ് കോയ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
കെ.വി. ഈസക്കോയ
കെ.വി. ഹസ്സൻകോയ
പി.എം. ബഷീർ അഹ്മദ്
ഐ.കെ. അഹ്മദ് കുട്ടി

*വിലാസം*
**സത്യദൂതൻ, ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com

Printed & Published by M.A. Muhammed, for the Kerala Ahmadiyya Muslim Jama-at at Geethanjali Offset Printers, Kundayithode, Feroke, Kozhikode
Published at BAITHUL Quddus, G.H. Road, Kozhikode, Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, Calicut

## ഖുർആനിൽ നിന്ന്

സമസ്ത മനുഷ്യർക്കും സന്മാർഗ്ഗദായകവും സത്യാസത്യാ വിവേചനത്തിന്റെയും സ്പഷ്ടമായ തെളിവുകളുൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിക്കപ്പെട്ട മാസമാണ് 'റമദാൻ'. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ വ്രതമനുഷ്ഠിക്കട്ടെ.

(2:186)

## നബിവചനം

സഹ്ല്(റ) നിന്നു നിവേദനം. ' സ്വർഗ്ഗത്തിന് റയ്യാൻ എന്നു പേരുള്ള ഒരു വാതിലുണ്ട്. അന്ത്യനാളിൽ നോമ്പുകാരൻ അതു വഴിയാണ് സ്വർഗ്ഗത്തിൽ പ്രവേശിക്കുക. അവരല്ലാതെ മറ്റാരും ആ വാതിലിലൂടെ പ്രവേശിക്കുന്നതല്ല.

(ബുഖാരി)

**യുഗശബ്ദം**



# പരിശുദ്ധ റമദാനും ഹൃദയ പ്രകാശവും

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

ഈ മാസം ഹൃദയ പ്രകാശത്തിനുള്ള ഉത്തമമായ മാസമാണെന്നും അതിൽ അധികമായി ആത്മീയ ദർശനങ്ങൾ ഉണ്ടായിരിക്കുന്നതാണെന്നും സൂഫി വര്യൻമാർ എഴുതുന്നു. നമസ്കാരം ആത്മാവിന് സംസ്കരണവും വ്രതം ഹൃദയത്തിന് പ്രകാശവും പ്രദാനം ചെയ്യുന്നു. ആത്മ സംസ്കരണം എന്നാൽ ദോഷപ്രവണമായ ആത്മാവിനെ ദേഹേഛകളിൽ നിന്നും ദൂരപ്പെടുത്തുക എന്നും ഹൃദയപ്രകാശം എന്നാൽ ആത്മദർശനത്തിനുള്ള കവാടം തുറന്ന് ദൈവദർശനം ലഭ്യമാകുക എന്നുമാണ്.

*(മൽഫൂസാത്ത്)*

മുഖക്കുറിപ്പ്

# വിശുദ്ധ റമദാൻ

മനുഷ്യൻ പരിശുദ്ധി പ്രാപിക്കുന്നതിന് വേണ്ടി അല്ലാഹു ഏർപ്പെടുത്തിയ വിശിഷ്ടമായൊരു കർമ്മ പരിപാടിയാണ് വ്രതാനുഷ്ഠാനം. അല്ലാഹുവിന്റെ പ്രവാചകൻമാർ അവതരിച്ച എല്ലാ സമൂഹങ്ങളിലും വ്രതത്തിന്റെ മാർഗ്ഗം മനുഷ്യന്റെ ആത്മീയ പുരോഗതിക്കായി അല്ലാഹു നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെ പ്രാധാന്യത്തെ സംബന്ധിച്ചും റമദാനിലെ വ്രതാനുഷ്ഠാനത്തിൽ പാലിക്കേണ്ട നിബന്ധനകളെക്കുറിച്ചും. പാപപ്പൊറുതിക്കായി പശ്ചാത്താപ ബോധത്തോടെ മനുഷ്യൻ പ്രാർത്ഥനകളിൽ മുഴുകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അല്ലാഹു ഖുർആനിൽ പറയുന്നു:

*'വിശ്വാസികളേ !. നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നത് പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കാൻ വേണ്ടി.(വ്രതാനുഷ്ഠാനം) ചില നിശ്ചിത ദിവസങ്ങളിലാണ്. എന്നാൽ നിങ്ങളിലാരെങ്കിലും രോഗിയോ യാത്രയിലോ ആയാൽ മറ്റു ദിവസങ്ങളിൽ (അവർ) എണ്ണം പൂർത്തികരിച്ചുകൊള്ളട്ടെ. പ്രായശ്ചിത്വം നൽകുന്നതിന് കഴിവുള്ളവർ ഒരു അഗതിയുടെ ആഹാരം(പ്രായശ്ചിത്തമായി) നൽകേണ്ടതാണ്. ഇനി ആരെങ്കിലും പൂർണമായ അനുസരണം പുലർത്തിക്കൊണ്ട് വല്ല നന്മയും ചെയ്യുന്നുവെങ്കിൽ അതയാൾക്ക് ഗുണകരമായിത്തീരും. നിങ്ങൾ(കാര്യം) ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകരമത്രെ. സമസ്ത മനുഷ്യർക്കും സന്മാർഗ്ഗദായകവും സത്യാസത്യാ വിവേചനത്തിന്റെയും സ്പഷ്ടമായ തെളിവുകളുൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിക്കപ്പെട്ട മാസമാണ് 'റമദാൻ'. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ വ്രതമനുഷ്ഠിക്കട്ടെ. എന്നാൽ നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്യുന്ന പക്ഷം. ആ എണ്ണം മറ്റു ദിനങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്. അവൻ നിങ്ങൾക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല(ഇതാകട്ടെ) നിങ്ങൾ എണ്ണം പൂർത്തികരിക്കുന്നതിനും അല്ലാഹു നിങ്ങളെ സന്മാർഗ്ഗത്തിലാക്കിയത് നിങ്ങൾ അവനെ മഹത്വപ്പെടുത്തുന്നതിനും നിങ്ങൾ കൃതജ്ഞത കാണിക്കുന്നതിനും വേണ്ടിയാകുന്നു. എന്നെ സംബന്ധിച്ച് എന്റെ ദാസൻമാർ നിന്നോട് ചോദിക്കുന്ന പക്ഷം(പറയുക) നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനക്ക് ഞാൻ ഉത്തരം നൽകും.* അവൻ എന്നെ വിളിച്ചു പ്രാർതഥിക്കുമ്പോൾ. അതു കൊണ്ട് അവൻ എന്റെ വിളിക്ക് ഉത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ അവർ സൻമാർഗ്ഗം പ്രാപിക്കുന്നതിന് വേണ്ടി (2: 184 – 187)

റസൂൽ തിരുമേനി (സ) അരുളി : *'കുറ്റങ്ങൾ സൂക്ഷിക്കാനുള്ള ഒരു പരിചയാണ് നോമ്പ്. നോമ്പുകാരൻ തെറ്റായ പ്രവർത്തികൾ ചെയാതിരിക്കുകയും സംസ്ക്കാരമില്ലാത്ത വാക്കുകൾ പറയാതിരിക്കുകയും ചെയ്യട്ടെ വല്ലവനും അവനോട് ശണ്ഠകൂടുകയോ അവനെ ശകാരിക്കുകയോ ചെയ്തെങ്കിൽ ഞാൻ നോമ്പുകാരനാണ് എന്ന് രണ്ട് തവണ അവൻ പറയട്ടെ (ബുഖാരി).'* വാഗ്ദത്ത മസിഹ് ഹദ്റത്ത് അഹമദ്(അ) നോമ്പിനെ കുറിച്ച് പറയുന്നു. *'നമസ്കാരം മനുഷ്യ ഹൃദയത്തെ ദോഷബാധകളിൽ നിന്ന് ശുദ്ധീകരിക്കുമ്പോൾ നോമ്പ് മനുഷ്യാത്മാവിനെ പ്രഭാപൂരിതമാക്കി തീർക്കുന്നു. ഹൃദയത്തിന്റെ ശുദ്ധീകരണം എന്നാൽ അനിയന്ത്രിതമായ അധമ പ്രവണതകളുടെ ബന്ധങ്ങളിൽ നിന്നുള്ള വിമുക്തിയത്രെ. ആത്മാവിന്റെ പ്രകാശ വൽക്കരണം നിമിത്തം ഒരു സത്യവിശ്വാസി ആത്മീയ ദർശനങ്ങളിൽ അനുഗ്രഹീതനായി തീരുന്നു (മൽഫൂസാത്ത്).* വിശുദ്ധ റമദാനിൽ നോമ്പനുഷ്ഠിക്കാനും അതിന്റെ സ്വർഗ്ഗീയമായ അനുഗ്രഹങ്ങൾ ലഭിക്കാനും അല്ലാഹു നമുക്ക് തൗഫീക്ക് നൽകട്ടെ (ആമീൻ). ❐

ഹദ്റത്ത് അഹ്മദ് (അ)

ലേഖനം

# വ്രതാനുഷ്ഠാനം ഒരാത്മീയാഹാരം

ഇസ്‌ലാമിലെ ഒരു മൗലിക കർമ്മമാണ് വ്രതാനുഷ്ഠാനം. ഇസ്‌ലാം നിർദ്ദേശിച്ചിട്ടുള്ള ആരാധനാകർമ്മങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ടെന്ന് മുസ്‌ലിംകൾ എന്നു പറയപ്പെടുന്ന ചിലർ തന്നെ ഇക്കാലത്ത് അഭിപ്രായപ്പെടുന്നുണ്ടെന്നത് വ്യസനകരമാണ്. ഇവർ ആത്മീയാന്ധത ബാധിച്ചവരും ദൈവകല്പനകളിൽ അന്തർഭവിച്ചിരിക്കുന്ന തത്വരഹസ്യം ഗ്രഹിക്കാത്തവരും ആകുന്നു. ആദ്ധ്യാത്മിക രംഗത്ത് കാലുറച്ചിട്ടില്ലാത്തവർ പ്രസ്തുത കർമ്മാനുഷ്ഠാനങ്ങളെ സംബന്ധിച്ച കാര്യങ്ങളിൽ കൈകടത്താൻ ശ്രമിക്കുന്നത് യുക്തിപൂർവമല്ല. തങ്ങൾ ഒരിക്കലും കടന്നുചെന്നിട്ടില്ലാത്ത പ്രസ്തുത ആത്മീയ സാമ്രാജ്യത്തിൽ പരിഷ്കാരങ്ങൾ വരുത്തുന്നതിന് ഇവർ കൃത്രിമ പദ്ധതികൾ നിർദ്ദേശിക്കുന്നു. ഇവർ ജീവിതം മുഴുവനും ലൗകീക കാര്യങ്ങളിൽ മാത്രം ചെലവഴിക്കുന്നവരും ആത്മീയകാര്യങ്ങളെക്കുറിച്ച് വിവരമില്ലാത്തവരും ആകുന്നു. ആഹാരം കുറക്കുകയും വിശപ്പു സഹിക്കുകയും ചെയ്യുകയെന്നത് ആത്മാവിന്റെ സംസ്കാരത്തിന്നും പുരോഗതിക്കും അത്യാവശ്യമായ ഒരു കർമ്മമാകുന്നു. അത് ആത്മദർശനത്തിനുള്ള ശക്തിയെ പോഷിപ്പിക്കുന്നതുമാകുന്നു. മനുഷ്യൻ ഭക്ഷണപദാർത്ഥങ്ങളിൽ മാത്രമല്ല ജീവിക്കുന്നത്. ഈ ജീവിതത്തിനുശേഷം അവനു മറ്റൊരു ജീവിതമുണ്ട്. നിത്യമായ ആ പാരത്രിക ജീവിതത്തെ അലക്ഷ്യമാക്കിക്കളയുകയെന്നത് ദൈവത്തിൽ നിന്നുള്ള വേർപാടിനെയും അത് വഴി അവന്റെ അനിഷ്ടത്തെയും സ്വയം വരിക്കുകയാകുന്നു.

വ്രതാനുഷ്ഠാനം കൊണ്ടുള്ള വിവക്ഷിതം ഒരു ക്ലിപ്തകാലം വരെ പാപനാശനങ്ങൾ ചെയ്യാതെ വിശപ്പു സഹിക്കുക മാത്രമല്ലെന്ന് സ്മർത്തവ്യമാണ്. എല്ലാതരം ദോഷങ്ങളിൽ നിന്നും അകന്നു നില്ക്കുമാറു നോമ്പുകാരൻ ദൈവസ്മരണയിൽ അധികമധികം ഏർപ്പെട്ടിരിക്കുക അത്യാവശ്യമാകുന്നു. വിശുദ്ധ നബി കരീം (സ) തിരുമേനി ദമദാൻ മാസത്തിൽ വളരെയധികം ദൈവാരാധനയിൽ വ്യാപൃതനാവുക പതിവായിരുന്നു. ആകയാൽ നോമ്പ് കാലത്ത് ഭക്ഷ്യപാനീയാദികളെ സംബന്ധിച്ച ചിന്തകളിൽ നിന്നു വിരമിക്കുകയും പ്രസ്തുത കാര്യങ്ങളുമായുള്ള കെട്ടുപാടുകളെ ഉപേക്ഷിക്കുകയും ചെയ്തുകൊണ്ടു ശ്രദ്ധയെല്ലാം അല്ലാഹുവിങ്കൽ ആക്കിത്തീർക്കേണ്ടതാണ്. ഭൗതികമായ ഭക്ഷണസാധനങ്ങൾ ലഭിച്ചിരിക്കെ ആത്മീയാഹാരത്തെക്കുറിച്ച് ചിന്തിക്കാത്ത മനുഷ്യൻ ഭാഗ്യഹീനനാണെന്നു വേണം പറയുവാൻ. ഭക്ഷ ണം കഴിക്കുന്നത് മൂലം ശരീരത്തിനു ബലവും ഓജസ്സും നിലനില്ക്കുന്നത് പോലെ ആത്മീയാഹാരം മൂലം ആത്മാവിന്നു രക്ഷയും ആത്മീയശക്തിയും ചൈതന്യവും സിദ്ധിക്കുന്ന. എല്ലാവിധ സഫലതകളുടെയും വാതിൽ ദൈവാനുഗ്രഹത്താൽ തുറക്കുമാറാകുമെന്നതിനാൽവിജയലബ്ധിക്ക് അവങ്കൽ നിന്നുതന്നെ സഹയാം തേടേണ്ടതാണ്. - ബദർ - 18-1-1907.

'റമദ' സൂര്യോഷ്ണത്തിനാണ് പറയുന്നത്. റമദാനിൽ മനുഷ്യൻ ഭക്ഷണപാനീയങ്ങളുടെയും ഇതര ശാരീരികാനന്ദങ്ങളുടെയും കാര്യത്തിൽ ക്ഷമ കൈക്കൊള്ളുന്നു. മറ്റൊന്നു അല്ലാഹുവിന്റെ കല്പനകൾക്കായി ഒരു വിധത്തിലുള്ള ഊഷ്മാവും ആവേശവും സംജാതമാകുന്നു. അങ്ങനെ ആത്മീയവും ഭൗതീകവുമായ ഊഷ്മാവുകൾ ഒന്നായിച്ചേർന്ന് റമദാൻ (രണ്ടു വിധത്തിലുള്ള റമദുകൾ) ഉണ്ടാകുന്നു. റമദാൻ മാസം ഉഷ്ണകാലത്തിൽ വന്നതുകൊണ്ടാണ് റമദാൻ എന്ന പേരു സിദ്ധിച്ചതെന്ന് വൈയാകരണന്മാരുടെ അഭിപ്രായത്തോട് എനിക്ക് യോജിപ്പില്ല. കാരണം ഇത് അറബികൾക്കു മാത്രമായുള്ള പ്രത്യേകതയല്ല. ആത്മീയമായ റമദ എന്നതു കൊണ്ട് ആത്മീയമായ അഭിരുചിയും ആനന്ദവും ഊഷ്മാവും ആണുദ്ദേശ്യം. - അൽഹക്കം 24-7-1901. ❑

ഖുത്വ്ബ

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)
ഖലീഫത്തുൽ മസീഹ് V

# പുണ്യറമദാൻ: തഖ്‌വ സ്വായത്തമാക്കാൻ

**മനുഷ്യന്റെ എല്ലാ അവയവങ്ങൾക്കും വ്രതമുണ്ട്. അവയെ പരിശുദ്ധമാക്കി വെക്കുക. എല്ലാ നിഷിദ്ധ മാർഗ്ഗങ്ങളിൽ നിന്നും വിട്ടു നിൽക്കുക. ദൈവ സ്മരണയിൽ മുഴുകി നോമ്പിന്റെ അനുഗ്രഹം സ്വായത്തമാക്കുക.**

***5. 9. 2008ന് ലണ്ടനിലെ ബൈത്തുൽ ഫുതുഹിൽ നിർവ്വഹിച്ച ഖുത്വ്ബയുടെ പ്രസക്ത ഭാഗം***

***വിശ്വാസികളെ!. നിങ്ങൾക്കു മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരിക്കുന്നതു പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടി (ഈ വ്രതാനുഷ്ഠാനം) നിശ്ചിത ദിവസങ്ങളിലാണ്. ......................എന്നെ സംബന്ധിച്ച് എന്റെ ദാസൻമാർ നിന്നോട് ചോദിക്കുന്ന പക്ഷം, നിശ്ചയമായും ഞാൻ സമീപസ്ഥനാണ്. പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനക്ക് ഞാൻ ഉത്തരം നൽ കും; അവൻ എന്നെ വിളിച്ച് പ്രാർ ത്ഥിക്കുമ്പോൾ, അതുകൊണ്ട്, അവർ എന്റെ വിളിക്ക് ഉത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ സന്മാർഗ്ഗം പ്രാപിക്കുന്നതിന് വേണ്ടി*** (2:184-187)

അല്ലാഹുവിന്റെ അനുഗ്രഹത്താൽ നാം ഇപ്പോൾ റമദാനിലൂടെയാണ് കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. ഈ മാസം വ്രതാനുഷ്ഠാനത്തിന്റെ മാസമാണ്. വ്രതാനുഷ്ഠാനത്തിന്റെ പിന്നിൽ വലിയൊരു ലക്ഷ്യമുണ്ടെന്ന് ഞാൻ ഓതി കേൾപ്പിച്ച ആയത്തുകളിൽ നിന്ന് വ്യക്തമാണ്. അല്ലാഹു തന്റെ ദാസരുടെ ആത്മീയതയിൽ വർധനവുണ്ടാകുന്നതിനും തന്റെ സാമീപ്യം നൽകി അവരെ അനുഗ്രഹിക്കുന്നതിനും ദുആ സ്വീകരിക്കാനും വേണ്ടി തർബിയ്യത്തിനുള്ള ഒരു പരിശീലനമായിട്ടാണ് ഈ വ്രതാനുഷ്ഠാനത്തെ നിർബന്ധമാക്കിയിരിക്കുന്നത്. ഞാൻ ആദ്യമായി പാരായണം ചെയ്ത ആയത്തിൽ അല്ലാഹു പറയുന്നു. “നിങ്ങൾ തഖ്‌വ(ഭയഭക്തി) സ്വായത്തമാക്കുന്നതിനാണ് നോമ്പ് നിർബന്ധമാക്കിയിരിക്കുന്നത്.” അതായത് സർവ്വവിധ തിന്മകളിൽ നിന്നും രക്ഷ പ്രാപിക്കുന്നതിന് നിങ്ങൾ അല്ലാഹുവിന്റെ സംരക്ഷണത്തിൽ വരിക. ഒരു ഹദീസിൽ ഇപ്രകാരം വരുന്നു. തിരുനബി(സ) അരുളി. “നോമ്പ് പരിചയാകുന്നു.” അതുകൊണ്ട് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിന് നോമ്പിനെ നിങ്ങൾ പരിചയായി ഉപയോഗിക്കുകയാണെങ്കിൽ അല്ലാഹു സ്വയം നിങ്ങളുടെ പരിചയായി തീരുന്നതാണ്. അവൻ നിങ്ങളെ വലിയ വലിയ പാപങ്ങളിൽ നിന്ന് മാത്രമല്ല രക്ഷിക്കുക മറിച്ച് ചെറിയ ചെറിയ തിന്മകളിൽ നിന്നും പ്രസായങ്ങളിൽ നിന്നും നിങ്ങളെ രക്ഷിക്കുന്നതാണ്. എല്ലാ ഉപദ്രവങ്ങളിൽ നിന്നും നിങ്ങൾ സുരക്ഷിതരായിരിക്കുകകയും ചെയ്യും. നന്മ ചെയ്യാനുള്ള തൗഫീഖും നിങ്ങൾക്ക് ലഭിക്കുന്നതാണ്. എന്നാൽ നോമ്പുമായി ബന്ധപ്പെട്ട എല്ലാ നിബന്ധനകളും നിങ്ങൾ പാലിച്ചാൽ മാത്രമേ ഇത് സാധ്യമാകുകയുള്ളൂ.

ഇതു സംബന്ധമായി നമുക്ക് നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ ഇവയാണ്. നിങ്ങൾ വ്രതമനുഷ്ഠിക്കുമ്പോൾ നിങ്ങളുടെ കാതുകളും കണ്ണുകളും നാവും കയ്യും മറ്റെല്ലാ അവയവങ്ങളും കൂടി വ്രതമനുഷ്ഠിക്കേണ്ടതാണ്. നമുക്ക് ലഭിച്ചിരിക്കുന്ന പരിച പ്രയോജനപ്പെടണമെങ്കിൽ അത് ഉപയോഗിക്കുന്നത് എങ്ങനെയാണെന്ന് നമുക്ക് അറിയു

കയും വേണം. വ്രതമനുഷ്ഠിച്ചു എന്നതു കൊണ്ട് മാത്രം തഖ്‌വ യുടെ പദവികൾ നമുക്ക് കരഗത മാകില്ല. അതിനായി നമ്മെ സജ്ജ മാക്കിത്തീർക്കുകയും വേണം. അല്ലാഹു നിശ്ചയിച്ചിരിക്കുന്ന നിബ ന്ധനകൾ പാലിക്കാൻ നാം നിർബ ന്ധിതരാണ്. തുടർന്നുള്ള ആയത്തി ൽ അല്ലാഹു പറയുന്നു. രോഗിയോ യാത്രയിലോ ആണെങ്കിൽ വ്രതാനു ഷ്ഠാനം പാടില്ല. ഇങ്ങനെയുള്ള അവസരങ്ങളിൽ വ്രതമനുഷ്ഠി ക്കാതെ മറ്റു ദിവസങ്ങളിൽ നോറ്റു വീട്ടാനാണ് കൽപിച്ചിരിക്കുന്നത്. കാരണം അല്ലാഹുവിന്റെ കൽപന കളെ പിൻപറ്റുന്നതു മൂലമാണ് തഖ്‌വ സായത്തമാക്കുക. വെറുതെ പട്ടിണി കിടന്നുകൊണ്ട് അത് ലഭി ക്കില്ല. അതേ പോലെ വിശുദ്ധ ഖുർ ആൻ പാരായണം ചെയ്യുകയും അതിന്റെ കൽപനകളനുസരിച്ച് ജീവിക്കേണ്ടതും നിർബന്ധമാണ്. നൂറുകണക്കിന് കൽപനങ്ങളാണ് വിശുദ്ധ ഖുർആനിൽ അടങ്ങിയിരി ക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് പറയുകയുണ്ടാ യി. "വിശുദ്ധ ഖുർആനിൽ പ്രാരംഭം മുതൽ അവസാനം വരെ നാം ചെയ്യേണ്ട കൽപനകളെക്കുറിച്ചും ദൈവീക നിർദ്ദേശങ്ങളെക്കുറിച്ചു മുള്ള വിശദീകരണം കാണാൻ കഴി യുന്നതാണ്. വിവിധ കൽപനക ളുടെ ശതകണക്കിന് ശാഖകൾ അതിൽ വിവരിച്ചിട്ടുണ്ട്." ചുരുക്ക ത്തിൽ തഖ്‌വ സ്വായത്തമാക്കുന്ന തിന് നാം ചെയ്യേണ്ടത് നോമ്പാ കുന്ന പരിചയ്ക്ക് പിന്നിൽ നാം നിൽക്കുക എന്നതാണ്. അത് യഥാർത്ഥത്തിൽ അല്ലാഹുവിന്റെ പരിചയാകുന്നു. അതുകൊണ്ടാണ് അല്ലാഹു പറഞ്ഞത് നോമ്പിന്റെ പ്രതിഫലം ഞാൻ തന്നെയാകുന്നു എന്ന്. ഇത് ഖുദ്സിയായ ഹദീസാ ണ്. ഖുദ്സിയായ ഹദീസ് എന്നാൽ അല്ലാഹു പറഞ്ഞു എന്നുകൊണ്ട് തിരുനബി(സ) അരുളിയിട്ടുള്ള ഹദീ സുകളാണ്.

അതുകൊണ്ട് ഈ പരിച യുടെ പ്രയോജനം യഥാർത്ഥ രീതി യിൽ നമുക്ക് ലഭിക്കേണമെന്നുണ്ടെ ങ്കിൽ നാം ആത്മപരിശോധന നട ത്തിക്കൊണ്ട് നമ്മുടെ കാതുകളെ വ്യർത്ഥമായ കാര്യങ്ങൾ കേൾക്കു ന്നതിൽ നിന്ന് സംരക്ഷിച്ചു നിർത്ത ണം. മതത്തെ പരിഹസിക്കുന്ന മത കാര്യങ്ങളെ പരിഹാസത്തോടെ കാണുന്ന സദസ്സുകളിൽ നിന്ന് നാം വിട്ടു നിൽക്കണം. തന്റെ സഹോദ രന്റെ പരദൂഷണം പറയുന്ന സദസ്സു കളിൽ നിന്നും നാം വിട്ടു നിൽക്ക ണം. ചുരുക്കത്തിൽ അല്ലാഹു നിരോധിച്ചിരിക്കുന്ന എല്ലാ പ്രവർ ത്തനത്തിൽ നിന്നും നാം വിട്ടു നിൽ ക്കേണ്ടതാണ്. ഉദാഹരണത്തിന് പുരുഷൻമാരോട് ദൃഷ്ടികൾ കീഴ്പ്പോട്ട് പതിപ്പിക്കണമെന്ന് കൽപ്പിച്ചിരിക്കുന്നു. അന്യസ്ത്രീ കളെ നോക്കരുതെന്ന് അവരോട് കൽപ്പിച്ചിട്ടുണ്ട്. ഇക്കാലത്ത് സമയം പാഴാക്കുന്നതിനായി ചില വ്യർത്ഥ മായും അശ്ലീലവുമായ ഫിലിമുകൾ പ്രദർശിപ്പിക്കാറുണ്ട്. റമദാൻ മാസ ത്തിൽ ഈ രീതിയിൽ നാം ശീലി ച്ചാൽ റമദാൻ കൊണ്ട് ഫലമനുഭവി ച്ചാൽ ഭാവി ജീവിതത്തിലും ഇവ്വിധ തിന്മകളിൽ നിന്ന് രക്ഷപ്പെടാൻ സാധ്യതയുണ്ടെന്ന് നമുക്ക് ആശിക്കാം.

ഇനി എന്താണ് നാവിന്റെ വ്രതം. നാവുകൊണ്ട് ആരെയും ചീത്ത പറയരുത്. ആരേയും വേദ നിപ്പിക്കരുത്. അതുകൊണ്ടാണ് ഒരു ഹദീസിൽ ഇപ്രകാരം വന്നിട്ടുള്ളത്. നോമ്പുകാരനോട് വല്ലവരും തർക്കി ക്കുകയോ മോശമായി സംസാരി ക്കുകയോ ചെയ്താൽ, ഞാൻ നോ മ്പുകാരനാണെന്ന് മാത്രം പറഞ്ഞ് മിണ്ടാതിരിക്കുക എന്ന്. അതായത് നീ എന്നെ എന്തു തന്നെ പറഞ്ഞാ ലും ഞാൻ പ്രതികരിക്കില്ല. കാരണം എല്ലാ അവയവങ്ങൾക്കും വ്രത മുള്ള ഒരു തർബിയ്യത്ത് പരിശീലന പദ്ധതിയിലൂടെയാണ് ഞാൻ ഇപ്പൾ കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് എന്റെ നോമ്പിനെ പാഴാക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല.

കൈകൾക്കും നോമ്പുണ്ട്. തെറ്റായ ഒരു കാര്യവും കൈ കൊണ്ട് ചെയ്യാതിരിക്കുകയാണ് അതിന്റെ നോമ്പ്. അല്ലാഹു നിരോ ധിച്ചിരിക്കുകയോ അവന്റെ റസൂൽ വിലക്കുകയോ ചെയ്ത ഒരു കാര്യ വും മറ്റുള്ളവർക്ക് വേണ്ടിയും ചെയ്യ രുത്. ഒരാൾ പന്നിമാംസം സ്വയം തീറ്റിപ്പിക്കുന്നുണ്ടെങ്കിൽ ഇത് അനു സരണക്കേടാണ്, തെറ്റായ നടപടി യാണ്. മദ്യപിക്കുന്നില്ലെങ്കിലും മറ്റു ള്ളവരെ അവൻ കുടിപ്പിക്കുന്നു ണ്ടെങ്കിൽ ഇതും പാപമാണ്. തിരു നബി(സ) മദ്യം കുടിപ്പിക്കുന്നവന്റെ മേലും ശാപം ചൊരിഞ്ഞിട്ടുണ്ട്. നോമ്പിന്റെ അവസ്ഥയിൽ പാലി ക്കേണ്ട നിർദ്ദേശങ്ങൾക്കനുസരണ മായി ജീവിക്കുമ്പോഴാണ് യഥാർ ത്ഥ അർത്ഥത്തിൽ നോമ്പ് നമുക്ക് പരിചയയായിത്തീരുന്നതും നാം തഖ്‌വയുള്ളവരായിത്തീരുന്നതും. അപ്പോഴാണ് ഈ പരിച ഉപയോഗി ക്കുവാനുള്ള പരിശീലനം ശരിക്കും അവന് ലഭിക്കുകയുള്ളൂ. ഇങ്ങിനെ യല്ലെങ്കിൽ നോമ്പ് കൊണ്ട് പ്രയോ ജനമൊട്ടും ലഭിക്കില്ല. നാം ആത്മ വഞ്ചന നടത്തുന്നതോടൊപ്പം അ ല്ലാഹുവിനെയും വഞ്ചിക്കലായി രിക്കും.

തിരുനബി(സ) അരുളി: **എല്ലാ നിബന്ധനകളോടും കൂടി വ്രതമനു ഷ്ഠിക്കുന്നില്ലെങ്കിൽ അല്ലാഹു കൽപ്പിച്ചിരിക്കുന്ന അനുഷ്ഠാന**

**ങ്ങൾ നിങ്ങൾ ചെയ്യുന്നുമില്ലെങ്കിൽ നിങ്ങൾ പട്ടിണികിടക്കുന്നതിന്റെ ഒരാവശ്യവും അല്ലാഹുവിനില്ല.**

അതുകൊണ്ട് അല്ലാഹുവിന്റെ എല്ലാ കൽപനകളും നിരോധനകളും മുമ്പിൽ വെച്ച് കൊണ്ട് ജീവിതം നയിക്കുവാനുള്ള പരിശീലനം ഈ മാസം നാം പരിശീലിക്കേണ്ടതുണ്ട്. ഇതുമൂലം അവൻ കൽപിച്ച പ്രവർത്തനങ്ങൾ ചെയ്തുകൊണ്ട് നാം അവന്റെ പ്രിയപ്പെട്ടവരായിത്തീരുന്നതാണ്. അങ്ങനെയാണെങ്കിൽ എപ്പോഴും അവൻ നമ്മുടെ പരിചയായിത്തീരുന്നതുമാണ്. ശത്രുക്കളുടെ സർവ്വവിധ അക്രമണങ്ങളിൽ നിന്നും തന്റെ വരിഷ്ഠ ദാസരെ സംരക്ഷിക്കുന്നതാണ്. അല്ലാഹു ഈ റമദാൻ മാസത്തിൽ നമ്മോട് ആവശ്യപ്പെടുന്നത് നിങ്ങൾ എന്റെ പ്രീതിക്കുവേണ്ടി തിന്മകളിൽ നിന്ന് രക്ഷപ്പെട്ടാൽ മാത്രം പോരെന്നും നിങ്ങളുടെ കാതിനെയും കണ്ണിനെയും കൈകളെയും വളരെ നിസ്സാരമായ തിന്മകളിൽ നിന്ന് പോലും സംരക്ഷിക്കുന്നതിനുള്ള കഠിന പ്രയത്നം നിങ്ങൾ ചെയ്യണം എന്നുമാണ്. ഇതിന്റെ സംരക്ഷണത്തിനായി കഠിന പ്രയത്നം അനിവാര്യം തന്നെയാണ്. അതോടൊപ്പം അനുവദനീയമായ കാര്യങ്ങളിൽ നിന്നും ഈ മാസം വിട്ടു നിൽക്കേണ്ടതാണ്. നിങ്ങളുടെ ഉള്ളിൽ ക്ഷമയുടെയും സഹനത്തിന്റെയും ധാർമ്മിക ഗുണം ഉണ്ടാകുന്ന രീതിയിലുള്ള ഒരു ജിഹാദ് തന്നെ നിങ്ങൾക്ക് ചെയ്യേണ്ടതായി വരും. തന്മൂലം നിങ്ങളുടെ ജീവിതത്തിൽ അച്ചടക്കം ഉണ്ടായിത്തീരും. ഈ 'മുജാഹദ'(കഠിന പ്രയത്നം) നിങ്ങളുടെ ആത്മീയ അവസ്ഥയെ ശക്തിപ്പെടുത്തുന്തനിന് നിദാനമായിത്തീരുന്നതാണ്. ഇത് ദൈവ സാമീപ്യം കരഗതമാകുന്നതിനും ദുആ സ്വീകാര്യതക്കും കാരണമായിത്തീരുന്നതാണ്. തുടർന്നുള്ള ആയത്തുകളിൽ ഈ വസ്തുതയാണ് അല്ലാഹു വിവരിച്ചിട്ടുള്ളത്.

അല്ലാഹു നോമ്പിന്റെ കൽപനയും അതിന്റെ വിശദീകരണവും നൽകിയതിന് ശേഷം പറയുന്നത് 'ഇന്നീ കരീബ് ' എന്ന പ്രഖ്യാപനമാണ്. നിങ്ങൾ റമദാൻ മാസത്തിൽ എന്റെ സാമീപ്യം കരഗതമാക്കുവാനായി പ്രയത്നിച്ചതു കാരണം അതിന്റെ പ്രതിഫലം ഞാൻ തന്നെയാകുന്നു. ആ പ്രതിഫലം നൽകുന്നതിന് ഞാനിതാ നിങ്ങളുടെ വളരെ സമീപത്ത് വന്നിരിക്കുന്നു. 'എന്റെ ദാസർ എന്നെ പ്രാപിക്കാൻ കഠിന പ്രയത്നം ചെയ്യുന്നതായാൽ തീർച്ചയായും നാം അവർക്ക് നമ്മുടെ മാർഗ്ഗം കാണിച്ചുകൊടുക്കും.' എന്ന് നിർദ്ദേശമനുസരിച്ച് പ്രയത്നിച്ചാൽ അല്ലാഹു അവർക്ക് തന്നിലേക്ക് വരാനുള്ള മാർഗ്ഗം കാണിച്ചുകൊടുക്കുക മാത്രമല്ല ചെയ്യുക, അവരെ തന്നിലേക്ക് അടുപ്പിക്കാൻ അവൻ സ്വയം ദാസന്റെ സമീപത്തെത്തുകയും ചെയ്യുന്നതാണ്.

ഒരിക്കൽ ഒരു സ്ത്രീ എല്ലാം മറന്നുകൊണ്ട് യുദ്ധമൈതാനത്ത് ഓടി നടക്കുന്നതായി കണ്ടു. ഏതൊരു കുട്ടിയെ കണ്ടാലും അതിനെ എടുത്ത് ആ സ്ത്രീ ഉമ്മ വെക്കുകയും എന്നിട്ട് നിലത്ത് വെക്കുകയും ചെയ്യും. തിരുനബി (സ)യും സ്വഹാബത്തും ഈ ദൃശ്യം കാണുന്നുണ്ടായിരുന്നു. യഥാർത്ഥത്തിൽ തന്റെ കാണാതായ കുഞ്ഞിനെ അന്വേഷിക്കുന്ന വെപ്രാളത്തിലായിരുന്നു ആ സ്ത്രീ. അവസാനം തന്റെ കുട്ടിയെ മാറോട് ചേർത്ത് പിടിച്ച് അതിനെ തുരുതുരാ ചുംബിച്ച് സ്വസ്ഥമായി ഒരു സ്ഥലത്ത് ഇരിപ്പായി. തിരുനബി(സ) ഈ കാഴ്ച കണ്ടു കൊണ്ട് തന്റെ സ്വഹാബത്തിനോട് പറഞ്ഞു. ആ സ്ത്രീ എല്ലാ അപകടങ്ങളെയും തൃണവൽഗണിച്ചുകൊണ്ട് അസ്വസ്ഥതയോടെ തന്റെ കുഞ്ഞിനെ തെരയുന്നത് നിങ്ങൾ കണ്ടില്ലേ. കാരണം യുദ്ധമൈതാനത്തായിരുന്നു അവർ തന്റെ കുട്ടിയെ തെരഞ്ഞിരുന്നത്. എന്നാൽ കുട്ടിയെ കിട്ടിയപ്പോൾ അവർ സന്തോഷാശ്രുക്കൽ പൊഴിച്ചു കൊണ്ട് ഒരു സ്ഥലത്ത് സ്വസ്ഥതയോടെ ഇരിക്കുന്നു. തന്റെ ദാസർ തന്നിലേക്ക് വരുമ്പോഴും അവർ നന്മയുടെ മാർഗ്ഗം അവലംബിക്കുമ്പോഴും അല്ലാഹു ഈ മാതാവിനേക്കാളും സന്തുഷ്ഠനായിത്തീരുന്നു.

നമ്മുടെ ദൈവം ഇത്രമാത്രം സ്നേഹിക്കുന്ന ദൈവമായതുകൊണ്ട് അവനിലേക്ക് അടുക്കാൻ നമുക്ക് എന്തുകൊണ്ട് അവന്റെ കൽപനകളനുസരിച്ച് പ്രവർത്തിച്ചുകൂടാ?. ഒരു മാതാവ് ഒരു കുട്ടിയുടെ താൽക്കാലിക ആവശ്യങ്ങൾ മാത്രമേ നിറവേറ്റികൊടുക്കുന്നുള്ളൂ. അതും അവരുടെ കഴിവനുസരിച്ച് മാത്രം. എന്നാൽ സർവ്വലോക പരിപാലകനും ആകാശഭൂമിയുടെ അധിപനും പ്രപഞ്ച സകലത്തിന്റെയും സ്രഷ്ടാവും അതിരറ്റ കഴിവുകളുടെ ഉടമസ്ഥനുമായ നമ്മുടെ ദൈവം തന്റെ ദാസനിൽ സംതൃപ്തനായി അവനെ തന്നോട് ചേർക്കുമ്പോൾ ആ ദാസന് വേണ്ടി അവൻ എന്തെന്തെല്ലാം ചെയ്യുന്നതാണ്.

ചുരുക്കത്തിൽ ഈ വ്രതം അല്ലാഹുവിന്റെ സാമീപ്യം കരഗതമാക്കുവാനുള്ള മാർഗ്ഗമാണ്. ദുആ സ്വീകാര്യതയുടെ മാർഗ്ഗമാണ്. അതുകൊണ്ട് കരഞ്ഞും വിലപിച്ചും കൊണ്ട് ഈ ദിനങ്ങളിൽ നാം നമ്മുടെ റബ്ബിനോട് തേടിക്കൊണ്ടിരിക്കുക.

❏

ലേഖനം

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്)

# മതനിന്ദയോടുള്ള ഇസ്‌ലാമിക പ്രതികരണം

**ദൈവത്തെയോ പ്രവാചകന്മാരെയോ മറ്റേത് മതസ്ഥരുടെ ആരാധനാ മൂർത്തികളെയോ നിന്ദിക്കുന്നത് അങ്ങേയറ്റം അപലപനീയമാണെന്ന് ഖുർആൻ പറയുന്നു. പക്ഷേ, മതനിന്ദക്ക് ഖുർആൻ യാതൊരുവിധ ഭൗതിക ശിക്ഷയും ശുപാർശ ചെയ്തിട്ടില്ല എന്നതാണ് വാസ്തവം**

മറ്റേതൊരു മതത്തേക്കാളും മതസ്വാതന്ത്ര്യമനുവദിക്കുന്ന വിഷയത്തിൽ ഇസ്‌ലാം ഒരു പിടിമുന്നിലാണ്. ധാർമ്മികവും നൈതികവുമായ അടിസ്ഥാനത്തിൽ മതനിന്ദ അപലനീയമായണെന്നതിൽ സംശയമില്ല. പക്ഷേ, ലോകം കരുതുന്നത് പോലെ മതനിന്ദക്ക് ഇസ്‌ലാമിൽ യാതൊരു ഭൗതിക ശിക്ഷയുമില്ല.

വിശുദ്ധ ഖുർആൻ അഗാത ശ്രദ്ധയോടെ വിശദമായും ആവർത്തിച്ചും ഞാൻ പഠനവിധേയമാക്കി. എന്നാൽ മതനിന്ദ മനുഷ്യകരങ്ങളാൽ ശിക്ഷിക്കാവുന്ന ഒരു കുറ്റമാണെന്ന് പ്രഖ്യാപിക്കുന്ന ഒരു വചനം പോലും കണ്ടെത്താൻ എനിക്ക് സാധ്യമായില്ല. നിന്ദാകരമായ പ്രവർത്തി ചെയ്യുന്നതും നിന്ദാകരമായ വാക്ക് ഉച്ചരിക്കുന്നതും വിശുദ്ധ ഖുർആൻ അതിശക്തമായി നിരുത്സാഹപ്പെടുത്തുന്നു. യുക്തിന്യായത്തോടുക്കൂടിയായാലും അവ കൂടാതെയായാലും ശരി അന്യരുടെ ഭാവുകത്വത്തെ വ്രണപ്പെടുത്തുന്ന വിഷയത്തിലും ഖുർആന്റെ നിലപാട് ഇത് തന്നെയാണ് എങ്കിലും ഇസ്‌ലാം ഒരിക്കലും മതനിന്ദക്ക് ഈ ലോകത്ത് ശിക്ഷ ശുപാർശ ചെയ്തിട്ടില്ല. ഇങ്ങനെ ശിക്ഷ നടപ്പാക്കാൻ ഇസ്‌ലാം ആർക്കും അധികാരം നൽകിയിട്ടുമില്ല. ഖുർആനിൽ അഞ്ച് തവണ മത നിന്ദയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്.

1. ഈ വിഷയം പൊതുവായി പ്രതിപാദിക്കുന്ന ഖുർആനിക വചനമിതാണ്

***'അല്ലാഹുവിന്റെ വചനങ്ങളെ സംബന്ധിച്ച് നിഷേധം പ്രകടിപ്പിക്കുന്നതായും അത് പരിഹസിക്കപ്പെടുന്നതായും നിങ്ങൾ കേൾക്കുന്നതായാൽ അവർ അതല്ലാത്ത മറ്റൊരു വിഷയത്തിൽ ഏർപ്പെടുന്നത് വരെ നിങ്ങൾ അവരോടൊപ്പം ഇരിക്കരുത് എന്ന് അല്ലാഹു ഈ ഗ്രന്ഥത്തിൽ (വിധി) ഇറക്കിയിട്ടുണ്ട്. അങ്ങനെയായാൽ തീർച്ചയായും നിങ്ങളും അവരെപ്പോലെ തന്നെയായിരിക്കും (ഗണിക്കപ്പെടുന്നത്) അല്ലാഹു കപടവിശ്വാസികളെയും അവിശ്വാസികളെയും നരകത്തിൽ ഒന്നായി ഒരുമിച്ചുക്കൂട്ടുക തന്നെ ചെയ്യും.' (4:141)***

***'നമ്മുടെ ദൃഷ്ടാന്തങ്ങളെ സംബന്ധിച്ച് (വിമർശിച്ചു കൊണ്ട്) വ്യർത്ഥഭാഷണം നടത്തുന്നവരെ നീ കണ്ടാൽ അവർ മറ്റൊരു വർത്തമാനത്തിൽ പ്രവേശിക്കുന്നത് വരെ നീ അവരിൽ നിന്നും മാറിനില്ക്കുക. പിശാച് വല്ലപ്പോഴും നിനക്ക് മറവി വരുത്തുന്നതായാൽ ഓർമയായതിന് ശേഷം അധർമകാരികളോടൊപ്പം ഇരിക്കരുത്'(6:69).***

ജുഗ്പാസവഹമായ മതനിന്ദയോടു എന്തൊരു സുന്ദരമായ പ്രതികരണം! മതനിന്ദകനെ മനുഷ്യകരങ്ങൾകൊണ്ട് ശിക്ഷിക്കാൻ ഇസ്‌ലാം ആരെയും അനുവദിക്കുന്നില്ല. ഇസ്‌ലാം ചെയ്യാൻ പറഞ്ഞത് ഇത്രമാത്രമാണ്. അതായത് മതമൂല്യങ്ങൾ പരിഹസിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്യുന്ന സദസ്സിൽ നിന്നും ഒരു ഇറങ്ങിപ്പോക്ക് നടത്തുക. അത്രമാത്രം. ക്രിയാത്മകമായ ഈ നിർദ്ദേശം വെക്കുന്നതോടൊപ്പം മതനിന്ദകനെ കാലാകാലത്തേക്കും ബോയ്ക്കോട്ട് ചെയ്യണം എന്ന് ഖുർആൻ ഉപദേശിക്കുന്നില്ല. മറിച്ച് മതനിന്ദ എന്ന പ്രവർത്തി അനുവർത്തിക്കുന്നേടത്തോളം സമയത്തേക്കാണ് മതനിന്ദകനെ ബഹിഷ്കരിക്കാൻ വ്യക്തമായും പറഞ്ഞത്.

2. 'അൽ അനാം' എന്ന അദ്ധ്യായത്തിൽ മതനിന്ദാവിഷയം വീണ്ടും സാങ്കല്പികമായി ചർച്ച ചെയ്യുന്നുണ്ട്. ഈ വചനത്തിൽ ദൈവത്തെക്കുറിച്ച് മാത്രമുള്ള മതനിന്ദയെ സംബന്ധിച്ചല്ല ചർച്ച ചെയ്യപ്പെടുന്നത്. മറിച്ച് ദൈവമല്ലാത്തതും ആരാധിക്കപ്പെടുന്നതുമായ വിഗ്രഹങ്ങളെയും സാങ്കല്പിക മൂർത്തികളെയും കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് മതനിന്ദയെക്കുറിച്ച് ചർച്ച ചെയ്യുന്നത്.

***'അല്ലാഹുവിനു പുറമെ അവർ മറ്റാരെ വിളിച്ചു പ്രാർത്ഥിക്കുന്നുവോ അവരെ നിങ്ങൾ ശകാരിക്കരുത്. അപ്പോൾ ശത്രുത നിമിത്തം അവർ അറിവില്ലാതെ***

***അല്ലാഹുവിനെ ശകാരിച്ചേക്കും. ഇപ്രകാരം എല്ലാ ഓരോ സമുദായത്തിനും അവരുടെ പ്രവർത്തനത്തെ നാം അലങ്കാരമാക്കി കാണിച്ചുകൊടുത്തു. പിന്നീട് അവന്റെ നാഥന്റെയടുക്കലേക്കാണ് അവരുടെ മടക്കം. അപ്പോൾ അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെ സംബന്ധിച്ച് അവർക്ക് അവർ വിവരം നൽകുന്നതാണ്. ' (6:109)***

മുസ്‌ലിംകളെയാണ് ഈ വചനത്തിൽ അഭിസംബോധന ചെയ്യുന്നത്. വിഗ്രഹാരാധകരുടെ ബിംബങ്ങളേയോ സാങ്കല്പിക മൂർത്തികളെയോ നിന്ദിച്ചു സംസാരിക്കരുതെന്ന് മുസ്‌ലിംകളോട് വളരെ കർശനമായി വിലക്കിയിരിക്കുന്നു. ഒരാൾ മറ്റൊരാളുടെ ബിംബാരാധനയെ നിന്ദിക്കുകയാണെങ്കിൽ ദൈവവും നിന്ദിക്കപ്പെടും. ദൈവത്തിനും വിഗ്രഹങ്ങൾക്കുമെതിരെയുള്ള നിന്ദക്ക് തുല്യപ്രാധാന്യമാണ് ഖുർആനിലെ ഈ സാങ്കല്പിക ചർച്ചയിൽ നൽകിയിട്ടുള്ളത്. ഈ വിഷയത്തിൽ യാതൊരു ഭൗതിക ശിക്ഷയും പറഞ്ഞിട്ടില്ല.

അഗാധമായ വിവേകജ്ഞാനമാണ് ഈ വചനത്തിലെ ധാർമ്മിക ഗുണപാഠത്തിൽ നിറഞ്ഞുനിൽക്കുന്നത്. ഒരാളുടെ ആത്മീയമായ ഭാവുകത്വത്തെ വ്രണപ്പെടുത്തുന്ന വിധം അപരൻ ഒരു കുറ്റകൃത്യം നടത്തുകയാണെങ്കിൽ വ്രണിത ചിത്തനായ അയാൾക്ക് തിരിച്ചും അതേ നാണയത്തിൽ പ്രതികരിക്കാൻ അവകാശമുണ്ട്. അത്, ആദ്യം കുറ്റം ചെയ്തയയാളുടെ വിശ്വാസത്തെ കണക്കിലെടുക്കാതെയും അത് തെറ്റോ ശരിയോ എന്ന് പരിഗണിക്കാതെയുമായിരിക്കും. ഇതല്ലാതെ മറ്റൊരു വിധത്തിലും പ്രതികരിക്കാൻ ഇവിടെ അനുവാദം നൽകപ്പെട്ടിട്ടില്ല. ഇതിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്. ഭൗതികമായ കുറ്റങ്ങൾക്ക് അതിരു കടക്കാത്തവിധം ഭൗതികമായ ഉപാധികളിലൂടെ പ്രതികാരം ചെയ്യുന്നതുപോലെ ആത്മീയ കുറ്റങ്ങൾക്ക് ആത്മീയമായ ഉപാധിയിലൂടെയാണ് പ്രതികാരം ചെയ്യപ്പെടുക.

**3.** ഹദ്റത്ത് മർയമിനേയും (റഹ്) യേശു (അ) വിനെയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള മതനിന്ദയെക്കുറിച്ച് ഖുർആൻ പരാമർശിക്കുന്നു.

***'അവരുടെ അവിശ്വാസവും മർയമിന്റെ പേരിൽ ഗുരുതരമായ അപവാദം ആരോപിക്കുന്ന കാരണത്താലും' (4:157)***

ഈ വചനം യേശുവിന്റെ (അ) കാലത്തുള്ള യഹൂദികൾ സ്വീകരിക്കിരുന്ന നിലപാടിനെ പരാമർശിക്കുകയാണ്. ഈ വചനപ്രകാരം യേശു (അ) വിന്റെ ജനനത്തെ പ്രതി മാതാവായ ഹദ്റത്ത് മർയമിനെ (റ) ചാരിത്രഹീനയാണെന്ന് പ്രഖ്യാപിച്ചുകൊണ്ടു യഹൂദർ ഗുരുതരമായ മതനിന്ദയാണ് നടത്തിയിരിക്കുന്നത്.

**'ബുഹ്താനൻ അളീമ:'** എന്ന അറബി പദം 'ഗുരുതരമായ അപവാദം' എന്ന് വിവർത്തനം ചെയ്യാവുന്നതാണ്. ജൂതന്മാരുടെ ഭാഗത്ത് നിന്നുള്ള ഈ ജുഗുപ്സാവഹമായ വാക്കിനെ ശക്തമായി അപലപിക്കാനാണ് ഈ പദം ഖുർആൻ ഉപയോഗിച്ചത്. വിസ്മയകരമെന്ന് പറയട്ടെ. അവർക്ക് യാതൊരുവിധ ഭൗതിക ശിക്ഷയും ശുപാർശ ചെയ്യപ്പെട്ടിട്ടില്ല.

**4)** ഹദ്റത്ത് മർയമി (റ) നെതിരേയും യേശു (അ) വിനെതിരെയും മതനിന്ദ നടത്തിയതിന്റെ പേരിൽ ഖുർആൻ യഹൂദികളെ അപലപിക്കുന്നു. അതേസമയം ദൈവത്തിന് മനുഷ്യസ്ത്രീയിൽ ഒരു പുത്രനുണ്ടായി എന്ന് പറഞ്ഞുകൊണ്ട് ക്രിസ്ത്യാനികൾ ദൈവത്തിനെതിരെ മതനിന്ദ നടത്തുന്നു എന്ന കാര്യവും കൗതുകകരമാണ്. ദൈവത്തിനെതിരെയുള്ള ഈ ആരോപണം അങ്ങേയറ്റം അതിരു കടന്നതാണെന്ന് ഖുർആൻ പ്രഖ്യാപിക്കുന്നു.

എന്നിട്ടും ദൈവത്തിനെതിരെയുള്ള നിന്ദക്ക് യാതൊരുവിധ ഭൗതികശിക്ഷയും പ്രഖ്യാപിക്കുകയോ മനുഷ്യനിർമ്മിതമായ ഒരു അധികൃത സ്ഥാപനത്തേയും ശിക്ഷ നടപ്പാക്കാൻ ചുമതലപ്പെടുത്തുകയോ ചെയ്തിട്ടില്ല.

***'അവർക്കോ അവരുടെ പിതാക്കൾക്കോ അത് സംബന്ധിച്ച് ഒരറിവുമില്ല. അവരുടെ വായകളിൽ നിന്ന് പുറപ്പെടുന്ന വാക്ക് ഗുരുതരമായതാണ്. കള്ളമല്ലാത്ത അവർ പറയുന്നില്ല. (18:6)'***

**5)** അവസാനമായി വികാര വിക്ഷുബ്ധമായ ഒരു മേഖലയിലേക്ക് ഞാൻ പ്രവേശിക്കട്ടെ. ഇസ്‌ലാംമത സ്ഥാപകരായ മുഹമ്മദ് നബി (സ) യെ പറ്റിയുള്ള മതനിന്ദക്കെതിരെ ഇക്കാലത്തെ മുസ്‌ലിംകളുടെ അതീവ വികാര സാന്ദ്രമായ നിലപാടാണ് ഞാൻ സൂചിപ്പിക്കുന്നത്. അത് മറ്റെന്തിനേക്കാളും വലിയ മതനിന്ദയായി അവർ കരുതുന്നു. ദൈവത്തിനെതിരായ നിന്ദപോലും അതിന് മുമ്പിൽ ചെറുതാണ്!

അതീവ ഗുരുതരമായ മറ്റൊരു മതനിന്ദയുടെ കാര്യം ഖുർആൻ രേഖപ്പെടുത്തുന്നു. കപടവിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹിബ്നു ഉബ്ബയ്യ ഇബ്നു സുലൂലിൽ നടത്തിയ ഗുരുതരമായ മതനിന്ദയെക്കുറിച്ച് ഖുർആൻ തന്നെ രേഖപ്പെടുത്തുന്നു.

ഒരിക്കൽ ഒരു ദൗത്യത്തിൽ പങ്കെടുത്ത് മദീനയിലേക്ക് മടങ്ങുന്ന അവസരത്തിൽ മറ്റുള്ളവരുടെ കൂടെ നിന്നുകൊണ്ട് അബ്ദുല്ലാഹ്ബിനു ഉബ്ബയ്യ ഇങ്ങിനെപ്രഖ്യാപിച്ചു: ***'ഏറ്റവും വന്ദ്യനായ ആൾ മദീനയിലെ ഏറ്റവും നിന്ദ്യനായ ആളെ ബഹിഷ്കരിക്കുന്നതാണ്.'*** വിശുദ്ധ ഖുർആൻ അത് സംബന്ധിച്ച് പറ

യുന്നു.

***'നാം മദീനയിലേക്ക് തിരിച്ചു ചെന്നാൽ ഏറ്റവും ബഹുമാന്യനായ ഒരാൾ ഏറ്റവും നിന്ദ്യനായ ഒരാളെ അവിടെ നിന്ന് പുറത്താക്കുക തന്നെ ചെയ്യുമെന്ന് അവർ പറയുന്നു. എന്നാൽ യഥാർത്ഥ ബഹുമതി അല്ലാഹുവിനും അവന്റെ ദൂതനും സത്യവിശ്വാസികൾക്കുമുള്ളതത്രെ. പക്ഷേ കപട വിശ്വാസികൾ അതറിയുന്നില്ല. (63:9)***

അബ്ദുല്ലഹിബ്നു സുലൂലിന്റെ വാക്കുകളിൽ ഉള്ളടങ്ങിയിട്ടുള്ള റസൂൽ തിരുമേനി (സ) യെക്കുറിച്ചുള്ള നിഗൂഢമായ നിന്ദയെ സംബന്ധിച്ച് എല്ലാവർക്കും മനസ്സിലായി. ഇത് കേട്ടപ്പോൾ അവർ ധാർമ്മിക രോഷത്താൽ പ്രക്ഷുബ്ധരായി. എത്രത്തോളമെന്നാൽ, അനുവദിക്കുകയാണെങ്കിൽ അബ്ദുല്ലാഹിബ്നു ഉബൈയ്യയെ വാളിനിരയാക്കണമെന്ന് അവർ രോഷത്തോടെ പറഞ്ഞു.

ഈ സംഭവത്തെ തുടർന്ന് റസൂൽതിരുമേനി (സ) യുടെ അനുചരന്മാരുടെ വികാരവിക്ഷോഭം അതിന്റെ മൂർദ്ധന്യദശ പ്രാപിച്ചതായി ആധികാരികമായി നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. അതായത് വികാരം അത്യുഗ്രമായി ജ്വലിച്ചു നിന്ന വ്യക്തി മറ്റാരുമായിരുന്നില്ല. അബ്ദുല്ലാഹിബ്നു ഉബയ്യിന്റെ സ്വന്തം പുത്രൻ തന്നെയായിരുന്നു. അദ്ദേഹം റസൂൽ തിരുമേനി (സ) യെ സമീപിച്ച് സ്വന്തം പിതാവിനെ വധിക്കാൻ തന്നെ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി. മറ്റാരെങ്കിലും ആ കൃത്യം നിർവ്വഹിക്കുകയാണെങ്കിൽ പിന്നീട് അജ്ഞത കാരണം തന്റെ പിതൃഘാതകന്റെ നേരെ എനിക്ക് പ്രതികാര ചിന്ത ഉദിച്ചേക്കാം എന്നായിരുന്നു ആ മകൻ വാദിച്ചത്. അടുത്ത ബന്ധുക്കളെ സംബന്ധിച്ച ചെറിയ അപമാനങ്ങൾക്ക് പോലും നൂറ്റാണ്ടുകളോളം പകവെച്ചു പുലർത്തിയ ഒരു പാരമ്പര്യമായിരുന്നു അറബികളുടേത്. ഒരു പക്ഷേ ഈ പാരമ്പര്യത്തെപറ്റിയുള്ള ചിന്തയായിരിക്കും അപ്പോൾ ആ പുത്രന്റെ മനസ്സിലുണ്ടായിരുന്നത്. പക്ഷേ, റസൂൽ തിരുമേനി (സ) ആ പുത്രന്റെ അപേക്ഷ നിരസിക്കുകയും അബ്ദുല്ലാഹിബ്നു ഉബ്ബൈയ്യയെ യാതൊരുവിധത്തിലും ശിക്ഷിക്കാൻ തന്റെ അനുയായികളിലാരേയും അനുവദിച്ചതുമില്ല. (ഇബ്നു ഇശ്ഹാഖ് നിവേദനം - അൽസീറത്തുന്നബവിയ്യ - ഇബ്നു ഹാശിം ഭാഗം 3 പേ 155)

മദീനയിലേക്ക് വന്നതിനു ശേഷം അബ്ദുല്ലാഹിബ്നു ഉബ്ബൈയ്യ വളരെ സമാധാനപരമായി ജീവിച്ചു. തീർച്ചയായും അദ്ദേഹം സാധാരണ നിലയിൽ മരിക്കുകയും ചെയ്തു. റസൂൽ തിരുമേനി (സ) അബ്ദുല്ലാഹിബ്നു ഉബ്ബൈയിന്റെ മൃതശരീരം പുതപ്പിക്കാൻ തന്റെ സ്വന്തം കുപ്പായം അദ്ദേഹത്തിന്റെ മകന് നൽകുകയുണ്ടായി. അനുഗ്രഹത്തിനായിട്ടായിരുന്നു റസൂൽ തിരുമേനി(സ)യുടെഈ പ്രവർത്തി. മറ്റു അനുചരന്മാർ അവരുടെ പക്കലുള്ളതെല്ലാം നൽകി റസൂൽതിരുമേനി(സ)യുടെ ആ വസ്ത്രം അദ്ദേഹത്തിൽ സ്വന്തമാക്കാൻ ആഗ്രഹിച്ചിരുന്നിരിക്കണം. അത് മാത്രമല്ല. റസൂൽ തിരുമേനി (സ) അദ്ദേഹത്തിന്റെ ജനാസ നമസ്കാരത്തിന് നേതൃത്വം നൽകി. ഈ തീരുമാനം റസൂൽ തിരുമേനി യുടെ (സ) പല അനുചരന്മാരെയും വല്ലാതെ അസ്വസ്ഥമാക്കി. നേരത്തെ പറഞ്ഞ ഗുരുതരമായ കുറ്റം കാരണം അവർ ഒരിക്കലും അബ്ദുല്ലാഹിബ്നു ഉബൈയ്യക്ക് മാപ്പുകൊടുക്കാൻ തയ്യാറല്ലായിരുന്നു. പിന്നീട് രണ്ടാം ഖലീഫയായ ഉമറുബ്നു ഖത്താബിന് ഇത് സഹിക്കാനായില്ല. അദ്ദേഹം ഇതിനെതിരെ റസൂൽ തിരുമേനി (സ) യോടു തുറന്ന് പറഞ്ഞു.

ആ സംഭവം ഇപ്രകാരം നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. റസൂൽ തിരുമേനി (സ) ജനാസ നമസ്കാരത്തിനായി വരികയായിരുന്നു. പെട്ടെന്ന് ഉമർ മുന്നോട്ടു വന്ന് റസൂൽ തിരുമേനി (സ) യോട് തന്റെ തീരുമാനം മാറ്റുവാൻ യാചിച്ചു. പ്രവാചകൻ പോലും 70 തവണ മാപ്പിന്നായി ശുപാർശ ഇരന്നാലും അറിയപ്പെട്ട ചില കപടവിശ്വാസികൾക്ക് വേണ്ടിയുള്ള ശുപാർശ സ്വീകരിക്കപ്പെട്ടുകയില്ല എന്ന ഖുർആൻ വചനം റസൂൽതിരുമേനി (സ)യെ ഓർമ്മിപ്പിച്ചു. ആനുഷംഗികമായി പറയട്ടെ 'എഴുപത്' എന്ന സംഖ്യ അക്ഷരാർത്ഥത്തിലെടുക്കേണ്ടതില്ല. അത് 'വളരെ കൂടുതൽ' എന്ന അർത്ഥത്തിലായിരുന്നു ഉപയോഗിച്ചിരുന്നത്.

ഏതായാലും റസൂൽ തിരുമേനി (സ) മന്ദസ്മിതം പൊഴിച്ചുകൊണ്ട് പ്രതിവചിച്ചു: ***'ഉമറേ, മാറിനില്ക്കൂ. എനിക്ക് നന്നായി കാര്യങ്ങൾ അറിയാം. എഴുപത് വട്ടം അദ്ദേഹത്തിന് വേണ്ടി മാപ്പിരന്നാലും ദൈവം അദ്ദേഹത്തിന് പൊറുത്ത് കൊടുക്കുന്നില്ലെങ്കിൽ ഞാൻ അദ്ദേഹത്തിനു വേണ്ടി എഴുപതിലധികം തവണ - മാപ്പിരക്കുന്നതാണ്.'*** പിന്നീട് റസൂൽ തിരുമേനി (സ) ജനാസ നമസ്കാരത്തിന് നേതൃത്വം നൽകുകയുണ്ടായി. (ബുഖാരി - 2 കിതാബ് അൽ ജനാ യിസ് പേ. 121, അതേ പുസ്തകം ബാബ് കഫ്ൻ പേ 96-97)

ഇസ്‌ലാം മതസ്ഥാപകനായ റസൂൽ തിരുമേനി (സ) യെ നിന്ദിക്കുന്നവർക്ക് മരണ ശിക്ഷ നൽകണമെന്ന് മുറവിളി കൂട്ടുന്നവർക്കുള്ള ഉചിതമായ മറുപടിയാണിത്.

***(Islam's Response to Contemporary Issues*** *എന്ന പുസ്തകത്തിൽ നിന്ന്)*

❐

മഹ്മൂദ്, കൽക്കുളം

ലേഖനം

# വിശുദ്ധ റമദാൻ - ഒരാത്മീയ വസന്തം

**നിരവധി പുണ്യങ്ങൾ നിറഞ്ഞ റമദാൻ മാസം ആഗതമായി. ആത്മവിശുദ്ധി നേടാൻ എല്ലാ മാർഗ്ഗങ്ങളും വിശ്വാസികൾ റമദാനിൽ ഉപയോഗപ്പെടുത്തുന്നു.**

വ്രതം ഇസ്‌ലാമിലെ ഒരു നിർബന്ധ അനുഷ്ഠാന കർമ്മമാകുന്നു. വിട്ടുനിൽക്കുക, ഉപേക്ഷിക്കുക, ക്ഷമിക്കുക, സ്ഥിരചിത്തത കൈക്കൊള്ളുക തുടങ്ങിയ അർത്ഥങ്ങളിൽ ഭാഷാന്തരം ചെയ്യാവുന്ന 'സൗം' എന്ന പദമാണ് വ്രതത്തിന് വേണ്ടി പ്രയുക്തമായിരിക്കുന്നത്. പ്രഭാതം മുതൽ പ്രദോഷം വരെ അന്നപാനാദികളെല്ലാം പരിവർജ്ജിച്ചുകൊണ്ട് ദൈവസ്മരണ സജീവമായി നിലനിറുത്തുക എന്നതാണ് വ്രതാനുഷ്ഠാനത്തിന്റെ അന്തഃസാരം. തന്മൂലം സകല തിന്മകളിൽ നിന്നും വിട്ടൊഴിയാനും ശണ്ഠകളിൽ നിന്നും വാഗ്വാദങ്ങളിൽ നിന്നും അകന്നുനിൽക്കാനും നോമ്പുകാരൻ നിർബന്ധിതനായിത്തീരുന്നു. ഹദ് റത്ത് നബി(സ) തീരുമേനി ഇപ്രകാരം അരുളി: *"നോമ്പ് പരിചയാകുന്നു. അതിനാൽ നിങ്ങളിലാരെങ്കിലും നോമ്പിലാണെങ്കിൽ അയാൾ അനാവശ്യം പറയുകയോ ബഹളമുണ്ടാക്കുകയോ ചീത്ത പറയുക യോ ചെയ്യരുത് അഥവാ ആരെങ്കിലും വഴക്കിനു വന്നാൽ ഞാൻ നോമ്പുകാരനാണെന്ന് അയാൾ പറയട്ടെ" (ബുഹാരി). "ആരാണോ കള്ളം പറയുന്നതിൽ നിന്നും അത് പ്രവർത്തിക്കുന്നതിൽ നിന്നും പി ന്മാറാത്തത് അവൻ വിശപ്പും ദാഹ വും സഹിക്കുന്നതിൽ അല്ലാഹു വിന് യാതൊരു കാര്യവുമില്ല."* (ബുഖാരി). ദൈവസംപ്രാപ്തിക്കനിവാര്യ നിബന്ധനയായ ജീവിതവിശുദ്ധിയുടെ പരിശീലനമാണ് വ്രതാനുഷ്ഠാനത്തിലൂടെ നിർവ്വഹിക്കപ്പെടുന്നത്. വിചാരവികാരങ്ങളെ മനഃപരിശുദ്ധിക്കുതകുന്ന വിധത്തിൽ ക്രമീകരിക്കുവാൻ വ്രതം മനുഷ്യനെ സന്നദ്ധനാക്കുന്നു. ശരീരേച്ഛകളെയും പൈശാചികചിന്തകളേയും അതിജീവിക്കുന്നതിനുള്ള ഏറ്റവും ഫലവത്തായ ഒരു ഉപാസനയാണ് വ്രതം.

### ആത്മശുദ്ധിക്കുള്ള മാർഗ്ഗം

ജീവിതവിശുദ്ധിയുടെ അനുപേക്ഷണീയ ഘടകമായി വ്രതാനുഷ്ഠാനത്തെ പൂർവ്വ മതങ്ങളെല്ലാം അംഗീകരിച്ചുപോന്നിച്ചുണ്ട്. ആചരണരീതിയിൽ മാറ്റമുണ്ടെങ്കിലും പൂർവ്വസമൂഹങ്ങൾക്കും വ്രതം നിർബന്ധമാക്കപ്പെട്ടിരുന്നതായി വിശുദ്ധ ഖുർആൻ സാക്ഷ്യപ്പെടുത്തുന്നു: *"വിശ്വാസികളെ! നിങ്ങൾക്കുമുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടി." (2:184)* ആത്മാവിന്റെ പവിത്രതയും മോക്ഷവുമാണ് വ്രതത്തിന്റെ പരമമായ ലക്ഷ്യമെന്ന് പരാമൃഷ്ട വചനം വെളിപ്പെടുത്തുന്നു. തഖ്‌വാ-അഥവാ ഭക്തിസഹമായ സൂക്ഷ്മത, ജീവിതത്തിന്റെ അഖിലമേഖലകളിലും വ്യാപരിപ്പിക്കാൻ വ്രതം മനുഷ്യനെ പ്രചോദിതനാക്കുന്നുണ്ട്. ദുഃഖമോചനം, പാപമോചനം, ആത്മീയോൽക്കർഷം എന്നീ മൂന്നർത്ഥങ്ങളിൽ 'തഖ്‌വ' എന്ന പദം പ്രയുക്തമായിട്ടുണ്ട്. വ്രതം ഇപ്പറഞ്ഞ മൂന്ന് ഫലങ്ങളെയും ഉളവാക്കുന്നതാകുന്നു. നബി(സ) തിരുമേനി അരുളുകയാണ്. *"സത്യവിശ്വാസത്തോടും പ്രതിഫലേച്ഛയോടും കൂടി റമസാനിലെ രാത്രികളിൽ എഴുന്നേറ്റ് നമസ്കരിക്കുന്ന ആളുടെ കഴിഞ്ഞകാല പാപങ്ങളെല്ലാം പൊറുക്കപ്പെടുന്നതാണ്. (ബുഖാരി).*

## വിശുദ്ധ ഖുർആൻ അവതരിച്ച മാസം

വിശുദ്ധ ഖുർആൻ പറയുന്നു: *“സമസ്ത മനുഷ്യർക്കും സന്മാർഗ്ഗ ദായകവും മാർഗദർശനത്തിന്റെയും സത്യാസത്യവിവേചനത്തിന്റെയും സ്പഷ്ടമായ തെളിവുകളുൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമസാൻ. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ വ്രതമനുഷ്ഠിക്കണം. എന്നാൽ നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്യുന്ന പക്ഷം ആ എണ്ണം മറ്റു ദിനങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്. അവൻ നിങ്ങൾക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല. ഇതാകട്ടെ, നിങ്ങൾ എണ്ണം പൂർത്തീകരിക്കുന്നതിനും അല്ലാഹു നിങ്ങളെ സന്മാർഗ്ഗത്തിലാക്കിയതിന് നിങ്ങൾ അവനെ മഹത്തപ്പെടുത്തുന്നതിനും നിങ്ങൾ കൃതജ്ഞത കാണിക്കുന്നതിനും വേണ്ടിയാകുന്നു.” (2:186).* മാനവകുലത്തിന്റെ സർവ്വതോന്മുഖമായ ക്ഷേമനിദാനങ്ങൾ വിളംബരം ചെയ്യുന്ന വിശുദ്ധ ഖുർആൻ അവതീർണ്ണമായത് റമസാൻ മാസത്തിലാണ്. മനുഷ്യജീവിതത്തിന്റെ സന്മാർഗ്ഗശോഭയാണ് വിശുദ്ധ ഖുർആൻ. ഈ മഹൽഗ്രന്ഥം ലഭിച്ചതിന് കൃതജ്ഞത രേഖപ്പെടുത്തുന്നതിനുള്ള അവസരം കൂടിയാണ് റമസാൻ. *“അല്ലാഹു നിങ്ങളെ സന്മാർഗത്തിലാക്കിയതിന് നിങ്ങൾ അവനെ മഹത്ത്വപ്പെടുത്തുന്നതിനും നിങ്ങൾ കൃതജ്ഞത കാണിക്കുന്നതിനും വേണ്ടി”* എന്ന ഖുർആനിക വാക്യം ഇതിലേയ്ക്ക് വിരൽ ചൂണ്ടുന്നു. ഖുർആനിക അദ്ധ്യാപനങ്ങൾ സമഗ്രവും സമ്മേളിതവുമായ രൂപത്തിൽ ജീവിതത്തിൽ പകർത്താനുള്ള സാഹചര്യവും റമസാനിൽ സംജാതമാകുന്നു. തന്നിമിത്തം ഈ അനുഗ്രഹീതമാസത്തെ പൂർണ്ണമായും ഫലവത്താക്കേണ്ടത് വിശ്വാസികളുടെ ധർമ്മമാകുന്നു. ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ) ഇപ്രകാരം അരുളി: *“എന്റെ സമുദായത്തിൽ രണ്ട് തരം വ്യക്തികൾ വളരെ നിർഭാഗ്യവാന്മാരാണ്. അവരിൽ ഒരാൾ തന്റെ ജീവിതത്തിൽ പരിശുദ്ധ റമസാൻ മാസം സമാഗതമായി എന്നാൽ അയാൾ അതിനെ വേണ്ടതുപോലെ പ്രയോജനപ്പെടുത്തി പാപപൊറുതിക്ക് ശ്രമിച്ചുകൊണ്ട് ജീവിതത്തെ പ്രത്യുദ്ധരിക്കാൻ ശ്രമിച്ചില്ല. അങ്ങനെ റമസാൻ കഴിഞ്ഞുപോകുകയും ചെയ്തു. അവനാകുന്നു. രണ്ടാമത്തെ ആൾ തന്റെ ജീവിതകാലത്ത് വാർദ്ധക്യം പ്രാപിച്ച മാതാപിതാക്കളെ സേവിക്കാനും പരിചരിക്കാനും അവസരം കിട്ടിയിട്ടും അവരെ സേവിക്കുകയും പരിചരിക്കുകയും ചെയ്തില്ല. അങ്ങനെ അവർ മരിച്ചുപോയി. ഇങ്ങനെ ഉള്ള ആളും വളരെ നിർഭാഗ്യവാനാകുന്നു.’*

## നന്മകളുടെ സ്വാംശീകരണം

സമർപ്പണം, സഹനം, കൃതജ്ഞതാബോധം, സഹാനുഭൂതി, ത്യാഗം സ്നേഹസമത്വചിന്ത തുടങ്ങിയ നന്മകളഖിലവും സ്വാംശീകരിക്കുന്നതിന് വ്രതം മനുഷ്യനെ ഉദ്യുക്തനാക്കുന്നു. റമസാനിലെ ദിനരാത്രങ്ങൾ ത്യാഗപൂർണ്ണമായ ധന്യനിമിഷങ്ങളാക്കി തീർത്തുകൊണ്ട് ദൈവസവിധത്തിൽ സദാ സമർപ്പണം ചെയ്യുവാൻ വിശ്വാസികൾ പ്രത്യേകം ജാഗ്രത പുലർത്തുന്നു. തന്റെ നാഥന്റെ ഇഷ്ടത്തിന്നനുസൃതമായി സ്വന്തം ഇഷ്ടത്തെ ത്യജിക്കണമെന്ന പാഠമുൾക്കൊണ്ട്, നിശ്ചിത സമയങ്ങളിൽ, പൈദാഹങ്ങൾ സഹിച്ച് തിന്നാനും കുടിക്കാനും ഭാര്യാസമ്പർക്കത്തിനുമുള്ള സ്വാതന്ത്ര്യത്തെ മാറ്റിവെക്കുകയാണ് വിശ്വാസികൾ ചെയ്യുന്നത്. ഇതുവഴി ക്ഷമയും ആത്മനിയന്ത്രണവും ശീലിക്കുന്നു. അന്നപാനാദികളുടെ നിരാസം താൻ ആസ്വദിച്ചുകൊണ്ടിരിക്കുന്ന ദൈവാനുഗ്രഹങ്ങളുടെ വിലയെന്താണെന്നറിയുന്നതിനും ദൈവത്തോട് നന്ദിയുള്ളവനായിരിക്കുന്നതിനും മനുഷ്യന് പ്രേരണ നൽകുന്നു. അതോടൊപ്പം ഒരിക്കലും ദാരിദ്ര്യം അനുഭവപ്പെട്ടിട്ടില്ലാത്തവർക്ക്, പട്ടിണിയിൽ കഴിഞ്ഞുകൂടുന്ന സഹജീവികളുടെ ദുരിതങ്ങൾ സ്വാനുഭവത്തിലൂടെ മനസ്സിലാക്കുന്നതിനും അവരുടെ നേരെ ആർദ്രതയും സഹാനുഭൂതിയും തോന്നുന്നതിനും വ്രതാനുഷ്ഠാനം മുഖേന സാധിക്കുന്നു. അങ്ങനെ ദരിദ്രജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങളിൽ സ്വമേധയാ മുഴുകുന്നതിനുള്ള പ്രചോദനം സമ്പന്നരിലുണ്ടാകുന്നു. നബി(സ) തിരുമേനി റമസാൻ മാസത്തിൽ സമസൃഷ്ടികളോട് സവിശേഷമായ നിലയിൽ സഹാനുഭൂതി കാണിച്ചിരുന്നു. നിവേദനങ്ങളിൽ ഇപ്രകാരം വന്നിട്ടുണ്ട്. നബി(സ) തിരുമേനി മനുഷ്യരിൽ വെച്ച് ഏറ്റവും ദാനധർമ്മങ്ങൾ ചെയ്യുന്ന ആളായിരുന്നു. അദ്ദേഹം ഏറ്റവും കൂടുതൽ ദാനധർമ്മങ്ങൾ ചെയ്യാറുണ്ടായിരുന്നത് റമസാനിലായിരുന്നു. ജിബ്രീൽ അദ്ദേഹത്തെ സന്ദർശിക്കുന്ന ഘട്ടത്തിൽ കൊടുങ്കാറ്റിനെക്കാൾ വേഗത്തിൽ അദ്ദേഹം ധർമ്മം ചെയ്യുന്നതായി കണ്ടിരുന്നു.

## നബി(സ)യുടെ ഉപദേശം

ങ്ങൾ അനാവരണം ചെയ്തുകൊണ്ട് ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) നടത്തിയ ഒരുപദേശ പ്രസംഗത്തിൽ ഇങ്ങനെ പറയുകയുണ്ടായി: അല്ലയോ ജനങ്ങളേ! മഹത്തായ ഒരു മാസം നിങ്ങൾക്കിതാ തണലിട്ടിരിക്കുന്നു. അനുഗൃഹീതമായ ഒരു മാസമാണിത്. അതിൽ വ്രതമനുഷ്ഠിക്കാൻ അല്ലാഹു നിർബന്ധമാക്കുകയും രാത്രി നമസ്കാരം ഐച്ഛികപുണ്യകർമ്മമാക്കുകയും ചെയ്തിരിക്കുന്നു. ഈ മാസത്തിൽ വല്ല പുണ്യകർമ്മവും ചെയ്ത് ദൈവസാമീപ്യം തേടുന്നവൻ ഇതരമാസങ്ങളിൽ ഒരു നിർബന്ധ കർമ്മം അനുഷ്ഠിച്ചവനെപ്പോലെയാണ്. ഈ മാസത്തിൽ ഒരു നിർബന്ധകർമ്മം ചെയ്യുന്നവൻ മറ്റ് മാസങ്ങളിൽ എഴുപത് നിർബന്ധകർമ്മങ്ങൾ ചെയ്തവനെപ്പോലെയാണ്. റമദാൻ സഹനത്തിന്റെ മാസമാണ്. സഹനത്തിന്റെ പ്രതിഫലം സ്വർഗ്ഗമത്രെ. ഇത് സഹാനുഭൂതിയുടെ മാസമാണ്. സത്യവിശ്വാസികളുടെ ഉപജീവനത്തിൽ വർദ്ധനവുണ്ടാകുന്ന മാസമാണ്. ഇതിൽ വല്ലവനും ഒരാളെ നോമ്പു തുറപ്പിച്ചാൽ നോമ്പുകാരനുള്ള പ്രതിഫലത്തിന്റെ അത്രയും നോമ്പു തുറപ്പിച്ചവനും ലഭിക്കും. ഇതു കേട്ടപ്പോൾ തിരുസഹാബാക്കൾ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരെ, ഞങ്ങളിൽ എല്ലാവർക്കും നോമ്പു തുറപ്പിക്കാനുള്ള കഴിവില്ലല്ലോ. നബി(സ) തിരുമേനി പറഞ്ഞു. ഒരു കവിൾ പാലോ ഒരു ചുള കാരക്കയോ ഒരു ഇറക്ക് വെള്ളമോ കൊണ്ട് നോമ്പ് തുറപ്പിക്കുന്നവനും ഈ പ്രതിഫലം കിട്ടുന്നതാണ്. ഒരു നോമ്പുകാരന് വയറ് നിറച്ച് ആഹാരം കൊടുത്താൽ അവനെ അല്ലാഹു തന്റെ ജലാശയത്തിൽ നിന്ന് കുടിപ്പിക്കുന്നതാണ്. പിന്നീട് അയാൾക്ക് ദാഹമുണ്ടാകുന്നതല്ല. ഈ മാസത്തിന്റെ ആദ്യത്തെ പത്ത് ദൈവകാരുണ്യത്തിന്റെയും മദ്ധ്യത്തിലേത് പാപമോചനത്തിന്റെയും അവസാനത്തേത് നരകവിമുക്തിയുടേതുമാണ്. ആരെങ്കിലും റമദാനിൽ തന്റെ അടിമക്ക് ജോലിയിൽ ഇളവ് നല്കിയാൽ അല്ലാഹു അവന് പൊറുത്തുകൊടുക്കുന്നതും നരകത്തിൽ നിന്ന് മോചിപ്പിക്കുന്നതുമാണ്. (ബയ്ഹഖി) വ്രതാനുഷ്ഠാനത്തിന്റെ തത്വരഹസ്യങ്ങളെകുറിച്ച് വാഗ്ദത്ത മഹ്ദീ മസീഹ് (അ) നൽകിയ വിവരണത്തിന്റെ ഒരു ഭാഗം ഇവിടെ കുറിക്കുന്നു: "വ്രതാനുഷ്ഠാനം കൊണ്ടുള്ള വിവക്ഷിതം ഒരു ക്ലിപ്തകാലം വരെ ആഹാരപാനീയങ്ങൾ ഉപേക്ഷിച്ച് വിശപ്പ് സഹിക്കുക മാത്രമല്ലെന്നത് സമർത്ഥവ്യമാണ്. എല്ലാതരം ദോഷങ്ങളിൽ നിന്നും അകന്നു നിൽക്കുമാറ് നോമ്പുകാരൻ ദൈവസ്മരണയിൽ അധികമധികം ഏർപ്പെട്ടിരിക്കേണ്ടത് അത്യാവശ്യമാകുന്നു. വിശുദ്ധ നബി(സ) റമസാൻ മാസത്തിൽ വളരെയധികം ദൈവാരാധനയിൽ വ്യാപൃതനാവുക പതിവായിരുന്നു. അതുകൊണ്ട് നോമ്പുകാലത്ത് ഭക്ഷണപാനീയാദികളെ സംബന്ധിച്ച ചിന്തകളിൽ നിന്നു വിരമിക്കുകയും ആ വക കാര്യങ്ങളുമായുള്ള കെട്ടുപാടുകളെ ഉപേക്ഷിക്കുകയും ചെയ്തുകൊണ്ട് ശ്രദ്ധ മുഴുവൻ ദൈവത്തിൽ ആക്കിത്തീർക്കേണ്ടതാണ്. ഭൗതികമായ ഭക്ഷണസാധനങ്ങൾ ലഭിച്ചിരിക്കെ ആത്മീയാഹാരത്തെ കുറിച്ച് ചിന്തിക്കാത്ത മനുഷ്യൻ ഭാഗ്യഹീനനാണെന്നു വേണം പറയാൻ. ഭക്ഷണം കഴിക്കുന്നതുമൂലം ശരീരത്തിനു ബലവും ഓജസ്സും നിലനില്ക്കുന്നതുപോലെ ആത്മീയാഹാരം മൂലം ആത്മാവിന് രക്ഷയും ആത്മശക്തികൾക്ക് ചൈതന്യവും സിദ്ധിക്കുന്നു. എല്ലാവിധ സഫലതകളുടെയും കവാടം ദൈവാനുഗ്രഹത്താൽ തുറക്കുമാറാകുന്നതിനാൽ വിജയലബ്ധിക്ക് അവനിൽ നിന്നുതന്നെ സഹായം തേടേണ്ടതാണ്" (ബദർ 1907) "ഇസ്ലാമിലെ അനുഷ്ടാനകർമ്മങ്ങളിൽ മൂന്നാമത്തേത് നോമ്പാകുന്നു. മനുഷ്യൻ വിശന്നും ദാഹിച്ചും ഇരിക്കുകയെന്നത് മാത്രമല്ല നോമ്പ്. അതിനൊരു പ്രഭാവമുണ്ട്. അനുഭവത്തിലൂടെയാണ് അതറിയാൻ കഴിയുക. ഭക്ഷണം കുറക്കുന്നതനുസരിച്ച് ആത്മാവ് പരിശുദ്ധമാകുന്നു. ദർശനശക്തി വർദ്ധിക്കുന്നു. ഭൗതിക ഭക്ഷണം കുറച്ച് ആദ്ധ്യാത്മികഭക്ഷണം അധികമാക്കുക എന്നതാണ് അല്ലാഹു ഇതുകൊണ്ടുദ്ദേശിക്കുന്നത്. വിശപ്പ് മാത്രമല്ല അവനിൽ നിന്ന് പ്രതീക്ഷിക്കുന്നതെന്ന കാര്യം നോമ്പുകാരന്റെ ദൃഷ്ടിയിലുണ്ടായിരിക്കണം. പ്രത്യുത ഏകാന്തവാസവും ഭൗതികതയിൽ നിന്നുള്ള അകൽച്ചയും ലഭിക്കാനായി ദൈവസ്മരണയിൽ അധികമധികം ലയിക്കണം. കേവലശരീരത്തിന് പോഷണം നല്കുന്ന ഭക്ഷണം ഉപേക്ഷിച്ച് ആത്മാവിന്റെ തൃപ്തിക്കും സമ്പുഷ്ടിക്കും ഉതകുന്ന ഭക്ഷണം സ്വീകരിക്കുക എന്നതാണ് നോമ്പുകൊണ്ടുള്ള ഉദ്ദേശ്യം. ഒരു ചടങ്ങുതീർക്കുന്നു എന്ന നിലയില്ലാതെ ആരാണോ അല്ലാഹുവിന് വേണ്ടി നോമ്പു നോൽക്കുന്നത് അയാൾക്ക് അദ്ധ്യാത്മികഭക്ഷണം ലഭിക്കുന്നതിന്നായി അല്ലാഹുവിനെ സ്തുതിക്കുന്നതിലും, അവനെ പ്രകീർത്തിക്കുന്നതിലും അവന്റെ ഏകത്വകീർത്തനത്തിലും അയാൾ മുഴുകേണ്ടതാണ്." (മൽഫൂസാത്ത് വാള്യം 9) ❐

എ.എം. മുഹമ്മദ് സലിം

ലേഖനം

# വിവാഹമോചനവും ഇസ്‌ലാമും

**വിവാഹമോചനം ഇസ്‌ലാമിൽ എളുപ്പത്തിൽസാധ്യമല്ല. അത് നിരവധി ഉപാധികളുള്ള ഒരു സമയബന്ധിത പ്രക്രിയയാണ്. ഇസ്‌ലാമിലെ വിവാഹമോചന നിയമങ്ങൾ തന്നെ വിവാഹമോചനത്തെ സ്വയം ദുർബലപ്പെടുത്തി അനുരഞ്ജനത്തിന്റെ മാർഗ്ഗത്തിലേക്ക് വരാൻ നിർബന്ധിക്കുന്നവയാണ്.**

വിവാഹമോചനം നിയമപരമായി അനുവദിച്ചതിന്റെ പേരിൽ വളരെയേറെ വിമർശനങ്ങൾക്ക് വിധേയമായ മതമാണ് ഇസ്‌ലാം. 'ദൈവം കൂട്ടിച്ചേർത്തതിനെ മനുഷ്യൻ വേർപെടുത്താൻ പാടില്ല' എന്ന് പറഞ്ഞ് വിവാഹമോചനത്തിന് അനുവാദം നൽകാത്ത ക്രൈസ്തവ സമൂഹത്തിലാണ് ഇന്ന് വിവാഹമോചനം വളരെ കൂടുതൽ കാണപ്പെടുന്നത് എന്നത് ഒരു വിരോധാഭാസമാണ്. ക്രൈസ്തവസമൂഹത്തിൽ മാത്രമല്ല എല്ലാ ആധുനിക പരിഷ്കൃത സമൂഹങ്ങളിലും വിവാഹമോചനം സാർവ്വത്രികമായ ഒരു പ്രതിഭാസമായി മാറിക്കൊണ്ടിരിക്കുകയാണ്. വ്യക്തിജീവിതത്തിലെ പ്രശ്നങ്ങളും സംഘർഷങ്ങളുടേയും ആധിക്യമാണ് വർദ്ധിച്ചുവരുന്ന ഈ വിവാഹമോചനനിരക്ക് സൂചിപ്പിക്കുന്നത്. അതോടൊപ്പം ജീവിതയാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുന്നതിലും ധാർമ്മികശക്തിയുടെ പിൻബലത്തോടെ പൊരുത്തക്കേടുകളും അപസ്വരങ്ങളും തരണം ചെയ്യുന്നതിലും മനുഷ്യൻ നേരിടുന്ന പരാജയത്തേയും ഇത് സൂചിപ്പിക്കുന്നു.

മനുഷ്യവർഗ്ഗത്തിൽപ്പെട്ട സ്ത്രീക്കും പുരുഷനും, അവർ ഏത് ജാതിയിലോ, വർഗ്ഗത്തിലോ, വംശത്തിലോ പെട്ടവരായാലും, ഭാര്യാഭർത്താക്കന്മാരായി ഇണക്കത്തോടെ ജീവിക്കാൻ കഴിയും എന്നത് ദൈവത്തിന്റെ മഹത്തായ ഒരു ദൃഷ്ടാന്തമായി ഖുർആൻ പറയുന്നു.

***'നിങ്ങൾക്ക് നിങ്ങളുടെ വർഗ്ഗത്തിൽ നിന്ന് തന്നെ അവൻ ഇണകളെ സൃഷ്ടിച്ചു എന്നത് അവന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ്. നിങ്ങളവരോട് കൂടി ചേർന്ന് മനഃസ്സമാധാനം കൈവരുത്താൻ വേണ്ടി യാണത്. എന്നിട്ട് നിങ്ങളുടെ ഇടയിൽ അവൻ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തു എന്നതും. ചിന്തിക്കുന്ന ജനങ്ങൾക്ക് ഇതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്'*** (30:22).

മനുഷ്യനെ ഇണകളാക്കി സൃഷ്ടിച്ച ദൈവം അവരെ സ്നേഹത്തിന്റെയും കാരുണ്യത്തിന്റേയും കാണാചരടുകൾ കൊണ്ട് ബന്ധിച്ച് ആ ഇണക്കത്തെ ദൃഢപ്പെടുത്തിയിരിക്കുന്നു എന്ന് അഭിമാനപൂർവ്വം പ്രസ്താവിക്കുന്നു. ഭൂമിയിൽ നടക്കുന്ന വിവാഹങ്ങളിൽ ബഹുഭൂരിപക്ഷവും സ്നേഹവാത്സല്യങ്ങളുടെ ദൈ വിക അനുഗ്രഹത്താൽ സമ്പന്നമാണ് എന്നത് ഈ ഖുർആൻ വചനത്തിന്റെ ഉത്തമ ദൃഷ്ടാന്തമാണ്. നിർഭാഗ്യവാനായ മനുഷ്യനാണ് തന്റെ പിഴവുകൾ കൊണ്ട് വിവാഹബന്ധത്തെ വിഛേദിക്കുന്നത്. ഒരു ധർമ്മസംഹിതയുടെയോ മതാദ്ധ്യാപനങ്ങളുടേയോ സഹായമില്ലാതെ തന്നെ അല്ലാഹു മനുഷ്യന്ന് നൽകിയ ജന്മനായുള്ള പരസ്പരസ്നേഹത്തിന്റെ ബലത്തിൽ മനുഷ്യന് വിജയകരമായ വൈവാഹികജീവിതം നയിക്കാനാവും. എന്നാൽ വൈവാഹികജീവിതത്തെ ആത്മീയസുരഭിലവും ശാന്തിപൂർണ്ണവുമാക്കാൻ ഇസ്‌ലാം നൽകുന്ന അദ്ധ്യാപനങ്ങൾ നിസ്തുലമാണ്. മാത്രമല്ല സമൂഹത്തെ സാക്ഷി നിർത്തി നടക്കുന്ന മുസ്‌ലിം വിവാഹചടങ്ങുകളിൽ ദാമ്പത്യജീവിതത്തിന്റെ നാനാവശങ്ങളിലേക്കും വെളിച്ചം വീശുന്ന പ്രഭാഷണങ്ങൾ റസൂൽ തിരുമേനി (സ)യുടെ ചര്യയെന്ന നിലക്ക് മുസ്‌ലിം സമൂഹങ്ങളിൽ നിരന്തരം നടന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ട് മുസ്‌ലിം സമൂഹത്തിൽ പൊതുവെ ദാമ്പത്യജീവിതം

സംഘർഷരഹിതമാണ്. എങ്കിലും താരതമ്യേന വിവാഹമോചനനിരക്ക് ആധുനിക കാലത്ത് വർദ്ധിച്ചുവരുന്നതായികാണാം. ഇസ്‌ലാമിനെ സംബന്ധിച്ചേടത്തോളം ഇത് ദുഃഖകരമാണ്.

മനുഷ്യവ്യക്തിത്വങ്ങൾ പ്രതിജനഭിന്നങ്ങളാണ്. ഐക്യത്തോടൊപ്പംതന്നെ ജീവിതവീക്ഷണങ്ങളിൽ ഭിന്നതകളും വൈരുദ്ധ്യങ്ങളും സ്വാഭാവികമാണ്. വാസ്തവത്തിൽ പൊരുത്തക്കേടുകളേയും അസ്വാരസ്യങ്ങളേയും ഏകോപിപ്പിച്ച് ഇണക്കത്തോടും പരസ്പരസ്നേഹത്തോടും കൂടി മുന്നോട്ടു കൊണ്ടുപോകുന്ന കലയാണ് വൈവാഹിക ജീവിതം.

വിവാഹമോചനത്തിന്റെ കാരണങ്ങൾ നിരവധിയാണ്. വ്യക്തികളുടെ മാനസികാവസ്ഥയും അഭിരുചിയും സമീപനവും വ്യത്യസ്തമായിരിക്കുന്നതുപോലെ വിവാഹമോചനത്തിന്റെ കാരണങ്ങളും വ്യത്യസ്തമാണ്. വിവാഹമോചനം ഇസ്‌ലാം അങ്ങേയറ്റം വെറുക്കുന്ന ഒരു വ്യക്തി ദുരന്തമാണ്. ***'അനുവദനീയമാക്കിയിട്ടുള്ള കാര്യങ്ങളിൽ അല്ലാഹുവിന് ഏറ്റവും അനിഷ്ടകരമായ കാര്യമാണ് വിവാഹമോചനം'*** (അബൂദാവൂദ്) എന്ന് റസൂൽ തിരുമേനി(സ) പറയുന്നു. മറ്റൊരിക്കൽ അവിടുന്ന് അരുളി ***'നിങ്ങൾ വിവാഹം കഴിക്കുക, വിവാഹമോചനം നടത്താതിരിക്കുക, ആസ്വാദനത്തിനുവേണ്ടി രുചി നോക്കി നടക്കുന്ന സ്ത്രീപുരുഷന്മാരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല.*** (ദാറുഖുത്നി) ***'വിവാഹമോചനവേളയിൽ അല്ലാഹുവിന്റെ സിംഹാസനം വിറകൊള്ളുമെന്നും റസൂൽ തിരുമേനി(സ) പറയുകയുണ്ടായി'*** (ഖുർതുബി)

മനുഷ്യപ്രകൃതിക്കും യാഥാർത്ഥ്യങ്ങൾക്കും യോജിച്ച വിധത്തിലാണ് ഇസ്‌ലാമിക നിയമങ്ങൾ ആവിഷ്ക്കരിച്ചിട്ടുള്ളത്. വൈവാഹിക ജീവിതം മുമ്പോട്ടു കൊണ്ടുപോകാൻ കഴിയാത്തവിധം അകൽച്ചയും വെറുപ്പും വിദ്വേഷവുമാണ് ദമ്പതിമാർക്കിടയിൽ വർദ്ധിച്ചു വരുന്നതെങ്കിൽ ഇസ്‌ലാം വിവാഹമോചനം അനുവദിച്ചുകൊണ്ട് അവർക്ക് ആശ്വാസം നൽകുന്നു. അവരുടെ ജീവിതം ഭൂമിയിലെ നരകമാക്കാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. ഇത് മറ്റു മതങ്ങളെ അപേക്ഷിച്ച് ഇസ്‌ലാമിനെ ഏറ്റവും പുരോഗമനപരവും യാഥാർത്ഥ്യബോധമുള്ള ഒരു മതവുമാക്കി തീർക്കുന്നു. അതായത് വിവാഹം എന്നത് മറ്റു മതങ്ങളിലുള്ളത് പോലെ യാതൊരു നിലക്കും വിഛേദിക്കാൻ കഴിയാത്ത സ്ത്രീപുരുഷന്മാർ തമ്മിലുള്ള ഒരു വിളക്കിച്ചേർക്കലായല്ല ഇസ്‌ലാം കാണുന്നത്. ഇസ്‌ലാമിൽ അതൊരു സിവിൽ കരാറാണ്. അത് സാധാരണ ഒരു കരാറല്ല. അതിന്റെ ദൃഢതയെ സംബന്ധിച്ചും അവിഛിന്നതയെ സംബന്ധിച്ചും ഉണർത്തിക്കൊണ്ട് ഖുർആൻ ഇങ്ങിനെ പറയുന്നു. ***'നിങ്ങൾ പരസ്പരം ഒട്ടിച്ചേർന്ന് ജീവിക്കുകയും അവർ നിങ്ങളിൽ നിന്ന് ഉറച്ച കരാർ സ്വീകരിക്കുകയും ചെയ്ത സ്ഥിതിക്ക് നിങ്ങൾ അതെങ്ങിനെ തിരിച്ചുവാങ്ങും*** (4:22) ഭാര്യയോട് ഇഷ്ടക്കേട് ഉള്ളതുകൊണ്ട് ഭർത്താവിന് വിവാഹമോചനം ചെയ്യാം എന്ന നിലപാടു ഇസ്‌ലാമികമല്ല. ആ ഇഷ്ടക്കേടിനെ ഒരൊറ്റ ദൃഷ്ടിയിലൂടെ നോക്കാതെ അവളിലെ നന്മകൾ കണ്ടുകൊണ്ട്തന്നെ പരമാവധി വിട്ടുവീഴ്ചയോടെ ജീവിച്ച് ദാമ്പത്യം സ്നേഹസമ്പൂർണ്ണമാക്കാൻ ശ്രമിക്കണമെന്നാണ് ഖുർആന്റെ ഉപദേശം. ***'നിങ്ങൾ ജീവിത പങ്കാളിയോട് ഉത്തമരൂപത്തിൽ വർത്തിക്കുക. നിങ്ങൾക്ക് അവരുടെ നേരെ അനിഷ്ടം തോന്നിയേക്കാം. എന്നാൽ നിങ്ങൾക്ക് അനിഷ്ടകരമായി തോന്നുന്ന ഒന്നിന് അല്ലാഹു സമൃദ്ധമായ നന്മകൾ ഒരുക്കിവെച്ചിട്ടുണ്ടാവാം.*** (4:19)

വിവാഹമോചനം ഇസ്‌ലാമിൽ നിരവധി വ്യവസ്ഥകൾക്കും ഉപാധികൾക്കും വിധേയമായ ഒരു സുദീർഘ പ്രക്രിയയാണെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. അതിന്റെ ഓരോഘട്ടത്തിലും ദമ്പതിമാർ തമ്മിലുള്ള അനുരഞ്ജനത്തിന് ആവർത്തിച്ചാവർത്തിച്ചുള്ള ശ്രമങ്ങളുണ്ടാവണമെന്ന് നിഷ്കർഷിക്കുന്നു.

ദമ്പതിമാർ തമ്മിൽ പരസ്പരം അഭിപ്രായവ്യത്യാസങ്ങളും അസ്വാരസ്യങ്ങളും ഉടലെടുക്കാതിരിക്കാൻ ഭാര്യയും ഭർത്താവും അവരവരുടെ സവിശേഷ അധികാരങ്ങളെയും സ്ഥാനങ്ങളേയും, പ്രവർത്തനരീതിയെ സംബന്ധിച്ചും ബോധവാന്മാരായിരിക്കണമെന്ന് താഴെ എഴുതിയ ഈ ഖുർആൻ വാക്യങ്ങൾ നമ്മെ ഉണർത്തുന്നു.

## ഗുരുതരമായ കലഹങ്ങളും മധ്യസ്ഥന്മാരും

***സ്ത്രീകൾക്ക് ചില ബാധ്യതകളുള്ളത് പോലെ ന്യായമായ അവകാശങ്ങളുമുണ്ട്.*** (22:23) ***'പുരുഷന്മാർ സ്ത്രീകളുടെ മേൽ രക്ഷാധികാര മുള്ളവരാണ് അല്ലാഹു അവരിൽ ചിലർക്ക് അവരെക്കാൾ ചില മേന്മകൾ നൽകിയത് കൊണ്ടും അവർ തങ്ങളുടെ ധനത്തിൽ നിന്ന് ചെലവ് ചെയ്യുന്നു എന്നുള്ളതു കൊണ്ടുമാണിത്. അതിനാൽ അനുസരണശീലമുള്ളവരും അല്ലാഹു സംരക്ഷിച്ച വിധം (തങ്ങളുടെ ഭർത്താക്കന്മാരുടെ) രഹസ്യങ്ങൾ സൂക്ഷിക്കുന്നവരുമാണ് സച്ചരിതരായ സ്ത്രീകൾ***(4:35)

ഭർത്താവിനെ അനുസരിക്കാൻ ബാദ്ധ്യസ്ഥയായ സ്ത്രീ അനുസരണത്തോടെ പരസ്പരം വിശ്വാസവും

രഹസ്യവും കാത്തുസൂക്ഷിച്ച് ജീവിക്കുകയും ചെയ്യുമ്പോൾ വിവാഹജീവിതം സ്വർഗ്ഗീയമാവുന്നു. ഇതിന് വിപരീതമായി ഗുരുതരമായ കലഹങ്ങളും പിണക്കവും ഉടലെടുക്കുകയും വിവാഹബന്ധം വിഛേദിക്കപ്പെട്ടു പോകുമെന്ന് ബന്ധുക്കളോ ബന്ധപ്പെട്ട അധികാരികളോ അറിയുന്നപക്ഷം അവർ അനുരഞ്ജിപ്പിക്കാനാണ് ശ്രമിക്കേണ്ടത്.

***'എന്നിട്ടും അവർ രണ്ടുപേർക്കുമിടയിൽ പിളർപ്പുണ്ടാകുമെന്ന് നിങ്ങൾ (ബന്ധപ്പെട്ട അധികാരികൾ) ഭയപ്പെടുന്നപക്ഷം, അവന്റെ ബന്ധുക്കളിൽ നിന്ന് ഒരു മധ്യസ്ഥനേയും അവളുടെ ബന്ധുക്കളിൽ നിന്ന് ഒരു മധ്യസ്ഥനേയും നിശ്ചയിക്കുക. അവർ രണ്ടുപേരും (മധ്യസ്ഥന്മാർ) രഞ്ജിപ്പുണ്ടാക്കണമെന്ന് ഉദ്ദേശിക്കുന്നതായാൽ അല്ലാഹു അവർ രണ്ടുപേർക്കുമിടയിൽ യോജിപ്പുണ്ടാക്കുന്നതാണ്. തീർച്ചയായും അല്ലാഹു എല്ലാം അറിയുന്നവനും സൂക്ഷ്മജ്ഞനുമാണ്'***(4:36)

ഇവിടെ മധ്യസ്ഥന്മാരുടെ പങ്ക് വളരെ നിർണ്ണായകമാണ്. മധ്യസ്ഥന്മാർ അവരുടെ കക്ഷികളുടെ പക്ഷം പിടിച്ചുകൊണ്ടുള്ള സമർത്ഥനങ്ങളിലേക്കും വിവാദങ്ങളിലേക്കും ഒരിക്കലും വഴിമാറിപ്പോവരുത്. അനുരഞ്ജനമായിരിക്കണം മധ്യസ്ഥന്മാരുടെ ലക്ഷ്യം. ഇതിനായി വിട്ടുവീഴ്ച ചെയ്തും പൊറുത്തുകൊടുത്തും സ്വന്തം തെറ്റുകൾ തിരുത്തിയും വിവാഹപങ്കാളിയെ അനുനയിപ്പിച്ചും തനിക്ക് അനുരൂപനാക്കി മാറ്റാൻ സ്വന്തം കക്ഷിയോടു തന്നെ മധ്യസ്ഥൻ ആദ്യം ഉപദേശിക്കണം. അതിനുശേഷം മധ്യസ്ഥന്മാരുടെ ശ്രമം വിജയിക്കുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്യുന്നു. ഇസ്‌ലാമിൽ വിവാഹമോചനം മൂന്ന് വിധമാണ്. ഒന്ന് **ത്വലാഖ്** രണ്ട് **ഖുൽഅ്** മൂന്ന് **ഫസ്ഖ്.**

### ത്വലാഖ്

ഭർത്താവിന് നൽകപ്പെട്ട അധികാരം ഉപയോഗപ്പെടുത്തി വിവാഹബന്ധം വേർപെടുത്തുന്നതിനെയാണ് ത്വലാഖ് എന്ന് പറയുന്നത്. ത്വലാഖ് പുരുഷനുള്ള (ഭർത്താവിനുള്ള) അധികാരമാണ്. വിവാഹബന്ധം ആരുടെ അധികാരത്തിലാണോ ആ ആൾ (2:238) '**അല്ലദീ ബിയദീഹി ഉക്ദത്തു നിക്കാഹി**' എന്ന ഖുർആന്റെ പരാമർശമനുസരിച്ച് വിവാഹമോചനത്തിന് സാധാരണഗതിയിലുള്ള അധികാരം ഭർത്താവിനാണ്. ത്വലാഖ് രണ്ട് വിധത്തിലുണ്ട്. ഒന്ന് '**ത്വലാഖ് റജ്ഈ**' - തിരിച്ചെടുക്കാവുന്ന അഥവാ റദ്ദാക്കാവുന്ന ത്വലാഖ് (Revocable Divorce) രണ്ടാമത്തേത് '**ത്വലാഖ് ബാഇൗൻ**' - തിരിച്ചെടുക്കാൻ പറ്റാത്ത അഥവാ റദ്ദാക്കാൻ പറ്റാത്ത ത്വലാഖ് (Irrevocable Divorce).

അറബികൾക്കിടയിൽ അജ്ഞാനകാലത്തുണ്ടായ ഒരു സമ്പ്രദായമായിരുന്നു '**ഈലാഅ്**'. ഭർത്താവ്, ഞാൻ ഭാര്യയുമായി ബന്ധപ്പെടുകയില്ല എന്ന് പ്രതിജ്ഞ ചെയ്ത് മാറിനിൽക്കുന്ന സമ്പ്രദായമാണിത്. ചിലപ്പോൾ വർഷങ്ങളോളം ഇങ്ങനെ ഭാര്യയുമായി ബന്ധപ്പെടാതെ മാറിനിൽക്കും. അറബികൾക്കിടയിലുണ്ടായിരുന്ന ത്വലാഖിന്റെ ഒരു പ്രാകൃതരൂപമാണിത്. അങ്ങനെ പ്രതിജ്ഞ ചെയ്തവർ പരമാവധി നാല് മാസം മാത്രമേ തങ്ങളുടെ ഭാര്യയുമായി വിട്ടുനിൽക്കാൻ പാടുള്ളൂ എന്ന് താഴെ കൊടുത്ത ഖുർആൻ വാക്യം അവതരിച്ചതോടെ വിധി വന്നു. ബോധപൂർവ്വം നടത്തുന്ന ഇത്തരം നിരർത്ഥകമായ ശപഥങ്ങളെ അപലപിച്ചുകൊണ്ട് ഖുർആൻ പറയുന്നു.

***'ഞങ്ങളുടെ ഭാര്യമാരുമായി സംസർഗ്ഗം ചെയ്യുകയില്ലെന്ന് ശപഥം ചെയ്യുന്നവർക്ക് (പരമാവധി) നാലുമാസം പ്രതീക്ഷിക്കാവുന്നതാണ്. പിന്നെ അവർ (ഈ കാലയളവിൽ രഞ്ജിപ്പുദ്ദേശിച്ച്) മടങ്ങുന്നുവെങ്കിൽ തീർച്ചയായും അല്ലാഹു സർവ്വഥാ പൊറുത്തുകൊടുക്കുന്നവനും വളരെ കൃപ ചെയ്യുന്നവനുമത്രെ*** (2:227) ഭാര്യാഭർത്താക്കന്മാർ പിണങ്ങിക്കൊണ്ട് ബന്ധപ്പെടാതെ നാലു മാസം മാത്രമേ നിൽക്കാൻ പാടുള്ളൂവെന്നുള്ളതിന് ഖുർആനിക പ്രമാണം ഈ വചനമാണ്. നാലുമാസം കഴിഞ്ഞാൽ മധ്യസ്ഥന്മാർ ഇടപെട്ടു പ്രശ്നം പരിഹരിച്ച് രഞ്ജിപ്പുണ്ടാക്കാൻ ശ്രമിക്കണം.

ഇനി മധ്യസ്ഥശ്രമങ്ങൾക്കെല്ലാം ശേഷം ഭർത്താവ് ത്വലാഖിലേക്ക് പ്രവേശിക്കുകയാണെങ്കിൽ അത് ഉടനടി പ്രാബല്യത്തിൽ വരുത്താവുന്നവിധം ക്ഷിപ്രസാധ്യമല്ല. നിശ്ചിതകാലദൈർഘ്യത്തോടുകൂടിയതും ഉപാധികളോടെ വ്യവസ്ഥ ചെയ്യപ്പെട്ടതുമായ ഒരു പ്രക്രിയയാണ് ത്വലാഖ്. ഈ നിശ്ചിതകാലദൈർഘ്യത്തെയാണ് ഇദ്ദ: എന്നറിയപ്പെടുന്നത്. ഈ ഘട്ടത്തിലെല്ലാം ഭാര്യാഭർത്താക്കന്മാർ തമ്മിൽ അനുരഞ്ജനത്തിന്റെ തീവ്രശ്രമങ്ങൾ നടത്താനാണ് വിശുദ്ധ ഖുർആനിലെ ഉപാധികളുടെ താല്പര്യം. ഇദ്ദ: വിവാഹമോചിതയായവരും ഭർത്താവ് മരിച്ച സ്ത്രീകളും പാലിക്കേണ്ട ഒരു ദീക്ഷാകാലമാണ്. വിധവയുടെ ഇദ്ദ: നാലുമാസവും പത്തുദിവസവുമാണ് (2:235) വിവാഹമോചിതയുടെ ഇദ്ദ: കാലം താഴെ വിവരിക്കുന്നു.

### ഇദ്ദ:കാലം

***'ഇനി അവർ വിവാഹമോചനത്തിനാണ് തീരുമാനിക്കുന്നതെങ്കിൽ നിശ്ചയമായും അല്ലാഹു എല്ലാം കേൾക്കുന്നവനും നന്നായി അറിയുന്നവനുമാകുന്നു. വിവാഹമോചിതരായ സ്ത്രീകൾ മൂന്ന് ആർത്തവ***

***കാലം വരെ സ്വയം നിയന്ത്രിച്ചു കാത്തിരിക്കേണ്ടതാണ്... അവരുടെ ഭർത്താക്കന്മാർ രഞ്ജിപ്പാണ് ആഗ്രഹിക്കുന്നതെങ്കിൽ അതിൽ ആ (കാലയളവിൽ) അവരെ തിരിച്ചെടുക്കുന്നതിൽ കൂടുതൽ അവകാശമുള്ളവരാണ്*** (2:228, 229)

ത്വലാഖ് ചൊല്ലിയ ഉടൻ തന്നെ വിവാഹവിഛേദനം നിലവിൽ വരുന്നില്ല എന്ന് ഈ വചനം വ്യക്തമാക്കുന്നു. അവൾ മൂന്ന് ആർത്തവകാലം (ഥലാഥതു ഖുറൂഅ്) കാത്തിരിക്കണം. 'ഖുർഇ'ന്റെ ബഹുവചനമാണ് 'ഖുറുഅ്'. ഇവിടെ 'ഖുറുഅ്' എന്നതിന് ആർത്തവകാലങ്ങൾ എന്നും നേർവിപരീതമായ ശുദ്ധികാലങ്ങൾ എന്നും അർത്ഥം പറയുന്നു. ഖുലഫാഉർറാശിദയും ഇമാം അബൂഹനീഫയും (റഹ്) ഇമാം ഹംബൽ (റഹ്)ഉം 'ഖുർഅ' എന്ന പദത്തിന് ആർത്തവകാലം എന്ന് അർത്ഥം പറയുമ്പോൾ, ആയിശ(റ), ഇബ്നു ഉമർ (റ), ഇമാം മാലിക് (റഹ്) എന്നിവർ ശുദ്ധികാലം എന്നാണ് അർത്ഥം പറയുന്നത്. മൂന്ന് ആർത്തവങ്ങൾ എന്ന് പറഞ്ഞാൽ രണ്ട് മാസവും, മൂന്ന് ശുദ്ധികാലങ്ങൾ എന്ന് പറഞ്ഞാൽ മൂന്ന് മാസവും ആവും. മദ്ഹബിന്റെ ഇമാമീങ്ങളുടെ വ്യത്യസ്ത വീക്ഷണങ്ങൾ പുലർത്തുന്ന ഈ വിഷയം ഔചിത്യത്തിന് വിടാവുന്നതാണ്.

വിവാഹമോചനം ചെയ്യപ്പെട്ട ആദ്യത്തെ ത്വലാഖ് കൊടുത്ത സ്ത്രീ ഈ കാലയളവിൽ മൂന്ന് ആർത്തവകാലങ്ങളോ അല്ലെങ്കിൽ മൂന്ന് ശുദ്ധികാലങ്ങളോ പൂർത്തിയാക്കുന്ന ഇദ്ദ:കാലം മുഴുവൻ ഭർത്താവിന്റെ വീട്ടിൽ തന്നെയാണ് കഴിയേണ്ടത്. ഗർഭിണിയുടെ ഇദ്ദയുടെ കാലം അവൾ പ്രസവിക്കുന്നത് വരെയാണ്. പ്രസവശുശ്രൂഷയടക്കം എല്ലാ ചിലവുകളും ഭർത്താവ് തന്നെ വഹിക്കണം. ശിശുവിന് മുലകൊടുക്കുകയാണെങ്കിൽ അതിന്റെ ചിലവും ഭർത്താവാണ് വഹിക്കേണ്ടത്. ആർത്തവം നിലച്ച സ്ത്രീയാണെങ്കിൽ ഇദ്ദ: മൂന്ന് മാസമാണ് അല്ലാഹു ഖുർആനിൽ പറയുന്നു: ***നിങ്ങളുടെ സ്ത്രീകളിൽ നിന്ന് ആർത്തവത്തെക്കുറിച്ച് പ്രതീക്ഷയില്ലാത്തവരെ സംബന്ധിച്ചിടത്തോളം നിങ്ങൾ സംശയിക്കുന്നപക്ഷം അവരുടെ ഇദ്ദഃ മൂന്ന് മാസമാണ്. ആർത്തവം ഉണ്ടാവാത്ത സ്ത്രീകളുടെ കാര്യവും അങ്ങനെതന്നെ ഗർഭിണികളാവട്ടെ അവരുടെ അവധി (ഇദ്ദഃ) അവർ പ്രസവിക്കലാകുന്നു. വല്ലവനും അല്ലാഹുവിനെ സൂക്ഷിക്കുന്നതായാൽ അല്ലാഹു അവന്റെ കാര്യത്തിൽ സൗകര്യമുണ്ടാക്കിക്കൊടുക്കുന്നതാണ്*** (65:57)

ഖുർആൻ തുടരുന്നു:

***അവരെ (വിവാഹമുക്തകളായ സ്ത്രീകളെ അവരുടെ ഇദ്ദയുടെ സമയത്ത്) നിങ്ങളുടെ കഴിവിനനുസരിച്ച് നിങ്ങളുടെ വാസസ്ഥലത്ത് താമസിപ്പിക്കുക. അവർക്ക് വിഷമമുണ്ടാക്കാൻ വേണ്ടി നിങ്ങളവരെ ബുദ്ധിമുട്ടിക്കരുത്. അവർ ഗർഭിണികളാണെങ്കിൽ പ്രസവിക്കുന്നത് വരെ നിങ്ങളവർക്ക് ചിലവ് നൽകുക. പിന്നീട് നിങ്ങളവർക്കുവേണ്ടി അവർ (ശിശുവിന്) മുലകൊടുക്കുകയാണെങ്കിൽ നിങ്ങളവർക്ക് അവരുടെ പ്രതിഫലങ്ങൾ നൽകുക. ഉചിതമായ നിലയിൽ നിങ്ങൾ പരസ്പരം കൂടിയാലോചിച്ചു തീരുമാനിക്കുക. നിങ്ങൾക്ക് പരസ്പരം വിഷമം അനുഭവപ്പെടുന്നതായാൽ അവനു (പിതാവിനുവേണ്ടി) മറ്റൊരു സ്ത്രീ മുലപ്പാൽ കൊടുക്കട്ടെ*** (അത്തലാഖ് 65:7) നികാഹ് കഴിഞ്ഞു പക്ഷേ സഹശയനം നടന്നില്ല. അതിന് മുമ്പേ ത്വലാഖ് ചൊല്ലിയാൽ ഇദ്ദ ആചരിക്കേണ്ട. ഖുർആൻ പറയുന്നു: ***'സത്യവിശ്വാസികളെ, നിങ്ങൾ സത്യവിശ്വാസിനികളെ വിവാഹം കഴിക്കുകയും എന്നിട്ട് അവരെ സ്പർശിക്കുന്നതിന് മുമ്പ് നിങ്ങൾ അവരുമായി ബന്ധം വേർപ്പെടുത്തുകയും ചെയ്താൽ നിങ്ങൾ എണ്ണി കണക്കാക്കുന്ന ഇദ്ദ: ആചരിക്കണമെന്ന് അവരോട് ആവശ്യപ്പെടാൻ നിങ്ങൾക്കവകാശമില്ല. അതുകൊണ്ട് നിങ്ങൾ അവർക്ക് കുറച്ച് ജീവിതവിഭവം നൽകുക. ഭംഗിയായ നിലയിൽ അവരെ വിട്ടയക്കുകയും ചെയ്യുക.*** (33:50)

## ഇദ്ദ:കാലത്തെ തിരിച്ചെടുക്കൽ

വിവാഹമോചനത്തിന്റെ ആദ്യപടി എന്ന നിലക്ക് ത്വലാഖ് ചെയ്യപ്പെട്ടെങ്കിലും ഇദ്ദ:കാലത്ത് പുരുഷന് സ്ത്രീ അന്യയാകുന്നില്ല. അതേസമയം ഭാര്യയുമല്ല. ഈ കാലയളവിൽ ത്വലാഖ് ചെയ്ത് വീട്ടിൽ തന്നെ താമസിക്കുന്ന സ്ത്രീയെ വീണ്ടും ഭാര്യാപദത്തിലേക്ക് നിരുപാധികം ഭർത്താവിന് തിരിച്ചുകൊണ്ടുവരാം. വാസ്തവത്തിൽ ഒരു വീട്ടിൽ താമസിക്കുമ്പോൾ വീണ്ടും അവർ അടുക്കാനും രഞ്ജിപ്പുണ്ടാക്കുവാനുമാണ് ഇസ്ലാം അങ്ങനെ നിഷ്ക്കർഷിച്ചത്. ഇങ്ങനെ ത്വലാഖ് ചൊല്ലിയതിനുശേഷവും ഭാര്യയെ ഭാര്യാപദത്തിലേക്ക് തിരിച്ചെടുക്കാം. ഈ ത്വലാക്കിനെയാണ് **'ത്വലാക് റജ്ഈ'** എന്നു പറയുന്നത്. ഇത് രണ്ട് തവണ ഇസ്ലാമിൽ അനുവദനീയമാണ്. അതായത് ഇദ്ദയുടെ കാലഘട്ടത്തിൽ പുരുഷന് അവളെ തിരിച്ചെടുക്കാം. എന്നാൽ ഇദ്ദകാലം കഴിഞ്ഞതിന് ശേഷമാണെങ്കിൽ അവളുടെ സമ്മതം വാങ്ങി വീണ്ടും നികാഹ് ചെയ്യേണ്ടതുണ്ട്. അങ്ങനെ ഒന്നാമത്തെ ത്വലാഖ് കഴിഞ്ഞ് തിരിച്ചെടുത്ത് വിവാഹജീവിതം നയിക്കവെ വീണ്ടും പ്രശ്നങ്ങളുണ്ടായി ത്വലാഖ് ചൊല്ലി എന്നിരിക്കട്ടെ എന്നാലും

ഇദ്ദ: കാലത്തിനുള്ളിൽ വീണ്ടും ആദ്യത്തേത്പോലെ തിരിച്ചെടുക്കാം. അതുപോലെ ഇദ്ദക്ക്ശേഷം പുനർവിവാഹത്തിലൂടെയും തിരിച്ചെടുത്ത് ത്വലാഖ് റദ്ദാക്കാവുന്നതാണ്. ഇങ്ങനെ രണ്ട് തവണ തിരിച്ചെടുക്കാവുന്ന അഥവാ റദ്ദാക്കാവുന്ന ത്വലാഖ് (ത്വലാഖ് റജ്ഈ) ഇസ്‌ലാം അനുവദിക്കുന്നു. ഇതിൽനിന്നെല്ലാം മനസ്സിലാവുന്നത് ത്വലാഖിനുശേഷവും വേർപിരിയുന്ന ബന്ധങ്ങൾ അനുരജ്ഞനത്തിലൂടെ പുനസ്ഥാപിച്ചു മുന്നോട്ടുകൊണ്ടുപോകലാണ് ഇസ്‌ലാമിന്റെ താല്പര്യം എന്നാണ് ഖുർആൻ പറയുന്നു.

*(റദ്ദാക്കാവുന്ന അഥവാ തിരിച്ചെടുക്കാവുന്ന) വിവാഹമോചനം രണ്ടു പ്രാവശ്യമാണ് പിന്നീട് ന്യായമായ നിലയിൽ (ഭാര്യയെ) കൂടെ നിറുത്തുകയോ ഔദാര്യപൂർവ്വം വിട്ടയക്കുകയോ ചെയ്യാം. നിങ്ങൾ അവർ (ഭാര്യമാർ)ക്ക് നൽകിയിട്ടുള്ളതിൽ നിന്നും യാതൊന്നും (തിരികെ) വാങ്ങുന്നത് നിങ്ങൾക്ക് അനുവദനീയമല്ല; രണ്ടു പേരും അല്ലാഹുവിന്റെ നിയമാതിർത്തികളെ നിലനിർത്തുകയില്ലെന്ന് ഭയപ്പെടുന്നെങ്കിലല്ലാതെ. എന്നാൽ, അല്ലാഹുവിന്റെ നിയമപരിധികളെ പാലിക്കുവാൻ അവർക്ക് കഴിയാതെ വരുമെന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ അപ്പോൾ എന്തു നൽകിക്കൊണ്ട് അവൾ (വിവാഹ) മോചനം നേടുന്നുവോ അതിലവർക്ക് ഇരുവർക്കും കുറ്റമില്ല. അല്ലാഹുവിന്റെ നിയമപരിധികളാണിവ. അതുകൊണ്ട് ഇവയെ നിങ്ങൾ ലംഘിക്കരുത്. ആരെങ്കിലും അല്ലാഹുവിന്റെ നിയമപരിധികളെ അതിലംഘിക്കുന്നുവെങ്കിൽ (അറിയുക) അവർ തന്നെയാണ് അധർമ്മികൾ* (2:230)

## ത്വലാഖിന് ശേഷവും അവൾ ഭർത്തൃ ഗൃഹത്തിൽ തന്നെ താമസിക്കണം

*'ഓ നബി, നിങ്ങൾ സ്ത്രീകളെ വിവാഹമോചനം ചെയ്യുമ്പോൾ അവരുടെ ഇദ്ദയുടെ സമയമനുസരിച്ച് വിവാഹമോചനം ചെയ്യുക. ഇദ്ദ: കണക്കാക്കുകയും ചെയ്യുക. നിങ്ങളുടെ നാഥനായ അല്ലാഹുവിനെ സൂക്ഷിക്കുക. അവരുടെ വീടുകളിൽ നിന്നും നിങ്ങ ളവരെ പുറത്താക്കരുത്. അവർ സ്വയം പുറത്തു പോകുകയുമരുത്. അവർ പ്രത്യക്ഷമായൊരു ദുർവൃത്തി ചെയ്താലല്ലാതെ അല്ലാഹുവിന്റെ (നിയമ)പരിധികളാണിവ. അല്ലാഹുവിന്റെ നിയമപരിധികളെ വല്ലവനും ലംഘിക്കുന്നതായാൽ അവൻ തന്റെ സ്വന്തം ആത്മാവിനോട് തന്നെയാണ് ദ്രോഹം ചെയ്യുന്നത്. അതിനുശേഷം അല്ലാഹു ഏതെങ്കിലും ഒരു പുതിയ കാര്യം നടപ്പിൽ വരുത്തിയേക്കുമെന്ന് നീ അറിയുന്നില്ല.* (65:2) ഖുർആന്റെ ഈ കല്പന നബി തിരുമേനി(സ)യോടു മാത്രമല്ല. നബി തിരുമേനി(സ)ക്കാകട്ടെ വിവാഹമോചനം പാടില്ല എന്ന് അല്ലാഹു കല്പിച്ചതാണ് (33:53) അതുകൊണ്ട് ഇത് മുസ്‌ലികളോടുള്ള പൊതു കല്പനയാണ്.

ഈ ഖുർആൻ വചനത്തിൽ വിവാഹമോചനം ചെയ്യപ്പെട്ട (ഒന്നാമത്തെ ത്വലാഖ് ചൊല്ലിയ) സ്ത്രീയെ ഇദ്ദ: കാലം വരെ പുരുഷന്റെ വീട്ടിൽ തന്നെയാണ് പാർപ്പിക്കേണ്ടത് എന്ന് വ്യക്തമായും അല്ലാഹു പറയുന്നു. വ്യക്തമായ നീചവൃത്തി ചെയ്താലല്ലാതെ അവരെ വീട്ടിൽ നിന്ന് പുറത്താക്കരുതെന്ന് അനുശാസിക്കുകയും ചെയ്യുന്നു. അതോടൊപ്പം സ്ത്രീകളോട് സ്വയം പുറത്ത് പോകുകയും ചെയ്യരുത് എന്നും കല്പിക്കുന്നു. ഇവിടെ വ്യക്തമായ നീചവൃത്തി എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടത് വ്യഭിചാരമാണ്. വിവാഹമോചനങ്ങളിൽ ബഹുഭൂരിപക്ഷവും സ്ത്രീയുടെ വ്യഭിചാരക്കുറ്റം കൊണ്ടല്ല എന്ന് വ്യക്തമാണല്ലോ. വാസ്തവത്തിൽ മുറിഞ്ഞുപോയ ബന്ധം പുനസ്ഥാപിക്കാൻ കൂടെ താമസിക്കണം എന്ന് അല്ലാഹു കല്പിച്ച ഈ നിബന്ധന സാർവ്വത്രികമായി ലംഘിക്കപ്പെട്ടുകാണുന്നു. ഒരേ വീട്ടിൽ തന്നെ ത്വലാഖ് ചെയ്യപ്പെട്ട ഭാര്യാഭർത്താക്കന്മാർ ജീവിക്കുമ്പോൾ തീർച്ചയായും അനുരജ്ഞനത്തിനുള്ള ഏറ്റവും അനുയോജ്യമായ ഒരവസ്ഥ നിയമം വഴി അല്ലാഹു അവർക്ക് ഒരുക്കുകയാണ് ചെയ്യുന്നത്. ഇദ്ദഃകാലയളവിൽ മറ്റൊരുപാധിയും കൂടാതെ അവർക്ക് ആ വിവാഹബന്ധം പുനസ്ഥാപിക്കാൻ ഇതുമൂലം സാധ്യമാവുന്നു. അവരുടെ തീരുമാനം അയഥാർത്ഥമായ കാരണം കൊണ്ടോ പെട്ടെന്നുള്ള കോപാവേശം കൊണ്ടോ ആണെങ്കിൽ തീർച്ചയായും അവർ യോജിച്ചുപോകും. പക്ഷേ ഇവിടെ സംഭവിക്കുന്നത് നേരെ മറിച്ചാണ്. വഴക്കും വക്കാണവുമായി ഭാര്യ അവളുടെ വീട്ടിൽ എത്തിയതിന് ശേഷമോ ഭർത്താവിൽ നിന്ന് അവൾ അകന്നുകഴിയുന്ന വേളയിലോ ആണ് ഭർത്താവ് ത്വലാഖ് ചെല്ലുന്നത്. ഇങ്ങനെ വേർപെട്ട് കഴിയുന്ന അവസ്ഥയിൽ തന്നെ ഇദ്ദയുടെ കാലാവധി തീരുന്നു. അങ്ങനെ അല്ലാഹുവിന്റെ പവിത്രമായ ഒരു നിയമം ഇവിടെ ലംഘിക്കപ്പെടുകയും അതിന്റെ ആനുകൂല്യം ലഭിക്കാതെ പോകുകയും ചെയ്യുന്നു. ഈ വിധി കർശനമായും സമൂഹവും ബന്ധുക്കളും നടപ്പിൽവരുത്തുകയാണെങ്കിൽ ഒരുപാട് വിവാഹമോചനങ്ങൾ ഒഴിവാക്കപ്പെടും.

## ഇദ്ദ:യുടെ യുക്തി

ത്വലാഖിന് ശേഷമുള്ള ഇദ്ദ: എന്നത് ചുരുങ്ങിയത്

മൂന്ന് ആർത്തവങ്ങൾക്കിടയിലുള്ള രണ്ട് ശുദ്ധികാലം ഉൾപ്പെടുന്നതാണ്. ത്വലാഖ് പ്രഖ്യാപിക്കുന്ന അവസരം ശുദ്ധികാലമായിരിക്കണമെന്ന് നിർബന്ധമാണ്. ആർത്തവസമയത്ത് ത്വലാഖ് പാടില്ല. ഇതിന്റെ താല്പര്യം ആർത്തവവേളയിൽ അവർ തമ്മിൽ സമ്പർക്കമില്ലാത്ത കാലമാണ് ഈ ഘട്ടത്തിൽ സ്ത്രീകൾക്ക് മാനസിക പിരിമുറുക്കവും അസ്വസ്ഥതയും സ്വഭാവികമാണ്. സമ്പർക്കമില്ലാത്തതിനാൽ ആർത്തവകാലത്ത് ഭർത്താവിന് സ്ത്രീയോടുള്ള ആഭിമുഖ്യം കുറയുന്നു. അവരുടെ സംഘർഷങ്ങളും പിണക്കവും ലൈംഗികവേഴ്ചയിലൂടെ ലഘൂകരിക്കാനും മയപെടുത്താനുമുള്ള സന്ദർഭം ഉണ്ടാവുന്നില്ല. ശാരീരികമായി കൂടുതൽ അടുപ്പമുണ്ടാക്കുന്ന ശുദ്ധികാലത്ത് ത്വലാഖിനുള്ള പ്രവണത കുറയുന്നതുകൊണ്ടാണ് ആ സമയത്ത് ത്വലാഖ് ചൊല്ലാൻ നിർദ്ദേശിച്ചത്.

അങ്ങനെ ത്വലാഖ് പ്രഖ്യാപനത്തിനുശേഷം മൂന്ന് ആർത്തവകാലങ്ങളിൽ (ഇദ്ദകാലത്ത്) ഭാര്യയുടെ കാത്തിരിപ്പിന്റെ ഘട്ടമാണ്. ഈ ഘട്ടത്തിൽ ഭർത്താവിനോടൊപ്പം താമസിക്കുന്ന ത്വലാഖ് ചെയ്യപ്പെട്ട ഭാര്യയെ പുനർവിവാഹം ചെയ്യാതെ ത്വലാഖ് ദുർബലപ്പെടുത്തി അവളെ തിരിച്ചെടുക്കാം. ഇദ്ദ: കാലത്ത് ഭർത്താവിന്റെ വീട്ടിൽ തന്നെ കഴിയുന്നതുകൊണ്ട് വിവാഹജീവിതം പുനഃസ്ഥാപിക്കാനുള്ള ഉചിതമായ സന്ദർഭവും സമയവും ലഭിക്കുന്നു. വിവാഹമുക്ത ഗർഭിണിയാണെങ്കിൽ പ്രസവിക്കുന്നത് വരെയാണ് അവളുടെ ഇദ്ദ. ഈ സന്ദർഭത്തിൽ അവൾ ഭർത്താവിന്റെ വീട്ടിലും ചിലവിലുമാണ് കഴിയേണ്ടത്. ത്വലാഖ് ചെയ്യപ്പെട്ടവളോടുള്ള വിരോധവും വിപ്രതിപത്തിയും ഇല്ലാതാവുന്ന ഏറ്റവും അനുകൂലമായ സാഹചര്യമായി ആ സന്ദർഭം മാറുന്നു. ഈ കാലയളവിൽ അവളെ തിരിച്ചെടുക്കാനുള്ള സാധ്യത ഒരുക്കുകയാണ് ഈ നിബന്ധന വഴി ഇസ്‌ലാം ഉദ്ദേശിക്കുന്നത്.

## മൂന്നാമത്തെ ത്വലാഖ് അഥവാ തിരിച്ചെടുക്കാൻ പറ്റാത്ത ത്വലാഖ്

***പിന്നീട് (മൂന്നാം പ്രാവശ്യം) അവൻ അവളുമായുള്ള വിവാഹബ്ധം വേർപ്പെടുത്തിയെങ്കിൽ അതിനു ശേഷം അവനല്ലാതെ മറ്റൊരു ഭർത്താവിനെ അവൾ വിവാഹം ചെയ്യുകയും ആ ബന്ധം വേർപെടുകയും ചെയ്യുന്നത് വരെ അവൾ അവന് അനുവദനീയമാവുകയില്ല. പിന്നെ ആ (രണ്ടാമത്തെ) ആൾ അവളെ വിവാഹമോചനം ചെയ്തുകഴിഞ്ഞാൽ (വിവാഹബന്ധത്തിലേക്ക്) അവരന്യോന്യം തിരിച്ചുവരുന്നതിൽ അവർക്ക് കുറ്റമൊന്നുമില്ല.*** (23:231)

പുരാതനകാലത്ത് അറബികൾ നിരവധി തവണ ഇഷ്ടമുള്ളപ്പോഴെല്ലാം ത്വലാഖ് ചൊല്ലുകയും വീണ്ടും തിരിച്ചെടുക്കുകയും ചെയ്യുമായിരുന്ന 'ഈലാഅ്' എന്ന ഈ സമ്പ്രദായത്തെക്കുറിച്ച് നേരത്തെ പ്രതിപാദിച്ചിരുന്നുവല്ലോ. ഹ:ആയിശ(റ) റിപ്പോർട്ട് ചെയ്ത ഹദീസിൽ ഇങ്ങനെ നൂറു തവണ ത്വലാഖ് ചൊല്ലി തിരിച്ചെടുക്കുകയും സ്ത്രീകൾക്ക് ബന്ധം വിഛേദിച്ച് മറ്റൊരു ഭർത്താവിനെ വരിക്കാൻ അവസരം നിഷേധിച്ച് അവരെ കഷ്ടപ്പെടുത്തുകയും ചെയ്യുന്ന ഒരു സംഭവം വിവരിച്ചിരിക്കുന്നു. ഇസ്‌ലാം അങ്ങനെ തിരിച്ചെടുക്കാവുന്ന ത്വലാഖ് രണ്ടായി ചുരുക്കി. മൂന്നാമത് തിരിച്ചെടുക്കണമെങ്കിൽ ആ സ്ത്രീ മറ്റൊരാളെ വിവാഹം കഴിക്കണമെന്ന നിബന്ധന വെച്ചു. വിവാഹജീവിതം കുട്ടിക്കളിയല്ലെന്നും അത് ഗൗരവമേറിയ ഉറച്ച ബന്ധമാണെന്നും ഇസ്‌ലാം ഈ ഉപാധി മുഖേന പ്രഖ്യാപിക്കുന്നു.

തിരിച്ചെടുക്കാവുന്ന റദ്ദാക്കുന്ന വിവാഹമോചനം രണ്ട് പ്രാവശ്യമാണെന്നു (അത്വലാക്കു മർറത്താൻ) പറഞ്ഞതിനുശേഷം അതായത് ഒരു തവണ ത്വലാഖ് ചൊല്ലി തിരിച്ചെടുത്തു വിവാഹജീവിതം ആരംഭിച്ചു മറ്റൊരവസരത്തിൽ വീണ്ടും ത്വലാഖ് ചൊല്ലി പിന്നെയും തിരിച്ചെടുത്തു. അതിന് ശേഷം മൂന്നാമതും ത്വലാഖ് ചൊല്ലുകയാണെങ്കിൽ രണ്ട് തവണ തിരിച്ചെടുത്തത് പോലെ അവളെ തിരിച്ചെടുക്കാൻ സാധ്യമല്ല. അവൾ മറ്റൊരാളെ വിവാഹം ചെയ്ത് സ്വാഭാവികമായ രീതിയിൽ അതും പ്രശ്നവശാൽ ത്വലാഖ് ചൊല്ലി ബന്ധവിഛേദം നടത്തിയാലോ ഭർത്താവ് മരണപ്പെട്ടാലോ മാത്രമേ മൂന്ന് തവണ ത്വലാഖ് ചൊല്ലിയ ഭർത്താവിന് വീണ്ടും അവളെ വിവാഹം ചെയ്യാൻ പാടുള്ളൂ.

സാധാരണ മുസ്‌ലിംകൾ റസൂൽ തിരുമേനി(സ) സുന്നത്തിന് വിരുദ്ധമായി മൂന്ന് ത്വലാഖും ഒരുമിച്ചു ചൊല്ലി മൊഴിചൊല്ലാറുണ്ട്. ഇത് പാടില്ലാത്ത കുറ്റമാണെന്ന് റസൂൽ തിരുമേനി(സ)യുടെ സുന്നത്തിൽ നിന്നും വളരെ വ്യക്തമാണ്. അങ്ങനെ മൂന്നോ അതിലധികമോ ത്വലാഖ് ഒരേ ശ്വാസത്തിൽ ചൊല്ലിയാൽ തന്നെ അവ ഒന്നായി മാത്രമേ പരിഗണിക്കൂ. ഇബ്നു അബ്ബാസിൽ (റ) നിന്നു നിവേദനം ***'റുകാനത്ത് തന്റെ ഭാര്യയെ ഒറ്റയിരുപ്പിൽ മൂന്ന് തവണ ത്വലാഖ് ഒന്നിച്ചു ചൊല്ലി. അക്കാരണത്താൽ ഭാര്യ കഠിനമായി ദുഃഖിച്ചു ആവലാതിയുമായി തിരുമേനി(സ)യുടെ അടുത്തെത്തി. എങ്ങനെയാണ് ത്വലാഖ് ചൊല്ലിയതെന്ന് നബി(സ) ചോദിച്ചു. അദ്ദേഹം പറഞ്ഞു: 'ഒറ്റയിരുപ്പിൽ തന്നെ മൂന്നും ചൊല്ലി.' അപ്പോൾ നബി(സ) അരുളി: 'അതൊന്ന് മാത്രമാണ് ആകയാൽ നീ ഉദ്ദേശിക്കുന്നു***

***വെങ്കിൽ അവളെ മടക്കിയെടുക്കുക'*** (അബൂദാവൂദ്)

കോപാവേശത്താൽ മൂന്ന് തവണ ഒറ്റയടിക്ക് ത്വലാഖ് ചൊല്ലി പിന്നീട്, വീണ്ടുവിചാരമുണ്ടായി അവളെ തന്നെ വിവാഹം കഴിക്കുന്ന സംഭവമുണ്ടാകാറുണ്ട്. അങ്ങനെ വീണ്ടും അവളെ നിക്കാഹ് ചെയ്യാൻ അവൾ മറ്റൊരാളെ വിവാഹം കഴിക്കണമെന്ന നിബന്ധനയുള്ള പ്രസ്തുത ഖുർആൻ ആയത്ത് തടസ്സമായി നിൽക്കുന്നു. അതിനെ മറികടക്കാൻ അവളെ മറ്റൊരാളെ ക്കൊണ്ട് വിവാഹം കഴിപ്പിച്ച് ഒരു ദിവസം സഹവസിപ്പിച്ച് നിർബന്ധപൂർവ്വം ത്വലാഖ് ചൊല്ലുന്നു. ഖുർആന്റെ ചൈതന്യത്തിന് വിരുദ്ധമായ ഈ കൃത്രിമ സമ്പ്രദായത്തെയാണ് 'ചടങ്ങിരിക്കൽ' അഥവാ 'ഹലാല' എന്ന് പറയുന്നത്. ഇത് തികച്ചും അനിസ്ലാമികമാണ്. ചടങ്ങിനിരിക്കുന്നവനെയും അതിനു ശ്രമിക്കുന്നവരെയും അല്ലാഹു ശപിച്ചിരിക്കുന്നു എന്ന് റസൂൽ തിരുമേനി(സ) പറഞ്ഞിട്ടുണ്ട്.

## ഖുൽഅ്

ത്വലാഖ് പുരുഷൻ മുൻകൈയ്യെടുത്ത് നടത്തുന്ന വിവാഹമോചനമാണെങ്കിൽ സ്ത്രീയുടെ അപേക്ഷപ്രകാരം നടത്തപ്പെടുന്ന വിവാഹമോചനമാണ് ഖുൽഅ്. ഖുർആൻ പറയുന്നു: ***'അല്ലാഹുവിന്റെ നിയമപരിധികളെ പാലിക്കുവാൻ അവർക്ക് കഴിയാതെ വരുമെന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ അപ്പോൾ എന്ത് നൽകിക്കൊണ്ട് അവൾ വിവാഹമോചനം നേടുന്നുവോ അതിലവർക്ക് ഇരുവർക്കും കുറ്റമില്ല. അല്ലാഹുവിന്റെ നിയമപരിധികളാണിവ. അതുകൊണ്ട് ഇവയെ നിങ്ങൾ ലംഘിക്കരുത്*** (2:230)

സ്ത്രീകൾ തങ്ങളുടെ ആവശ്യപ്രകാരം പുരുഷനിൽ നിന്ന് വിവാഹമോചനം നേടുമ്പോൾ ആ കാര്യത്തിൽ മൂന്നാമതൊരു അധികാരസ്ഥാപനത്തിന്റെയോ, ഖാളിയുടേയോ, കോടതിയുടെയോ ഇടപെടൽ ഉണ്ടാവണമെന്ന് ഈ വചനം വ്യക്തമാക്കുന്നു. ഭാര്യ ഭർത്താവിന്റെ കൂടെ ജീവിക്കാൻ ഇഷ്ടപ്പെടാതിരിക്കുകയും ഭർത്താവ് ത്വലാഖ് നൽകാതിരിക്കുകയും ചെയ്യുന്ന അവസരത്തിൽ നടത്തുന്ന ഖുൽഅ്ന് ഇങ്ങനെയൊരു മൂന്നാം കക്ഷിയുടെ ഇടപെടൽ ആവശ്യമായിവരുന്നു. അതായത് സ്ത്രീ ഈയൊരപേക്ഷ പ്രസ്തുത അധികാരസ്ഥാപനത്തിനാണ് സമർപ്പിക്കേണ്ടത്. സ്ത്രീയുടെ ആവശ്യപ്രകാരമാണ് വിവാഹമോചനം നടക്കുന്നത് എന്നതിനാൽ അവർ പുരുഷനിൽ നിന്ന് സ്വീകരിച്ച മഹറും, മറ്റു സമ്മാനങ്ങളും പുരുഷന് തിരിച്ചുവാങ്ങാവുന്നതാണ്. ഒരിക്കലും അതിലധികമാവാൻ പാടില്ല. റസൂൽ തിരുമേനി(സ) ഖുൽഅ് ചെയ്യാൻ സ്ത്രീകളെ തടസ്സമില്ലാതെ അനുവദിച്ചതായി കാണാം. സൽസ്വഭാവിയായിരുന്നെങ്കിലും വിരൂപനായ സാബിത്ത്ബ്നു ഖൈസി(റ)ൽ നിന്നും വിവാഹമോചനം നേടിയ ജമീല ബിൻത് സുലൂനിന്റെ ചരിത്രം ഹദീസുകളിൽ രേഖപ്പെട്ടു കിടക്കുന്നു. ***റസൂൽ തിരുമേനി അവരോട് ചോദിച്ചു: "നിങ്ങൾ അദ്ദേഹത്തിൽ നിന്ന് എന്താണ് വാങ്ങിയത്? 'ഒരു തോട്ട'മാണെന്ന് അവർ പറഞ്ഞു. 'എന്നാൽ അത് മടക്കിക്കൊടുത്തുകൂടെ' എന്ന് തിരുമേനി(സ) അന്വേഷിച്ചു. അതെയെന്ന് അവർ ഉത്തരം പറഞ്ഞു. റസൂൽ തിരുമേനി(സ) ഖൈസിനോട് പറഞ്ഞു 'തോട്ടം സ്വീകരിച്ചുകൊള്ളുക. അവളെ ഒരു തവണ വിവാഹമോചനം നടത്തുകയും ചെയ്യുക*** (ബുഖാരി)

ഇവിടെ ഭർത്താവിന്റെ വൈരൂപ്യം കാരണം അദ്ദേഹത്തോടു അതൃപ്തിയുണ്ടാവുകയും ആ അതൃപ്തി ഭർത്താവിനോടുള്ള കടമകൾ നിർവ്വഹിക്കാൻ പറ്റുമോ എന്ന ഭയത്തിൽ നിന്നുമാണ് ജമീല ബിൻത് സൂലൂൻ 'ഖുൽഅ്'ആവശ്യപ്പെടുന്നത്. നേരത്തെ ഹദീസിൽ പറഞ്ഞത് പോലെ 'രുചി നോക്കി നടക്കുന്ന' ശീലമുള്ള സ്ത്രീയായത് കൊണ്ടല്ല. റസൂൽ തിരുമേനി(സ) സൗന്ദര്യത്തിന്റെ തത്വശാസ്ത്രമോ വൈരൂപ്യത്തെ ഇഷ്ടപ്പെടാത്തത് ശരിയല്ല എന്ന രീതിയിലുള്ള ഗുണദോഷങ്ങളൊന്നും ഈ അവസരത്തിൽ അവരോട് പറഞ്ഞിട്ടുമില്ല എന്ന കാര്യവും പ്രത്യേകം ഓർക്കേണ്ടതാണ്. ഖുൽഅ് ഉം ത്വലാഖ് പോലെ വെറുക്കപ്പെട്ട സംഗതിയാണെന്ന് റസൂൽ തിരുമേനി(സ) ഉപദേശിച്ചിരിക്കുന്നു.

## ഫസ്ഖ്

ഭാര്യയുടെ അവകാശങ്ങൾ നിഷേധിക്കുകയും അതേസമയം വിവാഹമോചനം നൽകാതിരിക്കുകയും ചെയ്യുന്ന ഭർത്താക്കന്മാരിൽ നിന്നുമുള്ള വിവാഹമോചനമാണ് ഫസ്ക്. ഇവിടെ സ്ത്രീ പീഢിതയാണ്.

ദാമ്പത്യജീവിതത്തിൽ ലൈംഗികബന്ധം ഇല്ലാതിരിക്കുക. ദീർഘകാലം ഭാര്യയിൽ നിന്നും വിട്ടുനിൽക്കുക. ഭർത്താവിന് സന്താനോൽപാദനശേഷി ഇല്ലെന്ന് തെളിയുക. നിരന്തരം ക്രൂരത കാട്ടുക എന്നീ കാരണത്താൽ ഭാര്യയുടെ ജീവിതം ക്ലേശപൂർണ്ണമാക്കുന്ന ഭർത്താവിൽ നിന്നും മോചനമാണ് ഫസ്ഖിന്റെ നിയമം കൊണ്ട് ഉദ്ദേശിക്കുന്നത്.

ഖലീഫ ഉമർ (റ) ഒരിക്കൽ ഭർത്താവിൽ നിന്നും അകന്നുകഴിയുന്ന വിരഹിയായ ഒരു ഭാര്യ തന്റെ വിധിയെ പഴിച്ച് ചൊല്ലിക്കൊണ്ടിരുന്ന ശോകനിർഭരമായ ഒരു കവിത കേൾക്കുകയുണ്ടായി. അവളുടെ വിവര

*( ശേഷം 34ൽ)*

ലേഖനം

എം. മുബാറക്ക് അഹ്മദ് കരുനാഗപ്പള്ളി

# മഹാവിസ്ഫോടനത്തിന് ശേഷം നിലവിൽ വന്ന പ്രപഞ്ചം

***പ്രപഞ്ചം മഹാവിസ്ഫോടനത്തിനുശേഷം നിലവിൽ വരികയും അത് വികസിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതായി ഖുർആൻ പറയുന്നു***

മരണാനന്തരമുള്ള ഖബർവാസം, ഉയർത്തെഴുന്നേൽപ്, വിധി വിസ്താരം സ്വർഗ്ഗ നരകവാസങ്ങൾ ഇതുകളെ കുറിച്ചെല്ലാം ഖുർആൻ പലഭാഗത്തും വിവരിച്ചിട്ടുള്ളതിന് പുറമേ മറ്റൊരു പ്രപഞ്ചത്തിൽ ജീവിക്കുന്ന അവസ്ഥയെ പറ്റി സൂചിപ്പിക്കുന്നു.

***'നിങ്ങൾക്കു മരണം വിധിച്ചത് നാമാണ്. നിങ്ങളുടെ അവസ്ഥക്കു മാറ്റം വരുത്തുന്നതിനും നിങ്ങൾക്ക് (ഇപ്പോൾ) ഗ്രഹിക്കാൻ കഴിയാത്ത അവസ്ഥയിലേക്കു നിങ്ങളെ വളർത്തികൊണ്ടുപോവുകയും ചെയ്യുന്നതിൽ നാം പരാജിതയാവുകയില്ല തന്നെ.***

***(നിങ്ങളുടെ) ആദ്യത്തെ സൃഷ്ടിപ്പിനെക്കുറിച്ച് നിങ്ങൾ(ഇപ്പോൾ) അറിഞ്ഞു കഴിഞ്ഞിട്ടുണ്ട്. 'എന്നിട്ട് എന്തുകൊണ്ട് നിങ്ങൾ ചിന്തിക്കുന്നില്ല.' (56:61,62)***

നിങ്ങൾക്കു ബുദ്ധിയില്ലേ?. നിങ്ങൾ ചിന്തിക്കുന്നില്ലേ? (എന്നു ഖുർആൻ പല പ്രാവശ്യം ചോദിക്കുന്നുണ്ട്. ഇവിടെ വരും പ്രപഞ്ചങ്ങളിലെ, മനുഷ്യനു ഇപ്പോൾ ഗ്രഹിക്കാൻ കഴിയാത്ത മനുഷ്യന്റെ അവസ്ഥാന്തരങ്ങൾ ചിന്തിച്ചു മനസ്സിലാക്കുവാൻ അല്ലാഹു ഓർമ്മപ്പെടുത്തുന്നു. മരണാനന്തരം ഈ വാദത്തെ പറ്റി പറയുന്ന സന്ദർഭങ്ങളിലും ഇതിനു സമാനമായ ഉത്ബോധനങ്ങൾ ഖുർആൻ നൽകുന്നുണ്ട്.

എൻട്രോപ്പിയുടെ പ്രവർത്തനം മൂലം, ഒടുവിൽ പ്രപഞ്ചത്തിന് പിന്നെയും ഉണ്ടാകുവാൻ ദ്രവ്യം ഒട്ടും തന്നെ ഇല്ലാതാവുന്ന ഒരു വസ്ഥ വന്നുഭവിക്കും. എങ്ങും എവിടെയും ഒന്നും ഇല്ലാത്ത അവസ്ഥ.എത്രത്തോളം എന്നാൽ ശൂന്യത പോലും ഇല്ലാത്ത അവസ്ഥ.

***'കുല്ലുമൻ അലൈഹാഫാൻ.......' സകലതും നശിച്ചുപോകും പ്രഭാവത്തിന്റെയും ആദരവിന്റെയും ഉടമസ്ഥനായ നിന്റെ നാഥന്റെ മുഖം (മാത്രം) അവശേഷിക്കും' (55:27,28)***

സകലതിന്റെയും കാരണമായ ദൈവം എന്ന മഹാശക്തി മാത്രം നിലനിൽക്കുന്ന അവസ്ഥ. മുമ്പും എണ്ണിപറയാൻ കഴിയാത്ത അത്രയും പ്രാവശ്യം ഇങ്ങനെ നാശവും ഉത്ഭവവും സംഭവിച്ചിട്ടുണ്ടെങ്കിൽ എവിടെയാണ് ദൈവത്തിന്റെ ആരംഭവും അവസാനവും അവിശ്വാസികൾ ആരായുക?. ഇങ്ങനെയാണ് ദൈവം ആദിയും അവസാനവും നിർണയിക്കാൻ കഴിയാത്ത ശക്തിയായി നിലനിൽക്കുന്നത്. സഹസ്രാനുകോടി വർഷങ്ങൾക്കു ശേഷം പ്രപഞ്ചത്തെ വീണ്ടും ഗ്രന്ഥങ്ങൾ എഴുതുന്ന താളുകൾ ചുരുട്ടും പോലെ ചുരുട്ടുമ്പോൾ സ്വർഗ്ഗവും നരകവും, ആത്മാക്കളും, അങ്ങനെ സർവ്വതും ഇല്ലാതാവുന്ന അവസ്ഥ ശ്രദ്ധിക്കുമല്ലോ. പൊതുവേ മനുഷ്യർക്ക് ഒരു ധാരണയുണ്ട്. സ്വർഗ്ഗവും നരകവും ആത്മാക്കളും ഒരിക്കലും നശിക്കാതെ എന്നെന്നേക്കും നിലനിൽക്കുന്നതായിരിക്കും എന്ന്. എന്നാൽ അങ്ങനെയല്ല. ദൈവത്തെ പോലെ അനന്തനാകാൻ ദൈവത്തിന്റെ സൃഷ്ടികൾക്ക് പറ്റില്ല.'ഖാലിദീന ഫീഹാ' എന്നു ഖുർആൻ പറയുന്ന ആ കാലദൈർഘ്യം അനന്തമായിരിക്കില്ല എന്ന നമുക്ക് മനസ്സിലാക്കാം. പ്രപഞ്ചത്തെക്കുറിച്ചുള്ള മറ്റു അധ്യാപനങ്ങളിൽ നിന്നും ആത്മാക്കളും സ്വർഗ്ഗ നരകങ്ങളും അങ്ങനെ സർവ്വസ്വവും ഒരു നിശ്ചിത കാലയളവ് കഴിയുമ്പോൾ നശിച്ചൊടുങ്ങുന്നു എന്നു വ്യക്തം.

ഈ ഒരു പ്രപഞ്ചത്തിൽ നാം കാണുന്ന നാലു ശതമാനത്തിൽ എന്തെല്ലാം ഉണ്ടെന്ന് തീരെ ചുരുക്കിയ അളവിൽ ഒന്നു നോക്കാം.


***നിന്നും ഇരുന്നും കിടന്നും അല്ലാഹുവിനെ സ്മരിക്കുകയും പ്രപഞ്ച ഭൂമികളെ സൃഷ്ടിച്ചതിൽ***

***(അന്തർഭവിച്ച രഹസ്യങ്ങളെക്കുറിച്ച്) ചിന്തിച്ചുകൊണ്ടിരിക്കുകയും 'ഞങ്ങളുടെ രക്ഷിതാവെ നീയിതെല്ലാം ഒരു ലക്ഷ്യവും ഇല്ലാതെ സൃഷ്ടിച്ചിരിക്കുയല്ല.(ഉപയോഗശൂന്യമായ പ്രവർത്തനങ്ങളിൽ നിന്ന്) നീ പരിശുദ്ധനത്രേ. അതുകൊണ്ട്, ഞങ്ങളെ നരകശിക്ഷയിൽ നിന്നും രക്ഷിക്കേണമേ.(എന്നു പ്രാർത്ഥിക്കുകയും ചിന്തിക്കുകയും ചെയ്യുന്ന ബുദ്ധിമാൻമാർക്കു ഇതിലെല്ലാം പല ദൃഷ്ടാന്തങ്ങളുമുണ്ട്. (3:192)***

1400 വർഷങ്ങൾക്കു മുമ്പ് ഖുർആൻ പ്രസ്താവിച്ചിരുന്ന കാര്യങ്ങളിൽ ചിലതെല്ലാം 1920കൾ മുതൽ പല ജ്യോതിശാസ്ത്രജ്ഞൻമാരും കണ്ടെത്തുകയുണ്ടായി.

ഒരു വിസ്ഫോടനത്തിലൂടെയാണ് പ്രപഞ്ചം ഉത്ഭവിച്ചത്. എന്ന ആശയം ആദ്യമായി അവതരിപ്പിച്ചത് ബൽജിയൻ ജ്യോതിശാസ്ത്രജ്ഞനായ ജോർജ്ജ് ലെമയ്ത്യാർ (George Lematire) ആണ്. അദ്ദേഹത്തിന്റെ ഈ അഭിപ്രായത്തെ പരിഹസിച്ച് 'ഫ്രെഡ്ഹോയൽ' വിളിച്ച പേരാണ് പിൽക്കാലത്ത് അംഗീകരിക്കപ്പെട്ട 'ബിഗ് ബാങ്'

എഡ്വിൻ ഹബ്ൾ തന്റെ 1920 മുതൽക്കുള്ള നിരീക്ഷണ ഫലങ്ങൾ 1928ൽ പ്രസിദ്ധീകരിച്ചു. അതിൽ പ്രപഞ്ചം വികസിച്ചുകൊണ്ടിരിക്കുന്നു എന്നും ഗാലക്സികൾ വളരെ വേഗത്തിൽ അകന്നുകൊണ്ടിരിക്കുന്നതായും സ്ഥാപിക്കുകയുണ്ടായി. അങ്ങനെയാണെങ്കിൽ കണക്കുക്കൂട്ടലുകളിലൂടെ പിറകോട്ടു പോയി ഏതാണ്ട് 1370 കോടി വർഷം മുമ്പ് ഒരു ബിന്ദുവിൽ നിന്നും ആരംഭിച്ചു എന്നും അഭിപ്രായപ്പെട്ടു. (പ്രപഞ്ച ശാസ്ത്രജ്ഞന്മാർ ഭാവിയിൽ ഈ കാലയളവിന് മാറ്റം പറയാവുന്നതേയുള്ളൂ)




മഹാവിസ്ഫോടനത്തിനുശേഷം
ഒരു ബിന്ദുവിൽ നിന്നും വികസിക്കുന്ന പ്രപഞ്ചത്തിന്റെ മാതൃക

കോസ്മിക് ബാക്ക് ഗ്രൗണ്ട് എക്സ്പ്ലോററർ(COBE) വിൽക്കിസൻ പ്രോബ്(WMAP) എന്നീ ഉപഗ്രഹങ്ങൾ നടത്തിയ അന്വേഷണങ്ങളും ഇതു സ്ഥിരീകരിക്കുകയുണ്ടായി.

ഒരു വികസിക്കുന്ന പ്രപഞ്ചത്തിലാണ് നാം ജീവിക്കുന്നത് എന്ന ആശയം ഖുർആൻ അസന്നിഗ്ദമായി വെളിപ്പെടുത്തിയതാണ്.ഖുർആൻ പറയുന്നു; ***ആകാശത്തെ നമ്മുടെ ശക്തികൾ കൊണ്ട് (അയ്ദിൻ) നാം സൃഷ്ടിച്ചിരിക്കുന്നു. തീർച്ചയായും നാം അതിനെ വികസിപ്പിച്ചുകൊണ്ടിരിക്കുന്നവനാണ്(മൂസിഊൻ)(51:48)*** അതിന് ശേഷം പ്രപഞ്ച വികസനത്തെക്കുറിച്ചും ആദ്യത്തെ പരാമർശം വരുന്നത്. 1922ൽ റഷ്യൻ ശാസ്ത്രജ്ഞനായ അലക്സാണ്ടർ, ഫ്രീഡ്മാനിൽ നിന്നാണ്. 1924 ൽ ബർലിൻ അക്കാദമി അതു ജർമ്മൻ ഭാഷയിൽ പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും യൂറോപ്പിൽ തീരെ പ്രചാരം കിട്ടാതെ പോയി.

1927ൽ ലെമയ്ത്ത്യാർ വികസിക്കുന്ന പ്രപഞ്ചം എന്ന ആശയവും 1931ൽ, പ്രപഞ്ചം ഒരു വിസ്ഫോടനത്തിലൂടെയാണുണ്ടായത് എന്ന ആശയവും പ്രസിദ്ധീകരിച്ചു. ഉഗ്രശബ്ദത്തോടു കൂടിയ ഒരു പൊട്ടിത്തെറിയെ പറ്റി ഖുർആൻ പ്രസ്താവിക്കുന്നില്ല. പൊട്ടിപിളർന്ന അണുവിനു ചുറ്റും പൂർണ്ണമായും ശൂന്യമായിരുന്നതിനാൽ എങ്ങനെ ഒരു ശബ്ദം പുറത്തു വരും?. ശബ്ദം കേൾക്കാൻ പുറത്ത് ഒന്നും ഉണ്ടായിരുന്നില്ല. ചുറ്റും എങ്ങും എവിടെയും ആരും ഇല്ലാതിരിക്കേ അഥവാ ശബ്ദം ഉണ്ടായാൽ തന്നെ അത് എന്തു ശബ്ദമായിരുന്നു എന്ന് എങ്ങനെ സ്ഥാപിക്കാൻ കഴിയും?

എല്ലാ ശാസ്ത്ര നിയമങ്ങളും ഈ അഭിപ്രായത്തോടു യോജിക്കുന്നതാണ്. ഇതെടുത്തു പറയുവാൻ കാരണം പ്രപഞ്ചോൽപ്പത്തി സമയത്ത് ആദ്യമായുണ്ടായ ശബ്ദമാണ് 'ഓം' എന്നു ചിലർ വിശ്വസിക്കു

ന്നത് കൊണ്ടാണ് ഒരു ശാസ്ത്ര തത്വത്തിനും അംഗീകരിക്കാൻ കഴിയാത്ത വാദം മാത്രമാണിത്.

മഹാ വിസ്ഫോടനത്തിലൂടെ ആദ്യം പുറത്തു വന്നത് ആറ്റങ്ങൾ പോലും ആയിരുന്നില്ല. ആറ്റങ്ങളുടെ നിർമിതിക്കാവശ്യമായ ക്വാക്കുകളും ഗ്ലൂവോൺകളുമായിരുന്നു. പശ, കണം,എന്നർത്ഥമുള്ള ഗ്ലൂ On എന്ന പദവുമായിചേർത്തു ഗ്ലൂവോൺ എന്ന പദം ഉണ്ടായി. (ഇതു നമ്മൾ ഭൂമിയിലുണ്ടാകുന്ന ഒരു തരത്തിലുള്ള പശയും അല്ല എന്നു ഓർക്കുമല്ലോ),. 1980കളിൽ ഹാംബർഗിലെ പെട്ര(PETRA) എന്ന ഇലക്ട്രോൺ- പോസിട്രോൺ പരീക്ഷണ ശാലയിലാണ് ഗ്ലൂവോണുകളെ ആദ്യമായി തിരിച്ചറിഞ്ഞത്.

മൂന്നു ക്വാർക്കുകൾ ചേർന്നാണ് ഒരു പ്രോട്ടോൺ ഉണ്ടാവുന്നത്. അണുകേന്ദ്രത്തിൽ പ്രോട്ടോണുകളും ന്യൂട്രോണുകളും ഒട്ടി ചേർന്നു നിൽക്കുന്നതിൽ ഒരു പശ പോലെയും, ക്വാർക്കുകളുടെ പ്രതി പ്രവർത്തനങ്ങളിലും ഗ്ലൂവോൺ മുഖ്യമായ പങ്കു വഹിക്കുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഇവ വെക്ടർ ഗേജ്ഡ് ബോസോണുകളാണ്.

മുറെ ഗെൽമാൻ ആദ്യം ഇതിന് കൊടുത്തിരുന്ന പേരു ക്വാർക്ക് എന്നായിരുന്നു. എന്നാൽ 1939ൽ ജെയിംസ് ജോയ്സി എഴുതിയ 'Finnegans Wake' എന്ന നോവലിലെ മൂന്നു വരി കവിതയിൽ കണ്ട ക്വാർക്ക് എന്ന പദം വിളിപ്പേരാക്കി മാറ്റി. അദ്ദേഹത്തിന് പോർക്കിനോടുള്ള ഈ പ്രിയമാണ് ഈ നാമധേയത്തിന് കാരണം എന്നഭിപ്രായപ്പെടുന്നവരുമുണ്ട്.

മഹാവിസ്ഫോടനത്തെ തുടർന്നു പുറപ്പെട്ടൊഴുകിയ കണങ്ങളുടെ അതിവേഗത്തിലുള്ള പ്രവാഹവും വികാസവും മൂലം ഒരു സെക്കന്റ് കഴിഞ്ഞപ്പോൾ മുതൽ താപനില കുറയുകയും പ്രോട്ടോണുകൾ, ഇലക്ട്രോണുകൾ, ന്യൂട്രിനോൾ അവയുടെ പ്രതികണങ്ങൾ മുതലായവ ഉടലെടുത്തു. തുടർന്ന് പ്രോട്ടോണുകളും ന്യൂട്രോണുകളും ഭാരം കുറഞ്ഞ അണുകേന്ദ്രമുള്ള ഡ്യൂട്ടിരിയം, ഹീലിയം, ലിത്തിയം മുതലായവ രൂപപ്പെടുകയും ചെയ്തു.

ഖുർആൻ 41:122ൽ പറയുന്നു. പ്രപഞ്ചം തുടക്കത്തിൽ ഒരു വാതകം (പുക, ആവി) ആയിരുന്നു എന്ന്. 21:31ൽ പറയുന്ന പ്രപഞ്ച ഭൂമികൾ തുടക്കത്തിൽ ഒട്ടി ചേർന്നു നിന്ന ഒന്നായിരുന്നു. പിന്നീട് നാം അതിനെ വേർപ്പെടുത്തി. ഇപ്പറഞ്ഞ കാര്യങ്ങൾ തന്നെയാണ്. ശാസ്ത്രവും ഇപ്പോൾ കണ്ടെത്തിയിരിക്കുന്നത്.

പ്രപഞ്ചത്തിന് മൂന്നു ലക്ഷം വർഷം പ്രായമായപ്പോൾ പദാർത്ഥത്തിൽ നിന്നും വികിരണം മുക്തമാവുകയും പ്രപഞ്ച വികാസത്തിന് അനുസരിച്ച് തരംഗദൈർഘ്യം വർധിക്കുകയും പദാർത്ഥം മറ്റു ആറ്റങ്ങളുമായി തന്മാത്രകളുമായി പ്രത്യക്ഷപ്പെടുകയും തുടർന്ന് നാലു പ്രബല ബലങ്ങൾ ഉണ്ടാവുകയും ചെയ്തു. പ്രപഞ്ചത്തിന്റെ നിലനിൽപ്പിൽ മുഖ്യ പങ്കുവഹിക്കുന്ന ഈ നാലു ബലങ്ങളും ഒരു മഹാബലത്തിൽ നിന്നും ഉത്ഭവിക്കുന്ന എന്ന് ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നുണ്ട്. ആ മഹാബല ത്തെ മനസ്സിലാക്കുന്നവർ ഒടുവിൽ എത്തിചേരുന്നത് ദൈവം എന്ന മഹാശക്തിയിലായിരിക്കും. നാലു ബലങ്ങൾ എന്നത് ഇനിയും വർ ധിച്ചു എന്നു വരാം. ഇതിൽ ഒന്നാമത്തേത് ഗുരുത്വാകർഷണ ബലമാണ് സർവ്വവ്യാപിയായ ഈ ബലമാണ്. പ്രപഞ്ചത്തെ ഇക്കാണുന്ന നിലയിൽ നിർത്തി പ്രവർ ത്തിപ്പിക്കുന്നത്. ഇതിനെ പറ്റി ഖുർആനിൽ ഖുർ പറയുന്നത് ഇപ്രകാരമാണ്. *'നിങ്ങൾക്കു കാണാൻ കഴിയാത്ത തൂ ണുകൾ കൊണ്ടു നാം ആകാശത്തെ പ്രപഞ്ചത്തെ ഉയർത്തി നിർത്തിയിരിക്കുന്നു.* (13:33).ഇതു തന്നെയാണ് നാം പ്രപഞ്ചത്തിൽ കാണുന്ന സർവ്വ ലോകങ്ങളുടെയും നിലനിൽപ്പിനും ചലനത്തിനും ആധാരം. ❒

# ഇഅ്തികാഫ്

ആയിശ (റ) ൽ നിന്നും നിവേദനം : റമദാനിലെ അവസാനത്തെ പത്ത് ദിവസങ്ങളിൽ പ്രവാചകൻ ഇഅ്തികാഫിരിക്കാറുണ്ടായിരുന്നു. മരണം വരെ അവിടുന്ന് അപ്രകാരം ആചരിച്ചിരുന്നു. മരണത്തിന് ശേഷം അവിടുത്തെ ഭാര്യമാർ ഇഅ്തികാഫിരിക്കാറുണ്ടായിരുന്നു. (ബുഖാരി)

# ലൈലത്തുൽ ഖദ്ർ

അനസ്ബ്നു മാലിക്ക് (റ) യിൽ നിന്നും നിവേദനം : ലൈലത്തുൽ ഖദ്ർ സമാഗതമായാൽ നിന്നോ ഇരുന്നോ അല്ലാഹുവിന്റെ അനുഗ്രഹത്തിന് വേണ്ടി യാചിക്കുന്നവരുടെമേൽ മലക്ക് ജിബ്രീലും ഒരു സംഘം മാലാഖമാരും ഇറങ്ങുന്നതാണ്. (ബൈഹക്കി)

ലേഖനം

പി.എ. മുഹമ്മദ് സലീം
കൊടുങ്ങല്ലൂർ

മുബാഹലയുടെ ദൃഷ്ടാന്തം 'പ്രബോധന'ത്തിനുള്ള മറുപടി – 13

# ലക്ഷ്യസാഫല്യം നേടിയ അഹ്മദിയ്യാ ജമാഅത്തും നിരാശനായ മൗദൂദിയും

## അഹ്മദികളുടെ ഖിലാഫത്ത് വ്യവസ്ഥ സുസജ്ജമായി അനുപദം മുന്നേറിക്കൊണ്ടിരിക്കെ മൗദൂദിയുടെ ഒരു പദ്ധതിയും ഭൂമിയിലൊരിടത്തും നടപ്പായില്ല

2001 ഫെബ്രുവരി 24ലെ പ്രബോധനത്തിൽ പേജ് 26ൽ ചോദ്യോത്തരത്തിൽ 'ഖാദിയാനികളുടെ മൗദൂദി വിരോധം' എന്ന തലക്കെട്ടിൽ കൊടുത്ത ചോദ്യത്തിന് 'മുജീബ്' എഴുതിയ ഉത്തരത്തിലെ ചില വരികൾ താഴെ കുറിക്കുന്നു.

" ആദർശ ശൂരരും സ്വാതന്ത്ര്യ ദാഹികളുമായ ഇന്ത്യയിലെ മുസ്‌ലിം സമൂഹം ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ 1857ൽ പരിഭ്രാന്തരായ സാമ്രാജ്യത്വവാദികൾ സമുദായത്തെ പിളർക്കാനും തകർക്കാനും പടച്ചുണ്ടാക്കിയ കോടാലിയാണ് മിർസാ ഗുലാം അഹ്മദ് ഖാദിയാനി എന്നത് ചരിത്രം രേഖപ്പെടുത്തിയ വസ്തുതയാണ്'

എന്നാൽ ഇതിന്റെയെല്ലാം മൊത്തം 'ക്രെഡിറ്റ്' തന്റെ നേതാവിന്റെ തലയിലേക്ക് വെച്ചുകൊണ്ട് മുജീബ് എഴുതുന്നത് കാണുക.

"സ്വന്തമായൊരു മതവുമായി വന്ന മീർസാ ഗുലാമിന്റെ ഖാദിയാനിസത്തെ ഇസ്‌ലാമിൽ നിന്ന് വേർപ്പെട്ട ഒരു പ്രത്യേക മതമായി അംഗീകരിച്ച് അതിന്റെ അനുയായികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കുകയാണ് പാകിസ്ഥാനിലെ അസ്വാരസ്യങ്ങൾ ഒഴിവാക്കാനുള്ള ഒരേ ഒരു വഴിയെന്ന് സയ്യിദ് അബുൽ അഅ്ലാ മൗദൂദി ചൂണ്ടിക്കാട്ടിയത്"

"1973ലെ ഭരണഘടനയിൽ ഖാദിയാനികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കാൻ തയാറായി."

മുജീബ് തുടരുന്നു : ''മതഭ്രഷ്ടിന്റെ വധശിക്ഷ പോലുള്ള ചില പ്രശ്നങ്ങളിലെ മൗദൂദിയുടെ വീക്ഷണമാണ് ഖാദിയാനികൾ നിരന്തരം തെളിവായുദ്ധരിക്കാറ്."

അപ്പോൾ വിഷയത്തിന്റെ കാതലായ വശം കിടക്കുന്നത് ഇവിടെയാണ്. പാക്കിസ്ഥാനിൽ അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ചതിന് അടിസ്ഥാന നിമിത്തമായി വർത്തിച്ചത് മൗലാനാ മൗദൂദിയാണെന്ന് മുജീബ് സമ്മതിച്ചിരിക്കുന്നു.

ഇസ്‌ലാമിൽ നിന്ന് പുറത്തുപോകുന്നവരെ വധശിക്ഷക്ക് ഇരയാക്കണമെന്ന ഫത്‌വ മൗദൂദി നൽകിയെന്നതും മുജീബ് സമ്മതിച്ചല്ലോ. കേരളത്തിലെ പ്രബോധനം വായിക്കുന്ന ജമാഅത്തെ ഇസ്‌ലാമിയുടെ അനുയായികൾക്കും ഇത് വ്യക്തമായല്ലോ?.

മഹത്തായ ലക്ഷ്യം പ്രഖ്യാപിച്ച് – അതിന്റെ പ്രയോഗ വത്കരണത്തിനായി– അഥവാ ഭൂരിപക്ഷ മുസ്‌ലിം രാഷ്ട്രമായ പാക്കിസ്ഥാനിൽ, താൻ രൂപപ്പെടുത്തിയ ആശയങ്ങൾ നടപ്പാക്കുന്ന ഒരു 'ഇസ്‌ലാമിക രാഷ്ട്രം' സ്ഥാപിക്കാമെന്ന കണക്കുക്കൂട്ടലുകളുമായി പ്രവർത്തനമാരംഭിച്ച മൗദൂദിക്ക് ഒരു ന്യൂനപക്ഷ പ്രസ്ഥാനമായ അഹ്മദികളായ മുസ്‌ലിംകളെ അമുസ്‌ലിംകളാണെന്ന് ഭരണകൂടത്തെക്കൊണ്ട് പ്രഖ്യാപിപ്പിക്കാൻ തന്റെ ശ്രദ്ധയും പ്രവർത്തനവും തിരിച്ചു വിടേണ്ടി വന്നതിന്റെ രഹസ്യമെന്തെന്ന് ജമാ

അത്തെ ഇസ്ലാമിയുടെ നിഷ്കളങ്കരായ അനുയായികൾക്കറിയുമോ?

പാകിസ്ഥാനിലെ 'അസ്വാരസ്യങ്ങൾ' ഒഴിവാക്കാൻ അഥവാ വിഭജനത്തിന് ശേഷമുള്ള പാകിസ്ഥാനിലെ ജമാഅത്തെ ഇസ്ലാമിയുടെ ഭാഷയിൽ പറഞ്ഞാൽ, താഗൂത്തി' ഭരണത്തിലെ അസ്വാരസ്യങ്ങൾ ഒഴിവാക്കാൻ - ''ഇസ്ലാമിക ഭരണം'' സ്ഥാപിക്കുകയാണ് വേണ്ടതെന്ന്" പറയേണ്ടതിന് പകരം, അസ്വാരസ്യങ്ങൾ ഒഴിവാക്കാൻ 'അഹ്മദിയ്യാ മുസ്ലിം ജമാഅത്തിനെ- അമുസ്ലിംകളായി പ്രഖ്യാപിക്കുക'യാണ് വേണ്ടതെന്ന് താഗൂത്തി ഭരണകൂടത്തോട് പറയാൻ മൗദൂദിയെ പ്രേരിപ്പിച്ച ഘടകമെന്തെന്ന് മുജീബിനറിയുമോ?. ഒരു വശത്ത് അഹ്മദിയ്യത്ത് ലോകത്ത് വളരെ കുറവാണെന്നും; അതിലേക്ക് ആരും തന്നെ പോകുന്നില്ലെന്നും 'പ്രബോധനം' പറയുമ്പോൾ വർഷങ്ങൾക്ക് മുമ്പ് പാക്കിസ്ഥാനിൽ, പാക്കിസ്ഥാന് 'അസ്വാരസ്യങ്ങൾ' ഉണ്ടാക്കും വിധം ഒരു നിർണ്ണായക ശക്തിയായി അഹ്മദിയാക്കൾ ഉണ്ടായിരുന്നുവെന്നെങ്കിലും മുജീബിന് സമ്മതിക്കേണ്ടി വന്നു!.

വാസ്തവത്തിൽ, അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ വളർച്ചയിൽ മൗലാനാ മൗദൂദിക്ക് അസ്വാരസ്യം നേരിട്ടു എന്നതല്ലേ യാഥാർത്ഥ്യം. അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് നിലവിലുള്ളപ്പോൾ തന്നെയാണ് 1941ൽ അദ്ദേഹ ജമാഅത്തെ ഇസ്ലാമി രൂപീകരിക്കുന്നത്. അഹ്മദിയ്യത്തിന്റെ രണ്ടാം ഖലീഫ ഹസ്രത്ത് മിർസാ ബഷീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) ന്റെ നേതൃത്വത്തിൻ കീഴിൽ അനുഗ്രഹീതവും വ്യവസ്ഥാപിതവുമായ പ്രവർത്തനവുമായി ജമാഅത്ത് മുന്നോട്ടു പോകുന്ന കാലമായിരുന്നു അത്. 'ദാറുൽ അമാനായ' ഖാദിയാൻ ഒരു ശാന്തി കേന്ദ്രമായിരുന്നു ഒരു ഖലീഫയുടെ കീഴിൽ അനുസരണത്തോടെയുള്ള ഒരു സുശക്ത സമൂഹം. പണ്ഡിതനായ മൗദൂദി അതറിയാതിരിക്കില്ലല്ലോ!. പ്രത്യേകിച്ച് പഞ്ചാബിൽ, അദ്ദേഹവും പഠാൻ കോട്ടിൽ- 'ദാറുസ്സലാം' എന്ന പേരിൽ ഒരാസ്ഥാനമുണ്ടാക്കി. എന്നാൽ അല്ലാഹുവിന്റെ തഖ്ദീർ അതിനെ 'ദാറ്' മാത്രമാക്കി മാറ്റി.

അപ്രതീക്ഷിതമായി വന്ന് ചേർന്ന വിഭജനം എല്ലാം ഉപേക്ഷിച്ചുകൊണ്ട് പാക്കിസ്ഥാനിലേക്ക് പോകാൻ മൗലാനാ മൗദൂദിയെ നിർബന്ധിതനാക്കി. എന്നാൽ സർവ്വജ്ഞനായ റബ്ബിന്റെ പ്രവർത്തനം നോക്കൂ!. മുൻകൂട്ടി തന്നെ വിഭജനത്തെക്കുറിച്ച് അല്ലാഹുവിൽ നിന്നും അറിവ് ലഭിച്ച അഹ്മദിയ്യത്തിന്റെ ഇമാം ത്യാഗ സന്നദ്ധരായ 313 ഭടൻമാരെ ഖാദിയാനിന്റെ സംരക്ഷണത്തിനായി ഏർപ്പെടുത്തി; അദ്ദേഹവും അനുയായികളും പാക്കിസ്ഥാനിലേക്ക് പോയി. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ, സർവ്വതും ത്യജിച്ച് തങ്ങളുടെ പ്രിയങ്കരനായ ഇമാമിന്റെ കൽപനയെ മധുരമായി സംരക്ഷിച്ചു. ഇന്നും ഖാദിയാൻ അഹ്മദികളുടെ സജീവ കേന്ദ്രമായി നിലകൊള്ളുന്നുവെന്ന് മുജീബിനറിയാമല്ലോ. ഇനി പാകിസ്ഥാനിലേക്ക് പാലായനം ചെയ്ത അഹ്മദിയ്യത്തിന്റെ ഇമാമും സംഘവും എത്തിച്ചേർന്നതെവിടെയെന്നും, അല്ലെങ്കിൽ അല്ലാഹു എത്തിച്ചതെവിടെയെന്നും നോക്കുക!. വിജനമായ മലയിടുക്കുകളാൽ നിബിഡമായ ഒരു തരിശ് ഭൂമിയിൽ- ജമാഅത്തിന്റെ ഇമാം ആ പ്രദേശം വിലക്ക് വാങ്ങി. കർമ്മനിരതരായ ജമാഅത്തിലെ പുരുഷൻമാരും- സ്ത്രീകളും- കുട്ടികളും ചേർന്ന് തങ്ങളുടെ പ്രിയങ്കരനായ ഇമാമിന്റെ നേതൃത്വത്തിൽ- വർഷങ്ങളുടെ പരിശ്രമത്താൽ ആ തരിശ്ഭൂമിയെ ആകർഷണീയ പട്ടണമാക്കി മാറ്റി. വിശുദ്ധ ഖുർആനിൽ പരാമർശിക്കപ്പെട്ട 'റബ്‌വ' എന്ന പേരിൽ ഇമാം പ്രസ്തുത പട്ടണത്തിന് നാമകരണം ചെയ്തു. റബ്‌വയിലെ ഇസ്ലാമിക മാതൃക പലരെയും അത്ഭുതപ്പെടുത്തുന്നതായിരുന്നു. അങ്ങനെ 1947ലെ വിഭജനം അഹ്മദിയ്യത്തിന് സമ്മാനിച്ചത് വമ്പിച്ച നേട്ടമായിരുന്നു. ഖാദിയാൻ ജമാഅത്തിന്റെ കേന്ദ്രമായി നില നിൽക്കുകയും പാക്കിസ്ഥാനിൽ ' റബ്‌വ' എന്ന പുതിയ കേന്ദ്രം നിലവിൽ വരുകയും ചെയ്തു. എന്നാൽ മൗദൂദിക്ക് സംഭവിച്ചത് നോക്കുക. 1941ൽ അദ്ദേഹം ജമാഅത്തെ ഇസ്ലാമിക്ക് രൂപം കൊടുക്കുമ്പോൾ 'ഹുക്കൂമത്തെ ഇലാഹി' അഥവാ ദൈവീക ഭരണമായിരുന്നു ലക്ഷ്യം. അത് നിലവിൽ വരുത്തുന്നതിനായി- അണികൾക്കാവേശം ലഭിക്കാൻ 'ജിഹാദ് ഫിൽ ഇസ്ലാം' പോലുള്ള വികാരോജ്ജ്വലമായ ഗ്രന്ഥങ്ങളും- പ്രഭാഷണങ്ങളും അദ്ദേഹത്തിന്റേതായുണ്ടായിരുന്നു. മുസ്ലിംകൾ എണ്ണത്തിലും- ശക്തിയിലും കൂടുതലുണ്ടായിരുന്ന കാലഘട്ടമായിരുന്നു ഇത്. പ്രത്യേകിച്ച് പഞ്ചാബിൽ, എന്നാൽ എല്ലാ കണക്കുക്കൂട്ടലുകളും തെറ്റിച്ചുകൊണ്ടായിരുന്നു 1947ലെ വിഭജനം വന്നു ചേർന്നത്. ഇന്ത്യയിൽ അവശേഷിച്ച ജമാഅത്തെ ഇസ്ലാമിക്കാർ ആശയക്കുഴപ്പത്തിലായി- മനുഷ്യബുദ്ധിയിൽ ഉരുത്തിരിയുന്ന ആശയങ്ങളെക്കൊണ്ട് കെട്ടിപടുക്കുന്ന ഭൗതിക പ്രസ്ഥാനങ്ങൾക്ക് സ്വാഭാവികമായി സംഭവിക്കുന്ന സൈദ്ധാന്തികവും പ്രായോഗികവുമായ പ്രതിസന്ധി ജമാഅത്തെ ഇസ്ലാമിക്കും നേരിട്ടു. ഫലത്തിൽ എന്ത് സംഭവിച്ചു?. ഏതൊരു ലക്ഷ്യത്തിന് വേണ്ടി ജമാ

അത്തെ ഇസ്ലാമി രൂപികരിച്ചുവോ. ആ ലക്ഷ്യ പൂർത്തികരണത്തിനായി മൗദൂദി സമർപ്പിച്ച രൂപരേഖയും, ഹുക്കൂമത്തെ ഇലാഹി എന്ന ലക്ഷ്യവും, ജിഹാദും കൈയൊഴിക്കാൻ ജമാഅത്തെ ഇസ്ലാമിക്കാർ നിലനിൽപ്പിന് വേണ്ടി തയാറായി. ജമാഅത്തെ ഇസ്ലാമിക്കാർക്ക് പഠാൻകോട്ടിലെ ദാറുസ്സലാം കേവലം ഒരു സ്മരണ മാത്രമായി. ഇന്ത്യയിൽ നിന്നും പാലായനം ചെയ്ത മൗദൂദിയും സംഘവും തങ്ങളുടെ പ്രവർത്തനങ്ങളുമായി മുമ്പോട്ട് പോയി.

ഭൂരിപക്ഷ മുസ്ലിംകളുള്ള പാകിസ്ഥാനിൽ, താൻ വിഭാവന ചെയ്യുന്ന ഒരു ഇസ്ലാമിക രാഷ്ട്രം സ്ഥാപിക്കാൻ കഴിയുമെന്ന ആത്മ വിശ്വാസത്താൽ, അദ്ദേഹം പൂർണ്ണമായും രാഷ്ട്രീയത്തിലേക്കിറങ്ങുകയും, തദനുസൃതമായ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തു. ആത്മീയ വിഷയങ്ങളേക്കാൾ രാഷ്ട്രീയ വിഷയങ്ങളിലൂന്നിയ പ്രവർത്തന പദ്ധതികൾ- പാക്കിസ്ഥാൻ ജമാഅത്തെ ഇസ്ലാമിയിലെ ചില തലമുതിർന്ന നേതാക്കൾക്ക് ഉൾക്കൊള്ളാൻ പ്രയാസമായി. ഇതറിയാനിടയായ മൗദൂദി സാഹിബ്- അമീർ സ്ഥാനത്ത് നിന്നും രാജിവെക്കുകയുമുണ്ടായി!. ഇതെല്ലാം സംഭവിച്ച യാഥാർത്ഥ്യങ്ങളാണ്.(I.P.H. പ്രസിദ്ധീകരിച്ച ജ.ടി മുഹമ്മദ് 'അബുൽ അഅ്ല' എന്ന ഗ്രന്ഥം നോക്കുക.) തന്റെവിഭാവനയിലുള്ള ഇസ്ലാമിക രാഷ്ട്രം' പാക്കിസ്ഥാനിൽ സ്ഥാപിക്കാൻ കഴിയുമെന്ന പ്രതീക്ഷയിൽ രാഷ്ട്രീയത്തിലേക്കിറങ്ങിയ മൗദൂദിക്ക് പക്ഷേ, ഒരു ഇസ്ലാമിക പഞ്ചായത്ത്' പോലും ഭരിക്കാൻ കഴിഞ്ഞില്ലെന്നത് മാറ്റിവെക്കുക. മാതൃകാപരമായി തന്റെ 'ഇസ്ലാമിക പ്രസ്ഥാന' ത്തെ ഭരിക്കാൻ പോലും കഴിഞ്ഞില്ലെന്നതാണല്ലോ, അമീർ സ്ഥാനത്ത് നിന്നും അദ്ദേഹം രാജിവെച്ച സംഭവം തെളിയിക്കുന്നത്.

ഈ സമയം, ഇസ്ലാമിന്റെ എല്ലാ മാതൃകയും പുലർത്തി- ഒരിസ്ലാ മിക ഭരണകൂടം അനുസ്മരിപ്പിക്കും വിധം അഹ്മദിയ്യത്തിന്റെ അഥവാ ഇസ്ലാമിന്റെ ഖലീഫയും സംഘവും മുന്നോട്ടു പോവുകയായിരുന്നു.

1973ലെ ഭരണഘടന അമുസ്ലിംകളായി പ്രഖ്യാപിക്കുന്നത് വരെ, അഹ്മദികൾ മുസ്ലിംകളായി തന്നെയാണ് പാകിസ്ഥാനിൽ അറിയപ്പെട്ടിരുന്നതെന്ന് മുജീബിന് സമ്മതിക്കേണ്ടി വരുമല്ലോ. വേറെ ഒരു മതമായി അറിയപ്പെട്ടിരുന്നെങ്കിൽ പിന്നെ അമുസ്ലിംകളായി പ്രഖ്യാപിക്കേണ്ടതിന്റെ ആവശ്യമെന്തെന്ന് ചിന്തിക്കാനുള്ള സാമാന്യ ബുദ്ധി മുജീബിനില്ലേ?

പാക്കിസ്ഥാനിലെ സത്യാന്വേഷികൾ ആവേശപൂർവ്വം ഇമാമിന് ബൈഅത്ത് ചെയ്ത് അൽ ജമാഅത്തിൽ പ്രവേശിക്കാൻ തുടങ്ങി.(ഒരു ഖലീഫയോട് ബൈഅത്ത് ചെയ്യാത്ത അവസ്ഥയിൽ മരിച്ചുപോയവൻ ജാഹിലിയ്യ മരണമാണ് വരിച്ചതെന്ന് നബി(സ്വ) പറഞ്ഞിട്ടുണ്ട്.

*(ബോധനം ദ്വൈമാസിക 2001 മാർച്ച്- ഏപ്രിൽ പേജ് 22)*

വളരെ ഏറെ ആളുകൾ, അഹ്മദിയ്യത്തിലേക്ക് പോകുന്നതു കണ്ട മൗദൂദിയുടെ ശ്രദ്ധ ആ വശത്തേക്ക് നീങ്ങിയത് സ്വാഭാവികമായിരുന്നു. അത്രമാത്രം 'റബ്വ' പാകിസ്ഥാന്റെ ശ്രദ്ധാകേന്ദ്രമായി മാറി. ഇസ്ലാമിന്റെ പേരിൽ ഒരു ഖലീഫ, ആ ഖലീഫയെ ജീവനേക്കാൾ സ്നേഹിക്കുന്ന- അനുസരണ ശീലരായ അനുയായികൾ, പള്ളികൾ- ബാങ്ക് വിളി- അഞ്ച് നേര നമസ്കാരങ്ങൾ- തർബ്ബിയത്ത്- തബ്ലീഗ് സമ്മേളനങ്ങൾ- എല്ലാം ബുദ്ധിശാലിയായ മൗദൂദി അറിയാതിരിക്കില്ലല്ലോ. താൻ സ്വപ്നം കണ്ടതും നടപ്പാക്കാനാഗ്രഹിച്ചതുമായ ഒരു ഇസ്ലാമിക സ്റ്റേറ്റ് ഒരു സമസ്യയായി മുന്നിൽ നിൽക്കുമ്പോൾ ഇതാ, ഖാദിയാനീ ഖലീഫ റബ്വ ആസ്ഥാനമായി സുസജ്ജമായ ഒരു ഖിലാഫത്ത് വ്യവസ്ഥയുമായി മുന്നോട്ടുപോകുന്നു. തന്റെ സംരഭങ്ങളെല്ലാം പരാജയത്തിലേക്ക് കൂപ്പുകുത്തുമ്പോൾ, അഹ്മദിയ്യത്തിന്റെ വളർച്ച അദ്ദേഹത്തെ 'സ്വാധീനിച്ചത്' കൊണ്ടാവണം 'റബ്വ' ഖാദിയാനികളിൽ നിന്നും പിടിച്ചെടുക്കാൻ 'താഗൂത്തീ' ഭരണത്തോട് അദ്ദേഹത്തിന് പറയേണ്ടി വന്നത്.

'മുജീബ്' സൂചിപ്പിച്ച പാക്കിസ്ഥാനിലെ 'അസ്വാരസ്യങ്ങൾ' അഹ്മദിയ്യത്തിന്റെ അസൂയാർഹമായ വളർച്ചയായിരുന്നുവെന്ന് ഇതിനകം വായനക്കാർക്ക് മനസ്സിലായിരിക്കുമല്ലോ?. സത്യസന്ധമായി അഹ്മദിയ്യത്തിനെ മനസ്സിലാക്കാൻ ശ്രമിക്കുന്നവർ, അതിൽ പെട്ടുപോകുമെന്ന് മനസ്സിലാക്കിയ മൗദൂദി, അഹ്മദിയ്യത്തിലേക്കുള്ള ഒഴുക്ക് തടയാനും സ്വന്തം അണികളെ പിടിച്ചു നിർത്താനും തന്നാൽ കഴിയുന്ന രേഖകളെല്ലാം സമർപ്പിച്ചുകൊണ്ട് 'ഖതമുന്നുബൂവ്വത്ത്' എന്ന ഗ്രന്ഥം എഴുതി.

അഹ്മദിയ്യാ മുസ്ലിം ജമാഅത്തിനും മറ്റു മുസ്ലിംകൾക്കും ഇടയിലുള്ള വ്യത്യാസം'നുബുവത്ത്' മാത്രമാണെന്ന് മനസ്സിലാക്കിയതുകൊണ്ടാണല്ലോ അദ്ദേഹത്തിന് 'ഖത്തമുന്നുബൂവ്വത്ത്' എന്ന ഗ്രന്ഥം എഴുതേണ്ടി വന്നത്. അഥവാ നുബൂവ്വത്തിനെ സംബന്ധിച്ചുള്ള അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ കാഴ്ചപ്പാടിനെക്കു

റിച്ച് മനസ്സിലാക്കി, അതിന് മറുപടിയായിട്ടാണല്ലോ പ്രസ്തുതഗ്രന്ഥം എഴുതിയത്. മുജീബ് പറയുന്നതു പോലെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്- വേറിട്ടൊരു മതമായി അറിയപ്പെട്ടിരുന്നെങ്കിൽ, അത് മൗദൂദി തന്റെ ഗ്രനഥത്തിൽ പറയുമായിരുന്നല്ലോ. മാത്രമല്ല, അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്. ഒരു വേറിട്ട മതം തന്നെയായിരുന്നുഎന്ന് രേഖാമൂലം സർപ്പിക്കുകയല്ലേ വേണ്ടിയിരുന്നത്.

സാമ്രാജ്യത്വ വാദികൾ പടച്ചുണ്ടാക്കിയ കോടാലിയാണ് മിർസാ ഗുലാം അഹ്മദ് ഖാദിയാനി എന്നത് ചരിത്രം രേഖപ്പെടുത്തിയ വസ്തുതയാണെന്ന് മുജീബ് സംശയരഹിതമായി പറയുമ്പോൾ, മുജീബിന് കിട്ടിയ ഈ ചരിത്ര രേഖ മുജീബിന്റെ നേതാവായ മൗലാന മൗദൂദി കണ്ടിരുന്നില്ലേ? അദ്ദേഹം അത് കണ്ടിരുന്നെങ്കിൽ തീർച്ചയായും അടിസ്ഥാനപരമായ ഈ ചരിത്ര രേഖ' ഒരായുധമായി അഹ്മദിയ്യത്തിനെതിരെ ഉപയോഗിക്കുമായിരുന്നു. എന്നാൽ അങ്ങിനെയൊരു ചരിത്ര വസ്തുത രേഖപ്പെട്ടു കിടക്കുന്നതായി മൗദൂദി സാഹിബ് പറഞ്ഞിട്ടില്ലെന്ന് മാത്രമല്ല, ഹസ്രത്ത് അഹ്മദ്(അ)ന്റെ ഇസ്‌ലാമിക വ്യക്തിത്വത്തെ പരാമർശിച്ചു കൊണ്ട് മൗദൂദിയോട് ഒരാൾ ചോദ്യം ഉന്നയിച്ചപ്പോൾ, 'നുബൂവ്വത്ത് വാദ'ത്തെ ഖണ്ഡിക്കാൻ ശ്രമിച്ചതല്ലാതെ,ഹസ്രത്ത് അഹ്മദ്(അ)ന്റെ ഇസ്‌ലാമിക വ്യക്തിത്വത്തെ നിഷേധിക്കാൻ അദ്ദേഹം തയാറായില്ല.(ചോദ്യോത്തരം- മൗലാനാ മൗദൂദി- I.P.H)

പണ്ഡിതനായ മൗദൂദി , നുബുവ്വത്ത് സംബന്ധിച്ച് തന്റെ എല്ലാ വാദമുഖങ്ങളും തെളിവുകളും ഉദ്ധരിച്ചുകൊണ്ടെഴുതിയ 'ഖത്തമുന്നുബൂവ്വത്ത്' എന്ന ഗ്രന്ഥം പക്ഷേ, അഹ്മദിയ്യത്തിന്റെ പണ്ഡിതൻമാർ വിശുദ്ധ ഖുർആനിന്റെയും ഹദീസിന്റെയും ശക്തമായ പ്രമാണങ്ങളിലൂടെ നൽകിയ മറുപടിക്ക് മുമ്പിൽ ദുർബലമായി പോയി എന്നതാണ് വാസ്തവം.

അഹ്മദിയ്യാ മുസ്‌ലിം ജമാഅതിനെ എതിർക്കണമെന്ന ഉദ്ദേശത്തോടു കൂടി തന്നെ പണ്ഡിതനായ മൗദൂദി, തന്റെ സർവ്വ അറിവും പ്രയോഗിച്ചു കൊണ്ട് സമർപ്പിച്ച 'ഖത്ത മുന്നുബൂവ്വത്ത്' എന്ന ഗ്രന്ഥത്തിലെ രേഖകൾ പോലും ദുർബ്ബലമെന്ന് മനസ്സാക്ഷി പറഞ്ഞതു കൊണ്ടാവണം. പ്രസ്തുത ഗ്രന്ഥത്തിൽ ഇങ്ങനെയെഴുതാൻ അദ്ദേഹം നിർബന്ധിതനായത്. തന്റെ രേഖകളെല്ലാം സമർപ്പിച്ചതിന് ശേഷം; അദ്ദേഹം എഴുതുന്നു.

''ഇരിക്കട്ടെ പ്രവാചകത്വ കവാടം തുറന്നു കിടക്കുകയാണെന്നും തിരുനബിക്ക് ശേഷം ഒരു നബി വരിക തന്നെ ചെയ്യുമെന്നുമുള്ള സങ്കല്പത്തെ വാദത്തിന് വേണ്ടി നാം സമ്മതിക്കുക. എങ്കിൽ തന്നെ യാതൊരു ഭീതിയും കൂടാതെ ആ പ്രവാചകനെ നമുക്ക് പരസ്യമായി നിഷേധിക്കാവുന്നതാണ്. ഭീതിയുണ്ടാവുന്നത് അല്ലാഹുവിന്റെ ചോദ്യം ചെയ്യലിനെക്കുറിച്ച് ശങ്കിക്കുമ്പോഴാണ്. ഖിയാമത്തു നാളിൽ അല്ലാഹു നമ്മെ ഇതേ പറ്റി ചോദ്യം ചെയ്യുന്ന പക്ഷം മുകളിൽ പ്രസ്താവിച്ച റിക്കാർഡുകളെല്ലാം നിരത്തി വെച്ചുകൊണ്ട് നമുക്ക് നിസ്സങ്കോചം പറയാം : നാഥാ!. ഈ പുത്തൻ നബിയെ നിഷേധിക്കാൻ, ഈ അവിശ്വാസത്തിൽഞങ്ങൾ അകപ്പെടുവാനിട വരുത്തിയത്.- മആദല്ലാഹ് - നിന്റെ കിതാബും നിന്റെ നബിയുടെ സുന്നത്തുമാണ്. പ്രസ്തുത റിക്കാർഡുകൾ പരിശോധിച്ചിട്ട് ഒരു പുത്തൻ നബിയിൽ വിശ്വാസിക്കാത്തിന്റെ പേരിൽ അല്ലാഹു നമ്മെ ശിക്ഷിക്കുമെന്ന ആശങ്കക്ക് ഒട്ടും അവകാശമില്ല.''

*മൗലാനാ മൗദൂദി - 'ഖത്തമുന്നുബുവ്വത്ത്' Fourth edition 1982. I.P.H പേജ്. 49-50*

'ഫൈസൽ അവാർഡ്' നേടിയ ഇരുപതാം നൂറ്റാണ്ടിലെ 'നവോത്ഥാന നായക' ന്റെ വാക്കുകളാണ് മുകളിലുദ്ധരിച്ചത്. അഹ്മദിയ്യത്തിന്റെ ശക്തവും പ്രബലവുമായ പ്രമാണ ദൃഷ്ടാന്തങ്ങൾക്ക് മുമ്പിൽ, മൗലാനാ മൗദൂദിയുടെ സകല പാണ്ഡിത്യവും തളർന്ന് വീഴുന്ന രംഗവുമാണ് മേലുദ്ധരിച്ച വരികളിലൂടെ നാം കാണുന്നത്.

താൻ സമർപ്പിച്ച രേഖകൾ മാത്രമാണ് സത്യമെങ്കിൽ, അഥവാ, ഇനിയൊരിക്കലും ഒരു വിധത്തിലുള്ള നബിയും വരികയില്ല' എന്ന, അഹ്മദിയ്യത്തിനെ എതിർക്കാനുള്ള ഏക വിഷയത്തിൽ മൗദൂദി സാഹിബ് സമർപ്പിച്ച രേഖകളിൽ സംശയത്തിന് യാതൊരു പഴുതുമില്ലെങ്കിൽ, പിന്നെ വാദത്തിന് വേണ്ടി നബി വരുമെന്ന് സമ്മതിക്കുന്നതിന്റെ യുക്തിയെന്ത്? ആവശ്യമെന്ത്?

മൗദൂദി ഇങ്ങിനെയൊരു 'വാദ സമ്മതം' നടത്തിയതിന്റെ രഹസ്യം ജമാഅത്തെ ഇസ്‌ലാമിക്കാർക്കറിയുമോ? ❐

## ജലപാനം

അനസ് (റ) നിവേദനം: തിരുമേനി (സ) വെള്ളം കുടിക്കുമ്പോൾ മൂന്ന് പ്രാവശ്യം ശ്വാസം പുറത്തേക്ക് വിടാറുണ്ടായിരുന്നു (ഒരേ ശ്വാസത്തിൽ കുടിക്കാറില്ല).

*(ബുഖാരി)*

ഫസൽ അഹ്മദ്, ലണ്ടൻ

ലേഖനം

# അനാഥക്കുട്ടികളുടെ അരക്ഷിതത്വം

**ദാരിദ്ര്യവും പ്രകൃതിദുരന്തങ്ങളും ബാധിച്ച പാവപ്പെട്ട രാജ്യങ്ങളിൽ നിന്നും വൻതോതിൽ അനാഥക്കുട്ടികളെ കടത്തിക്കൊണ്ടുപോകുന്ന പ്രവണത ലോകത്ത് വർദ്ധിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ അനാഥകളുടെ താല്പര്യ സംരക്ഷണം എങ്ങനെയാണെന്ന് ഖുർആന്റെ അടിസ്ഥാനത്തിൽ ലേഖകൻ വിലയിരുത്തുന്നു.**

**2010**ന്റെ ആദ്യപകുതിയിൽ മാധ്യമങ്ങളിൽ അനാഥ കുട്ടികളെ സംബന്ധിച്ച വാർത്തകൾ സ്ഥലം പിടിക്കുകയുണ്ടായി. അവരുടെ സംരക്ഷണമായിരുന്നു വിഷയം. ഈയ്യിടെ ഹെയ്ത്തിയിൽ നടന്ന സംഭവം അതാണ് സൂചിപ്പിക്കുന്നത്. അമേരിക്ക കേന്ദ്രമായുള്ള 'ന്യൂ ലൈഫ് ചിൽഡ്രൻസ് റഫ്യൂജി' എന്ന ഒരു ഏജൻസി 33 അംഗങ്ങളടങ്ങിയ ഒരു അനാഥകുട്ടികളുടെ സംഘത്തെ ഡൊമിനിക്കൻ റിപ്പബ്ലിക്കിലേക്കും അവിടെ നിന്ന് അമേരിക്കയിലേക്കും കടത്താൻ ശ്രമിക്കുകയുണ്ടായി. ഭൂകമ്പത്താൽ താറുമാറായ ഒരു ദരിദ്രരാജ്യമായിരുന്നു ഹെയ്ത്തി. അതുപോലെയുള്ള ദരിദ്രരാജ്യങ്ങളിലെ ഇത്തരം സംഭവങ്ങൾ അനാഥ കുട്ടികളുടെ അവസ്ഥ എത്ര ദയനീയമാണെന്ന് സൂചിപ്പിക്കുന്നു. അനാഥകുട്ടികളുടെ ഈ മനുഷ്യക്കടത്തിനെ ഹെയ്ത്തിയിലെ സാമൂഹ്യക്ഷേമകാര്യമന്ത്രി വൈവൈ ക്രിസ്റ്റാലിൻ വിശേഷിപ്പിച്ചത്. 'ഇത് ദത്തെടുക്കലല്ല തട്ടിക്കൊണ്ടുപോകലാണ് എന്നാണ്. (Abduction, not Adoption) ഹെയ്ത്തിയിലെ ഈ സംഘത്തിലെ പല കുട്ടികളും അനാഥരായിരുന്നില്ല. സാമ്പത്തിക നേട്ടത്തിന് വേണ്ടിയായിരുന്നു അനാഥകൾ എന്ന പേരിൽ കുട്ടികളെ കൊണ്ടുപോയത്. രണ്ട് വർഷം മുമ്പ് ഇത് പോലെ മറ്റൊരു സംഭവമുണ്ടായി. സുഡാനിലെ ഡാഫറിലെ യുദ്ധത്തിന് ഇരയായവരാണെന്ന് പറഞ്ഞുകൊണ്ട് 103 അനാഥബാലന്മാരെ ഇപ്രകാരം കടത്തിക്കൊണ്ട് പോകുകയുണ്ടായി. 'സോയേസ് ആർക്' എന്ന ഒരു ഫ്രഞ്ച് ഏജൻസിയാണ് ചാഡിൽ വെച്ച് ഈ സുഡാനീ കുട്ടികളെ കൊണ്ടുപോകാൻ ശ്രമിച്ചത്. യു.എൻ.ന്റെ അന്വേഷണത്തിൽ ഈ കുട്ടികൾ ഡാഫറിൻ നിന്നോ സുഡാനിൽ നിന്നോ ഉള്ളവരായിരുന്നില്ല. അവർ അനാഥരുമായിരുന്നില്ല. അവർക്ക് ദൈവത്തിന്റെ സ്നേഹ വും കാരുണ്യവും ആവശ്യമുണ്ടെന്ന ന്യായം പറഞ്ഞാണ് ഇത്തരം ഏജൻസികൾ പ്രവർത്തിക്കുന്നത്. ഈ ദുരിതപൂർണ്ണമായ സാഹചര്യത്തിൽ നിന്നും ദരിദ്രരായ അനാഥകളെ മോചിപ്പിച്ച് നല്ല ജീവിതം കൊടുക്കാനുള്ള ആത്മാർത്ഥമായ ആഗ്രഹമാണ് അവരെ കൊണ്ടുപോകാൻ പ്രേരണയെന്ന് അവർ പറയുന്നത്. പക്ഷേ ചോദ്യമിതാണ് അവരുടെ ജീവിതക്ഷേമത്തെപറ്റി ആരാണ് വിധി പറയേണ്ടത്. ഈയ്യിടെ ലോകപ്രശസ്ത ഗായികയായ മഡോണ. 4 വയസ്സുകാരനായ ഡേവിസ് എന്ന ബാലനെ ദത്തെടുക്കുകയുണ്ടായി. അവൻ തന്റെ സ്വദേശമായ മലാവിയിലെ 'ഹോം ഓഫ് ഹോപ്' എന്ന പൂർവ്വകാല അനാഥാലയം സന്ദർശിക്കാൻ പോയപ്പോൾ അവന്റെ ജീവിച്ചിരിക്കുന്ന പിതാവ് യോഹാൻ ബാൻഡയെ അവിടെ കാണാൻ കഴിഞ്ഞിരുന്നില്ല.

ഈയടുത്തകാലത്തെ പഠനങ്ങൾ സൂചിപ്പിക്കുന്നത് ലോകത്ത് ആകെ 143 ദശലക്ഷം അനാഥകുട്ടികളുണ്ടെന്നാണ്. ദരിദ്രരാജ്യങ്ങളിലെ കുട്ടികളെ ദത്തെടുത്ത് വളർ

ത്തി അവർക്ക് ശോഭനമായൊരു ഭാവിജീവിതം നൽകാനുള്ള അദമ്യ മായ ആഗ്രഹത്തോടെ കഴിയുന്ന ആയിരക്കണക്കിന് ആളുകൾ വട ക്കേ അമേരിക്കയിലും യൂറോപ്പിലു മുണ്ട്. ഈ സാഹചര്യങ്ങളിലെല്ലാം കാണുന്ന പൊതുവായ അവസ്ഥ യെന്താണെന്ന് വെച്ചാൽ അനാഥ രുടെ പ്രശ്നത്തിൽ ബന്ധപ്പെടുന്ന ആളുകൾ അനാഥകളുടെ താല് പര്യം എന്നതിനേക്കാൾ അവരുടെ താല്പര്യത്തിന് വേണ്ടി നിലകൊ ള്ളുന്നവരാണ്. സമ്പന്നരാജ്യങ്ങ ളിലെ ധനാഢ്യരായ ആളുകൾക്ക് അനാഥ ബാലന്മാരെ ദത്തെടുത്ത് അവരുടെ ഇഷ്ടത്തിനനുസരിച്ച് തങ്ങളുടെ മതപരവും സാംസ്കാ രികവുമായ പശ്ചാത്തലത്തിൽ വളർത്താൻ ആഗ്രഹിക്കുന്നവരാണ്. അപ്രകാരം അനാഥബാലന്മാരുടെ ജീവിച്ചിരിക്കുന്ന രക്ഷിതാക്കന്മാരോ അല്ലെങ്കിൽ അടുത്ത ബന്ധുക്കളോ കുറച്ച് പണം ലഭിക്കുന്ന പക്ഷത്ത് നില്ക്കുന്നവരുമാണ്. ഇവിടെ ഉയ രുന്ന ചോദ്യമിതാണ്. അനാഥബാല ന്മാരുടെ യഥാർ ത്ഥ താല്പര്യം എന്താണ്? അവരെ ദത്തെടുക്കാൻ വരുന്നവരുടേയോ, ദത്തിന്നായി ഏല്പിച്ചുകൊടുക്കു ന്ന ബന്ധുക്ക ളുടെയോ താല്പര്യം തന്നെ യാണോ അനാഥരുടെ താല് പര്യം?

ചിലപ്പോൾ ഈ കുട്ടികൾ രക്ഷിതാക്കന്മാർ മാത്രമോ അല്ലെ ങ്കിൽ ബന്ധുക്കൾ മാത്രമോ ഉള്ളവ രായിരിക്കും. അവരാകട്ടെ തങ്ങ ളുടെ സാംസ്കാരിക പൈതൃക ത്തോട് ശക്തമായ വേരുകളുള്ളവ രുമായിരിക്കും. അത്തരക്കാരുടെ കുട്ടികളെ അവരുടെ ഗൃഹാന്തരീ ക്ഷത്തിൽ തന്നെ ജീവിക്കാനനുവ ദിക്കുകയാണ് വേണ്ടത്. ഇത് ചൂഷ ണങ്ങളില്ലാത്ത സുരക്ഷിതമായ ഒരു സാഹചര്യത്തിൽ അവരെ വളരാൻ സഹായിക്കും. ഈ ഗൃഹാന്തരീക്ഷ ത്തിൽ അവർക്ക് ഭക്ഷണവും, വസ്ത്രവും, വിദ്യാഭ്യാസത്തിനുവേ ണ്ടിയുള്ള സഹായവും എ ത്തിച്ചു കൊടുക്കേണ്ടതാണ്. അങ്ങ നെ വരുമ്പോൾ സുരക്ഷിതമായ ഒരു സാഹചര്യത്തിൽ അവർക്ക് വള രാൻ സാധിക്കും.

ഖുർആൻ പറയുന്നു:

***"അനാഥരെ (അവരുടെ കാര്യ പ്രാപ്തിയെ) പരീക്ഷിച്ചുകൊണ്ടി രിക്കുക. അങ്ങനെ അവർ വിവാ ഹപ്രായത്തിലെത്തിയാൽ അപ്പോൾ അവരിൽ നിങ്ങൾ പക്വത കണ്ടറിയുന്നുവെങ്കിൽ അവരുടെ മുതലുകൾ അവർക്ക് വിട്ടുകൊടു ക്കുക. അവർ വളർന്ന് വരുന്നത് (കണ്ടു ഭയന്ന്) അമിതമായും ധൃതിപ്പെട്ടും നിങ്ങൾ അത് തിന്നു കളയരുത്. വല്ലവനും സമ്പന്നനാ ണെങ്കിൽ (അനാഥരുടെ ധനത്തിൽ നിന്നെടുക്കാതെ) പൂർണ്ണമായും ഒഴിഞ്ഞുനില്ക്കട്ടെ. വല്ലവനും ദരി ദ്രനാണെങ്കിൽ (അതിൽ നിന്ന്) ന്യായമായ നിലയിൽ ഭക്ഷിച്ചു കൊള്ളട്ടെ."*** (4:7)

ദരിദ്രാവസ്ഥയെകുറിച്ച് ആകു ലചിത്തരാകുന്ന ദരിദ്രരായ രക്ഷിതാ ക്കന്മാരോട് ഖുർആൻ പറയുന്നു:

***.....ദാരിദ്ര്യം ഭയന്നുകൊണ്ട് നിങ്ങൾ നിങ്ങളുടെ സന്തതികളെ വധിക്കരുത്.*** (6:152)

ഈ വചനം ദരിദ്രരായ കുട്ടിക ളുടെ രക്ഷിതാക്കന്മാരോടും അടുത്ത ബന്ധുക്കളേയും ഓർമിപ്പി ക്കുന്നത് കുട്ടികളെ പോറ്റി വളർ ത്താനുള്ള വരുമാനവും കഴിവും നൽകുന്നത് അല്ലാഹുവാണ് എന്നാണ്. അതുകൊണ്ട് ദാരിദ്ര്യം ഭയന്ന് കുട്ടികളുടെ ക്ഷേമകാര്യങ്ങ ളിൽ യാതൊരു കുറവും വരുത്ത രുത്. അവർക്ക് വേണ്ടതെല്ലാം ഒരു ക്കിക്കൊടുക്കാൻ നാം ബാധ്യസ്ഥ രാണ് എന്നാണ്. അതേസമയം അനാഥബാലരുടെ സ്വത്ത് വളരെ സൂക്ഷിച്ചു വേണം കൈകാര്യം ചെയ്യുക. അത് വിശ്വസ്തതയോടെ സൂക്ഷിക്കാൻ ബാധ്യതപ്പെട്ട മുതലാ ണ്. അവർ പ്രായപൂർത്തിയായാൽ അവർക്കത് തിരിച്ചുകൊടുക്കേണ്ടതു മാണ്.

വിശാലമായ അർത്ഥത്തിൽ അവരുടെ സമ്പത്ത് എന്നാൽ അ വർക്ക് പൈതൃകമായി ലഭിച്ച ഭൗതി കസമ്പത്ത് മാത്രമല്ല. അവരുടെ കുടുംബങ്ങൾക്ക് ബന്ധുക്കൾ മു ഖേനയും സാമൂഹികബന്ധങ്ങൾ മുഖേനയും ലഭിച്ച വിലമതിക്കാനാ വാത്ത ബന്ധങ്ങളും സാംസ്കാരി കമൂല്യങ്ങളും കൂടി ഉൾപ്പെടു ന്നതാണത്.

നമുക്ക് ഹെയ്ത്തി, ചാഡ്, മലാവി എന്നിവിടങ്ങളിലേക്ക് തന്നെ മടങ്ങിയെത്താം. ഖുർആന്റെ ഈ മാർഗദർശനം സ്വീകരിക്കുകയാണെ ങ്കിൽ കുടുംബാംഗങ്ങൾ തുച്ഛമായ പണത്തിന് വേണ്ടി അനാഥബാല ന്മാരെ മറ്റുള്ളവർക്ക് കൈമാറരുത്. അത് പോലെ കൂടുതൽ ജീവിത ക്ഷേമം കാംക്ഷിച്ച് അവരെ സമ്പ ന്നമായ വിദേശരാജ്യങ്ങളിലേക്ക് കയറ്റി അയക്കുകയും ചെയ്യരുത്. ചിലപ്പോൾ ദത്തെടുത്ത കുട്ടികൾ വളരെ ദീർഘകാലത്തെ പ്രയാസ ങ്ങൾക്കും മാനസികസംഘർഷ ങ്ങൾക്കും ശേഷമാണ് അവരുടെ കുടുംബത്തിന്റേയും വംശത്തി ന്റേയും വേരുകൾ കണ്ടെത്തുക.

അതേസമയം അനാഥകളും അല്ലാത്തവരുമായ കുട്ടികളെ വിദേ ശരാജ്യങ്ങളിലെ ആളുകൾ ദത്തെ ടുക്കാറുണ്ട്. അവർ വളരെ സ്തു ത്യർഹമായ രീതിയിൽ ഉന്നതനിര വാരത്തിൽ അവരുടെ ജീവിത

*(ശേഷം 34ൽ)*

ലേഖനം

**അൽഖുർആൻ എക്സിബിഷൻ - 24**

ഏ.ക്യു മഹ്ദി

# കശ്മീരിലെ ഖബറും ടൂറിനിലെ തിരുശ്ശീലയും യേശുവിനെപറ്റി പണ്ഡിറ്റ് നെഹ്റു പറഞ്ഞതും

**ചിതറിത്തെറിച്ച ഇസ്രയേൽ ഗോത്രങ്ങളെ തേടി യേശു അവസാനം ഇന്ത്യയിലെത്തി. ഇന്ത്യയിൽ വെച്ച് ദിവംഗതനാവുകയുണ്ടായി.**


**ലോ**കത്തെ വിശ്വാസത്തിലേയ്ക്ക് വീണ്ടെടുക്കാൻ മറ്റു മത ഗ്രന്ഥങ്ങളാൽ പ്രവചിതമായ ഒരേയൊരു ദൈവിക പരിഹാരപദ്ധതി യേശുവിന്റെ അഥവാ ഈസാനബി (അ)യുടെ രണ്ടാംവരവാണെന്ന് കോടിക്കണക്കിന് ക്രിസ്ത്യാനികളും മുസ്‌ലിംകളും വിശ്വസിക്കുന്നു. രണ്ടായിരത്തിലേറെ വർഷങ്ങളായി യേശു മരിക്കാതെ ആകാശത്തിരിക്കുന്നു എന്ന വിശ്വാസത്തിന്റെ യാഥാർത്ഥ്യമെന്താണ്? ഇതിനെപ്പറ്റി ഖുർആൻ എന്തു പറയുന്നു?

'അല്ലാഹുവിന്റെ പ്രവാചകനായ ഈസ്ബ്നു മറിയമിനെ തങ്ങൾ കൊന്നിരിക്കുന്നുവെന്ന് അവർ പറയുന്നു. അവർക്ക് അദ്ദേഹത്തെ വധിക്കുവാനോ ക്രൂശിച്ചു കൊലപ്പെടുത്താനോ സാധിച്ചിട്ടില്ല. എന്നാൽ അവർക്കു മുമ്പിൽ അദ്ദേഹം (കുരിശിൽ മരിച്ച ആളെപ്പോലെ) സദൃശീകരിക്കപ്പെടുകയാണുണ്ടായത്.'

യേശു കുരിശിൽ തറയ്ക്കപ്പെട്ടുവെന്ന വസ്തുത ഖുർആൻ അംഗീകരിക്കുന്നു. യഹൂദർ അദ്ദേഹത്തെ കുരിശിൽ കയറ്റിയെങ്കിലും ക്രൂശിച്ചു കൊല്ലുന്നതിൽ അവർ പരാജയപ്പെടുകയാണു ചെയ്തത്. ശപിക്കപ്പെട്ട ആ കുരിശുമരണത്തിൽ നിന്നും മഹാനായ ആ പ്രവാചകനെ അല്ലാഹു രക്ഷിക്കയാണു ചെയ്തത്.

കാണാതെപോയ ഇസ്രയേൽ ഗോത്രങ്ങളെപറ്റിയും ഖുർആനിൽ വ്യക്തമായ സൂചനകളുണ്ട്.


'നാം അവരെ (ബനീ ഇസ്രായേലിനെ) വിവിധ ജനതകളായി പിരിച്ചു വ്യാപിപ്പിച്ചു.'




മറിയമിന്റെ മകൻ ഈസാ പറഞ്ഞ സന്ദർഭം: 'ഇസ്രയേൽ സന്തതികളേ ഞാൻ നിങ്ങളിലേയ്ക്കുള്ള പ്രവാചകനാകുന്നു.' ഇതിനെ ഖുർആൻ പറയുമ്പോൾ ബൈബിളിലെ വാക്യം നോക്കുക.

'ഇസ്രായേലിലെ കാണാതെ പോയ ആടുകളുടെ അടുക്കലേയ്ക്കല്ലാതെ ഞാൻ അയക്കപ്പെട്ടിട്ടില്ല.' (മത്തായി 15:24)

യേശുവിന്റെ ദൗത്യകാലത്ത് രണ്ടു ഗോത്രങ്ങൾ മാത്രമേ പലസ്തീനിലുണ്ടായിരുന്നുള്ളൂ. ബാക്കി പത്തു ഗോത്രങ്ങളും ബാബിലോണിയൻ രാജാവ് 'നെബൂക്കദ് നസർ,




ഇസ്രയേൽ ആക്രമിച്ചപ്പോൾ (ക്രിസ്തുവിന് മുമ്പ് 599-ൽ) ചിതറിത്തെറിച്ചുപോയി. അവർ ഒരിക്കലും പലസ്തീനിലേയ്ക്കു തിരിച്ചുവന്നില്ല. കാണാതെ പോയ ഈ പത്തു ഗോത്രങ്ങൾ ഇൻഡ്യവരെ വ്യാപിക്കയുണ്ടായി. അവരിൽ ചിലർ കേരളത്തിലും കുടിയേറിയിരുന്നു. കൊച്ചിയിൽ യഹൂദരുടെ പഴയ ഒരു പള്ളി ഇപ്പോഴുമുണ്ട്.

ഈസാനബിയുടെ മരണത്തെക്കുറിച്ചും ഖുർആനിൽ വ്യക്തമായ സൂചനകളുണ്ട്.

"നിനക്ക് (മുഹമ്മദ് നബി(സ) മുമ്പ് ഒരു മനുഷ്യനും നാം ചിരഞ്ജീവിത്വം നൽകിയിട്ടില്ല. നീ മരിക്കുകയും അവർ ചിരഞ്ജീവികളായിരിക്കുകയും ചെയ്യുമോ....?"

മറ്റൊരു ഭാഗത്ത് ഖുർആൻ പറയുന്നു. 'തീർച്ചയായും അദ്ദേഹത്തിന് (നബി തിരുമേനിക്ക്) മുമ്പുള്ള പ്രവാചകന്മാരെല്ലാം മരിച്ചുപോയിരിക്കുന്നു.

ഇനിയൊരിടത്ത് ഖുർആനിൽ ഇപ്രകാരവുമുണ്ട്. '(ഈസാ പറഞ്ഞു) നീ എന്നെ മരിപ്പിച്ചപ്പോൾ അവരുടെ മേൽനോട്ടക്കാരൻ നീ തന്നെയാണ്.'

ഈ ഖുർആനിക വചനങ്ങൾ ക്കൊക്കെപ്പുറമെ ഈസാനബിയുടെ മരണം സംബന്ധിച്ച് വ്യക്തമായ മറ്റൊരു നബിവചനം കൂടിയുണ്ട്. അതിതാണ്,

'നജ്റാനിലെ ക്രിസ്ത്യൻ പ്രതിനിധികളുടെ ചോദ്യത്തിനുത്തരമായി നബി തിരുമേനി(സ) പറഞ്ഞു:

'ഞങ്ങളുടെ ദൈവം ജീവിച്ചിരിക്കുന്നവനും ഒരിക്കലും മരിക്കാത്തവനുമത്രേ. പക്ഷേ, യേശു എന്നന്നേയ്ക്കുമായി മരണമടഞ്ഞിരിക്കുന്നു.

(അസ്‌വാസുൽ നുസൂൽ - ഹദ്റത്ത് അബുൽ ഹസൻ ബിൻ അഹ്മദ് വാഹിദ്)

മേൽ സൂക്തങ്ങളിൽ നിന്നും ഈസാ നബി(അ) മരിച്ചുപോയി എന്നു വ്യക്തമായി തെളിയുന്നു.

യേശുവിന്റെ മരണകുടീരത്തെപ്പറ്റിയും ഖുർആൻ വ്യക്തമായി സൂചന നൽകിയിട്ടുണ്ട്.

'ഇബ്നു മറിയമിനെയും അദ്ദേഹത്തിന്റെ മാതാവിനെയും ഒരടയാളമാക്കുകയും വാസയോഗ്യവും ജലസമൃദ്ധവുമായ ഒരു ഉയർന്ന പ്രദേശത്ത് അവരിരുവർക്കും അഭയം നൽകുകയും ചെയ്തു.

ഇസ്രയേൽ ഗോത്രങ്ങളിൽ ദൗത്യനിർവഹണത്തിനായി ഇൻഡ്യയിലെത്തിയ യേശുവിന് അരുവികളാൽ സമൃദ്ധമായ ഹിമാലയത്തിലെ ഉയർന്ന കശ്മീർ പ്രദേശത്ത് ദൈവം അഭയം നൽകി. യേശുവിനെ സംബന്ധിച്ച എല്ലാ ദുരൂഹതകളുടെയും മറനീക്കുന്ന സമൂർത്തസാക്ഷ്യമെന്നോണം ക്രിസ്തുവിന്റെ ഖബർ ശ്രീനഗറിലെ ഖാൻയാർ മൊഹല്ലയിൽ ഇന്നും സ്ഥിതി ചെയ്യുന്നു. ചരിത്രകാരന്മാരും പുരാവസ്തു ശാസ്ത്രജ്ഞരും, ആധുനികശാസ്ത്രവും ഈ ചരിത്രപ്രശ്നം ഏറ്റെടുക്കാൻ കാലം വൈകിയിരിക്കുന്നു.

കുരിശുസംഭവത്തിനുശേഷം യേശുവിനെ പൊതിഞ്ഞ തിരുവസ്ത്രം ഇറ്റലിയിലെ ടുറിൻ നഗരത്തിൽ റോയൽ കത്തീഡ്രലിൽ ഇന്നും സൂക്ഷിച്ചിരിക്കുന്നു. യേശുവിന്റെ ഗരീരഭാഗങ്ങളുടെ പ്രതിരൂപം അതിൽ പതിഞ്ഞിരിക്കുന്നു. 1978ലും 1988-ലും നടത്തിയ ശാസ്ത്രീയ പരീക്ഷണനിരീക്ഷണങ്ങൾ തിരുശേഷിപ്പിന്റെ ആധികാരികത തിരിച്ചറിഞ്ഞിട്ടുണ്ട്. കുരിശിൽ പീഢിതനായ ക്രിസ്തുവിനെ ശുശ്രൂഷിക്കാനാണ് തിരുവസ്ത്ര ഉപയോഗിച്ചതെന്നും ജീവനുള്ള യേശുവിനെയാണ് അതിൽ പൊതിഞ്ഞതെന്നും ശാസ്ത്രസമൂഹം അഭിപ്രായപ്പെടുന്നുണ്ട്.

മുൻപ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു തന്റെ 'ലോകചരിത്രാവലോകനം' Glimpses of World History' എന്ന വിശ്വപ്രസിദ്ധമായ തന്റെ ഗ്രന്ഥത്തിൽ പറഞ്ഞതു നമുക്കു ശ്രദ്ധിക്കാം.

'മദ്ധ്യേഷ്യയിലെല്ലായിടവും കശ്മീരിലും ലഡാക്കിലും തിബത്തിലും അവയ്ക്ക് വടക്കുള്ള പ്രദേശങ്ങളിൽ പോലും യേശു അഥവാ ഈസാ സഞ്ചരിച്ചുവെന്നു ബലമായ വിശ്വാസം നിലനിന്നുവരുന്നു. അദ്ദേഹം ഇൻഡ്യയും സന്ദർശിക്കയുണ്ടായി എന്ന് ചിലർ വിശ്വസിക്കു

മാർഗ്ഗത്തിലൂടെ ആഗോളവിജയത്തിന്റെ മന്ത്രധ്വനി മുഴക്കി, അനുഗ്രഹീത ലക്ഷ്യത്തിലേയ്ക്ക് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അനുപദം മുന്നേറിക്കൊണ്ടിരിക്കുന്ന മഹത്തായ കാഴ്ച മുഴുലോകവും ഇന്ന് വിനയപൂർവ്വം കണ്ടുകൊണ്ടിരിക്കുന്നു.

*(ഈ പരമ്പരയ്ക്ക് ഇവിടെ വിരാമമാകുന്നു.)*

***ലേഖകന്റെ ഫോൺ: 9895180442***

ബൈഅത്ത് സ്വീകരിച്ചുകൊണ്ട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനു രൂപം നൽകി. 1908 മെയ് 26-ന് ഹദ്‌റത്ത് അഹ്മദ് (അ) ദിവംഗതനായപ്പോൾ 'അഹ്മദിയ്യാ ഖിലാഫത്ത്' നിലവിൽ വന്നു. അങ്ങിനെ 'മിൻഹാജുൻ നുബുവ്വ' (നുബുവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത്) നിലവിൽ വന്നു. ഒരു ഖലീഫയ്ക്ക് കീഴിൽ 198 രാജ്യങ്ങളിൽ ഇന്ന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്നു. ശാന്തിയുടെയും സമാധാനത്തിന്റെയും സമത്വത്തിന്റെയും

ന്നു... എന്നാൽ, അദ്ദേഹം അങ്ങനെ ചെയ്തിരിക്കാമെന്നതിൽ അസംഭവ്യമായിട്ടൊന്നും തന്നെയില്ല.

നെഹ്റുവിനെപോലെ നിരവധി ചരിത്രകാരന്മാരും ഈ യാഥാർത്ഥ്യം അംഗീകരിക്കുന്നുണ്ട്.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെപറ്റി ചെറിയൊരു വിവരണം കൂടി നൽകിക്കൊണ്ട്, ഈ ലേഖന പരമ്പര അവസാനിപ്പിക്കുകയാണ്. റസൂൽ തിരുമേനി (സ)യുടെ അനുസാരിത്വം കൊണ്ട് നുബൂവ്വത്തിനാൽ അനുഗൃഹീതനായ വാഗ്ദത്ത മഹ്ദി ഹദ്‌റത്ത് അഹ്മദ് (അ) 1889

---

*(22-ൽ നിന്ന് തുടർച്ച)*

ങ്ങൾ അന്വേഷിച്ചു. ദീർഘകാലമായി ഭർത്താവ് തന്നിൽ നിന്നകന്നുനിൽക്കുന്നതിനാൽ അവൾ അസംതൃപ്തയായിരുന്നു. ഉമർ (റ) അവൾക്ക് ഫസ്ഖിന്നുള്ള അനുവാദം കൊടുത്ത സംഭവം പ്രസിദ്ധമാണ്. വിരഹിണിയായ ഭാര്യ എത്ര കാത്തിരിക്കണമെന്നത് അവളുടെ സഹനവും ക്ഷമയുമായി ബന്ധപ്പെട്ട കാര്യമാണ്. നിയമപരമായി ചുരുങ്ങിയത് 4 മാസം മാത്രമേ വിട്ടുനിൽക്കാൻ പാടുള്ളൂ എന്ന് ഈലാഅ് (ഭാര്യയുമായി ബന്ധപ്പെടുകയില്ല എന്ന പ്രതിജ്ഞ)നെ സംബന്ധിച്ച ഖുർആന്റെ വിധിയിൽ (2:227)ൻ പറഞ്ഞിരിക്കുന്നു.

**ഉപസംഹാരം**

മനുഷ്യന്റെ ജീവിതപ്രശ്നങ്ങളെ ഏറ്റവും സത്യസന്ധമായും നീതിപൂർവ്വമായും കൈകാര്യം ചെയ്യുന്ന മതമാണ് ഇസ്‌ലാം. ആവശ്യമാണെങ്കിൽ പുരുഷനെ പോലെ സ്ത്രീക്കും ഇസ്‌ലാം വിവാഹമോചന അവകാശം അനുവദിക്കുന്നു. അതുകൊണ്ടുതന്നെ ഇസ്‌ലാം പുരോഗമനപരമാണ്. എന്തായാലും വിവാഹമോചനം വേദനാജനകമാണ്. അനിവാര്യമായ യാഥാർത്ഥ്യം എന്ന നിലയിലേക്ക് അത് ആവശ്യമായി വരുമ്പോൾ ഇസ്‌ലാം അതംഗീകരിക്കുകയും അതിന്റെ ഓരോ ഘട്ടത്തിലും അനുരഞ്ജനശ്രമത്തിനുള്ള അതിസൂക്ഷ്മമായ ഉപാധികൾ വെക്കുകയും ചെയ്യുന്നു.

മുറിച്ചുമാറ്റപ്പെടുന്ന മനുഷ്യബന്ധങ്ങൾക്ക് ഏറ്റവും കുറച്ച് ആഘാതമേൽപ്പിക്കുന്ന രീതിയിൽ ആവിഷ്കരിച്ചിട്ടുള്ളതാണ് ഇത് സംബന്ധിച്ച് ഇസ്‌ലാമിക നിയമങ്ങൾ. ധാർമ്മികതയുടെ ഉദാത്തമായ മാനങ്ങൾ കൊണ്ട് അവ അനുഗ്രഹീതങ്ങളാണ്. മുസ്‌ലിംകളും പൊതുസമൂഹവും ഇസ്‌ലാമിലെ വിവാഹമോചന നിയമങ്ങളുടെ ശക്തിയും സന്ദേശവും തിരിച്ചറിയപ്പെടേണ്ടതുണ്ട്.

---

*(31-ൽ നിന്ന് തുടർച്ച)*

ത്തിന് തുടക്കം കുറിക്കുകയും ചെയ്യാറുണ്ട്. ഏറെ കാലത്തിനുശേഷം അത്തരം കുട്ടികൾ അവരുടെ വൃദ്ധ മാതാപിതാക്കന്മാരെ തേടി എത്താറുമുണ്ട്.

അനാഥരുടെ കാര്യത്തിൽ ശ്രദ്ധിക്കേണ്ട പ്രധാന കാര്യം, ആരുടേയും വ്യക്തിപരമോ സാമ്പത്തികമോ ആയ താല്പര്യം കണക്കിലെടുക്കാതെ അനാഥരുടെ താല്പര്യത്തെ മുൻനിർത്തി മാത്രമായിരിക്കണം തീരുമാനമെടുക്കേണ്ടത് എന്നാണ്. ഇത്തരത്തിൽ അനാഥ ബാലന്മാരുടെ മനുഷ്യക്കടത്തും കച്ചവടങ്ങളും നാം കണ്ടില്ലെന്ന് നടിക്കുകയോ അവഗണിക്കുകയോ ചെയ്യരുത്. അനാഥബാലരെ മതതാല്പര്യങ്ങൾക്കതീതമായി സമൂഹത്തിലെ എല്ലാ വിഭാഗം ജനവിഭാഗങ്ങളും സംരക്ഷിക്കേണ്ടതുണ്ട്. അനാഥകളുടെ താല്പര്യമാണ് എപ്പോഴും ഉയർത്തിപ്പിടിക്കേണ്ടത്. ഇത് അവഗണിക്കേണ്ട നിസ്സാരപ്രശ്നമല്ല. ഹൃദയത്തോട് ചേർത്ത് വെച്ച് നാം ഗൗരവപൂർവ്വം കൈ കാര്യം ചെയ്യേണ്ട വിഷയമാണ്.

ബി.എസ്. മഞ്ചുനാഥ്

ലേഖനം

# ശ്മശാനത്തിൽ വിരിഞ്ഞ പുഷ്പം വാടാതിരിക്കട്ടെ!

## ലാഹോറിൽ നടന്ന കൂട്ടക്കൊലയെ സംബന്ധിച്ച് 'ഹൊസദിഗന്ത' എന്ന കന്നടദിനപത്രത്തിൽ 4-6-2010ന് വന്ന ലേഖനം

**പാ**കിസ്താൻ എന്ന മതഭ്രാന്തൻമാരുടെ നാട്ടിൽ മത ഭ്രാന്തൻമാർക്കെതിരിൽ നെഞ്ച് വിരിച്ച് നിൽക്കുന്നവർ ആരെങ്കിലുമുണ്ടാകുമോ? അങ്ങനെ ആ മതഭ്രാന്ത മാരുടെ എതിർ സംസാരിക്കുന്നവർ ബാക്കിയാകുമോ? ദശകങ്ങൾക്ക് മുമ്പ് അഹ്മദികൾ എന്ന ഒരു ന്യൂനപക്ഷ വിഭാഗം ഇതിന് തുനിഞ്ഞപ്പോൾ മുഴുവൻ പാകിസ്താനും അത്ഭുതപ്പെട്ട് പോയി. എല്ലാ ജനങ്ങളും ഒരേ മാർഗ്ഗത്തിലൂടെ നടന്നപ്പോൾ അഹ്മദികളുടെ മാർഗ്ഗം വിഭിന്നമായിരുന്നു. പാമ്പും, കീരിയും പോലെ ശത്രുത പുലർത്തുന്ന ശിയാ സുന്നി വിഭാഗങ്ങൾപോലും അഹ്മദികൾക്കെതിരെ ഒറ്റക്കെട്ടായി നിൽക്കുന്നു. ഇവർ അവിടെ അഹ്മദികളെ ഭവനങ്ങളിലും പള്ളികളിലും അടിച്ചമർത്തിക്കൊണ്ടിരുന്നു. ഈയിടെ മുസ്‌ലിം മത ഭ്രാന്തരുടെ സഹായത്തോടെ പാക്കിസ്താനിൽ അഹ്മദികൾ വേട്ടയാടപ്പെട്ടു. രണ്ട് അഹ്മദിയ്യാ പള്ളികൾ 95 അഹ്മദികളുടെ രക്തത്തിൽ കുതിർന്നു.

ഭീകരവാദികളുടെ ഈ ദുഷ്കൃത്യത്തെ ലോകരാഷ്ട്രങ്ങൾ അപലപിക്കുകയുണ്ടായി. എങ്കിലും പാകിസ്താൻ സർക്കാർ അഹ്മദികളുടെ ഈ വിലാപം ചെവിക്കൊണ്ടില്ല. രക്ത സാക്ഷികളുടെ ഖബറടക്കത്തിൽ പങ്കെടുക്കുന്നതിൽ പോലും പാക്കിസ്താൻ സർക്കാർ ലാഭ നഷ്ടം കണക്കാക്കുകയായിരുന്നു. ഭൂരിപക്ഷത്തെ പ്രീതിപ്പെടുത്തുവാൻ വേണ്ടി സർക്കാർ ഖബറടക്ക പരിപാടിയിൽ നിന്ന് അകന്ന് നിന്നു. ഇതിന് മുമ്പ് രാഷ്ട്രീയ നേതാക്കൻമാരും മന്ത്രിമാരും ആശുപത്രികളിൽ പരിക്ക് പറ്റിക്കിടന്നവരെ ആശ്വസിപ്പിക്കാൻ എത്തിയിരുന്നു. തീവ്ര വാദികളുടെ ഈ ഭീകരകൃത്യത്തെ അപലപിച്ച് കൊണ്ട് നിരവധി പ്രസ്താവനകൾ ഇറക്കിയിരുന്നു. ഇതെല്ലാം ഒരു നാല്കെട്ടിന്നുള്ളിൽ നടന്ന ഒരു നാടകങ്ങളാണെന്ന് മനസ്സിലാക്കാൻ അധികം സമയം വേണ്ടി വന്നില്ല. ഇപ്പോൾ പാക്കിസ്താനിൽ അഹ്മദികൾ ഒരു ന്യൂനപക്ഷമാണ്. ഈ വിഷയം കോർട്ടിന്റെ അധീനതയിലും എത്തിയിരിക്കുന്നു. ഖബറടക്ക പരിപാടിയിൽ ചേർന്നാൽ ജനങ്ങൾ തങ്ങളെ ആക്ഷേപിക്കുമെന്ന് എല്ലാവരും ഭയന്നു.

### 'രക്തസാക്ഷി' എന്ന് വിശേഷിപ്പിച്ചാൽ ജയിൽ

പാകിസ്താനിലെ നിയമങ്ങൾ അഹ്മദികൾക്ക് വിരുദ്ധമാണ്. കൊല്ലപ്പെട്ട അഹ്മദിയെ രക്തസാക്ഷി (ശഹീദ്) എന്ന് പറയാൻ പാടില്ല. അങ്ങനെ ആരെങ്കിലും അവരെ രക്തസാക്ഷികൾ എന്ന് വിളിച്ചാൽ മൂന്ന് വർഷത്തെ ജയിൽ ശിക്ഷ ഉറപ്പാണ്. അഹ്മദികൾക്കെതിരിൽ മതപരിത്യാഗി (മുർത്തദ്ദ്) എന്നും ഇന്ത്യയെ സ്നേഹിക്കുന്നവരെന്നും ആക്ഷേപം ഉന്നയിക്കുന്നു. ആയതിനാൽ മാതൃഭൂമിയുടെ ശത്രുക്കൾ എന്ന ലേബൽ അവരുടെ മേൽ ചുമത്തപ്പെട്ടതിനാൽ അവരുടെ വിധി (തഖ്ദീർ) മാറ്റി എഴുതപ്പെട്ടിരിക്കുന്നു. ഈ അഹ്മദികൾ ആരാണ്? ഇവരുടെ നിഴൽ കാണുമ്പോൾ തന്നെ ഈ പാകിസ്താനികൾക്ക് ഇവരോട് ഇത്ര വിരോധം ഉണ്ടാകാനുള്ള കാരണമെന്ത്?

### പഴയ പേര്!

അഹ്മദിയ്യാ സമുദായം പാക്കിസ്ഥാന്റെ ആരംഭകാലത്തു തന്നെയുള്ള ഒരു സമുദായമാണ്. അവർ മുസ്‌ലിംകൾ ആണെങ്കിൽ പോലും അത് തുറന്ന് പറയാൻ അവർക്ക് അനുവാദമില്ല. മുഹമ്മദ് നബി ഇസ്‌ലാം സ്ഥാപിച്ച പ്രവാചകനാണ്. അദ്ദേഹം അന്ത്യപ്രവാചകനാണെന്ന് മുസ്‌ലിംകൾ വിശ്വസിക്കുന്നു. മുഹമ്മദ് നബി പ്രവചനം ചെയ്ത പ്രകാരം വന്ന ഹദ്റത്ത്

മിർസാ ഗുലാം അഹ്മദ് എന്ന പുരുഷനോട് അഹ്മദികൾക്ക് വളരെ ആദരവും ബഹുമാനവുമാണ്. ധാർമ്മിക വിരുദ്ധത ഹിംസ, രക്തംചിന്തൽ എന്നിവയോട് വിരോധം പുലർത്തുന്ന അഹ്മദികൾ നീതി, ശാന്തി, ധർമ്മം എന്നിവയുടെ മുന്നിൽ തലകുനിക്കുന്നു. എന്നാൽ ഇവർ പുരോഗമന ചിന്താഗതിക്കാരാണ്. ആയതിനാൽ ദീൻ (മതം) എന്നാൽ ജിഹാദ് ആണ് എന്ന് പറയുന്നവർ ഇവർ ദീനിന്റെ ശത്രുക്കളായി പരിഗണിക്കുന്നു. അതിനോടൊപ്പം ഇവർക്കെതിരിൽ ആക്രമണങ്ങൾ സംഘടിപ്പിക്കാൻ തീവ്രവാദികളെ സാഹായിക്കുകയും ചെയ്യുന്നു.

## എല്ലാ ദിവസവും മർദ്ദനങ്ങൾ

എല്ലാ ദിവസവും പാക്കിസ്ഥാനിൽ അഹ്മദികൾക്ക് മർദ്ദനം സഹിക്കേണ്ടി വരുന്നു. കഴിഞ്ഞ ആറ് ദശകങ്ങളിൽ പാക്കിസ്ഥാനിൽ ജീവിച്ചുക്കൊണ്ടിരിക്കുന്ന അഹ്മദികളുടെ ജനസംഖ്യ 40 ലക്ഷത്തിലേക്ക് താഴ്ന്നിരിക്കുന്നു. തീവ്രവാദികളുടെ ആക്രമണം വർദ്ധിച്ച് കൊണ്ടിരിക്കുന്നതിനാൽ അഹ്മദികളായ ഒരു വലിയ വിഭാഗം വിദേശത്തേക്ക് കുടിയേറി പാർത്തു കൊണ്ടിരിക്കുകയാണ്. പുരോഗമന ചിന്താഗതിയുമായി അവർ വിദേശങ്ങളിൽ ജീവിക്കുകയാണ്.

## സമൻമാരല്ല

പാകിസ്താനിലെ അഹ്മദികൾ ഭൂരിപക്ഷ മുസ്ലിംകളെ പോലെ തുല്യവകാശമില്ല. 1974ൽ പാക്കിസ്ഥാൻ ഭരണഘടന ഭേദഗതി ചെയ്ത് അഹ്മദികളെ അമുസ്ലിങ്ങളായി പ്രഖ്യാപിക്കുകയുണ്ടായി. പാകിസ്താനിലെ ദൈവനിന്ദ ഓർഡിനൻസുകൾ അഹ്മദികളെ ശിക്ഷിക്കുവാൻ ഉദ്ദേശം വെച്ച് കൊണ്ടാണ് പുറപ്പെടുവിച്ചിരിക്കുന്നത്.

1984 ൽ പാകിസ്താൻ പുറത്തിറക്കിയ ഓർഡിനൻസ് അഹ്മദികളെ വളരെയധികം ദുരിതത്തിലാഴ്ത്തി. ഈ നിയമപ്രകാരം അഹ്മദികൾ തങ്ങളുടെ വിശ്വാസം തുറന്ന് പറയുവാൻ പാടുള്ളതല്ല. അത് പോലെ പ്രചരിപ്പിക്കുവാനും പാടില്ല. ഭൂരിപക്ഷക്കാരുടെ പള്ളികളിൽ അഹ്മദികൾക്ക് പ്രവേശിക്കുവാൻ പാടില്ല. തുറന്ന സ്ഥലങ്ങളിൽ ആരാധന നടത്തിയാൽ ശിക്ഷ ഉറപ്പാണ്. സർക്കാർ ചൂണ്ടികാണിക്കുന്ന സ്ഥലങ്ങളിൽ മാത്രമെ പള്ളികൾ നിർമ്മിക്കാൻ അനുവാദമുള്ളു. അന്യമതസ്ഥരുമായി (മുസ്ലിംകളുമായി) വിവാഹം നടത്തുവാൻ പാടില്ല. ഭൂരിപക്ഷക്കാരുടെ സദസ്സിൽ അഹ്മദികൾക്ക് പ്രവേശിക്കാൻ അനുവാദമില്ല. ഇത് പോലെ നിരവധി നിയമങ്ങൾ അഹ്മദികളുടെ കരങ്ങളെ ബന്ധിച്ചിരിക്കുന്നു. അവയെ ലംഘിച്ചാൽ പിഴ ശിക്ഷ മുതൽ വധശിക്ഷ വരെ ലഭിക്കുന്നു. പാക്കിസ്ഥാനിൽ അഹ്മദികൾക്കെതിരെ മുസ്ലിംകൾ നടത്തുന്ന ആക്രമണങ്ങൾക്ക് ഒരു അതിരുമില്ല.

## സാധു സജ്ജനങ്ങൾ

ഇതര മുസ്ലിങ്ങളോട് തുലനം ചെയ്യുമ്പോൾ അഹ്മദികൾ സാധു സജ്ജനങ്ങളാണ്. അവർ വീടുകളിൽ നിന്ന് പുറത്തിറങ്ങുന്നത് തന്നെ അപൂർവ്വമാണ്. അവരെ ശല്യം ചെയ്താലും ദ്രോഹിച്ചാലും അവർ പ്രതിഷേധ പ്രകടനങ്ങളുമായി റോഡിൽ ഇറങ്ങാറില്ല. എപ്പോഴെങ്കിലും അവർ ഇറങ്ങിയാൽ തന്നെ അവർ മൗന ജാഥമാത്രം നടത്തുന്നു. സ്വത്ത് നശിപ്പിക്കൽ, ജനങ്ങളെ അക്രമിക്കുക എന്നിവ ഇതുവരെ അവർ നടത്തിയിട്ടില്ല. തങ്ങളിൽപ്പെട്ട നൂറു കണക്കിന് നിരപരാധികൾ കൊല്ലപ്പെട്ടപ്പോഴും അവരുടെ സഹിഷ്ണുതയുടെ അണക്കെട്ട്പൊട്ടിയില്ല തങ്ങളുടെ ബന്ധുക്കളുടെ മരണത്തെപറ്റി വായ് തുറന്നപ്പോൾ അവർ പറഞ്ഞത് ഇത്രമാത്രമായിരുന്നു.

“അല്ലാഹു എല്ലാം നോക്കി കൊള്ളും” എന്ന് പറഞ്ഞ് കൊണ്ട് അവർ മൗനമായി കണ്ണീർ പൊഴിച്ചു കൊണ്ടിരുന്നു.

എല്ലാ ദിവസവും രക്തം ഒഴുകി കൊണ്ടിരിക്കുന്ന പാകിസ്താൻ എന്ന അഴുക്കുചാലിൽ ശാന്തിയുടേയും സമാധാനത്തിന്റെയും ഒരു പുഷ്പമായി അഹ്മദികൾ വിരിഞ്ഞിരിക്കുന്നു. ശ്മശാനത്തിൽ വിരിഞ്ഞ ഈ പുഷ്പത്തെ വാടാതിരിക്കാൻ സംരക്ഷണം നൽകുന്നവർ ആരുണ്ട്? വേലി തന്നെ വിളവ് തിന്ന് നശിപ്പിക്കുന്ന പാക്കിസ്ഥാനിൽ ഇത് സാധ്യമാണോ?

നൊമ്പരം നൽകുന്ന മുള്ളുകളുടെ മധ്യത്തിൽ അതിമനോഹരമായ ഒരു പനിനീർ പുഷ്പം വിരിഞ്ഞിരിക്കുന്നു. ദ്രോഹം ശീലമാക്കി മാറ്റിയ പാപികളുടെ ആസ്ഥാനമായ പാക്കിസ്ഥാനിൽ പനിനീർ പുഷ്പം പോലെ സുന്ദരമായ ഒരു ജനവിഭാഗം ഉണ്ട്. അവരാണെങ്കിൽ അമുസ്ലിംകളല്ലതാനും. എല്ലാ മുസ്ലിംകളെ പോലെത്തന്നെ അവർ അഞ്ച് നേരം നമസ്ക്കാരം അനുഷ്ഠിക്കുന്നു. റമസാനിൽ നോമ്പനുഷ്ഠിക്കുന്നു. മക്കയിൽ ഹജ്ജിന് പോയി പരിശുദ്ധരാകുന്നു. എങ്കിലും അവർ പാകിസ്താനിൽ അമുസ്ലിം മതന്യൂനപക്ഷക്കാരാണ്. ഇതിന് എന്താണ് കാരണമെന്ന് നിങ്ങൾക്കറിയാമോ? അഹ്മദികൾ ജിഹാദിനെ എതിർക്കുന്നു. രക്തം ചീന്തുന്ന ജിഹാദിനെ അവർ പിന്തുണക്കുന്നില്ല. അതുകൊണ്ട് ദീനിന്റെ ശത്രുക്കൾ എന്ന ആക്ഷേപം അവരുടെ മേൽ ഉന്നയിക്കുന്നു. ഇവർക്കെതിരിൽ പുതിയ പുതിയ നിയമങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു.

# തഹ്‌രീക്കെ ജദീദും പരിശുദ്ധ റമദാനും

ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ് ഖലീഫത്തുൽ മസീഹ് സാനി (റ) തഹ്‌രീക്കെ ജദീദിന്റേയും പരിശുദ്ധ റമദാന്റേയും പ്രധാനപ്പെട്ട നാല് ഔചിത്യങ്ങൾ അതായത് ലളിതജീവിതം, കഠിനാദ്ധ്വാനം സ്ഥൈര്യം, ദുആ എന്നിവയെ സംബന്ധിച്ച് പ്രതിപാദിച്ചശേഷം ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി:

"നിങ്ങൾ രമദാനിൽനിന്ന് പ്രയോജനമുൾക്കൊള്ളാൻ ആഗ്രഹിക്കുന്നുവെങ്കിൽ തഹ്‌രീക്കെ ജദീദിൽ പങ്കാളിയാകുക, ഓരോ വ്യ ക്തിയും റമദാൻ തഹ്‌രീക്കെ ജദീദിന്റേയും തഹ്‌രീക്കെ ജദീദ് റമദാന്റേതുമാക്കി തീർക്കാൻ ശ്രമിക്കുക... റമദാൻ നമ്മുടെ ദേഹേച്ഛകളെ നശിപ്പിക്കുന്നതും തഹ്‌രീക്കെ ജദീദ് നമ്മുടെ ആത്മാവിൽ പുതുജീവൻ നൽ കുന്നതുമായിത്തീരട്ടെ... ഏതൊരു റമദാനാണോ ത്യാഗങ്ങളില്ലാതെ കടന്നുപോകുന്നത് അത് റമദാനല്ല. ആത്മാവിന് പുതുജീവൻ നൽകാതെ ഏത് തഹ്‌രീക്കെ ജദീദാണോ കടന്നുപോകുന്നത് അത് തഹ്‌രീക്കെ ജദീദുമല്ല. (ഖുത്ബ ജുമുഅ 4-11-1938)

റമദാന്റെ അവസാനത്തെ പത്തു ദിവസങ്ങൾ തഹ്‌രീക്കെ ജദീദ് മുഖേന കരഗതമായ ത്യാഗസംരംഭങ്ങൾക്ക് നന്ദി കാണിക്കാനും ഭാവിയിൽ ഇത്തരം സൗഭാഗ്യം കരസ്ഥമാക്കാനും വിനിയോഗിക്കേണ്ടതാണ്. കഴിഞ്ഞകൊല്ലം ധനത്യാഗങ്ങൾക്ക് ഭാഗ്യം ലഭിച്ചവർ അതിനായി ദൈവത്തോടു നന്ദി നിറവേറ്റേണ്ടതാണ്. ദുആ ചെ യ്യുന്ന ഓരോ ആളും ഇത്തരം ത്യാഗം ചെയ്യുന്നവർക്കുവേണ്ടിയും ദുആ ചെയ്യേണ്ടതാണ്. എന്തുകൊണ്ടെന്നാൽ അവർ ദീനിനു ശക്തി ലഭിക്കുന്നതിനും ജമാഅത്തിന്റെ അഭിവൃദ്ധിക്കുവേണ്ടിയുമാണ് ഇത്തരം ത്യാഗം ചെയ്തിരിക്കുന്നത്. തൽഫലമായി എത്രമാത്രം ആത്മാർ ത്ഥതയോടും സ്നേഹത്തോടെയുമാണോ അവർ ത്യാഗം ചെയ്തത് തദനുസൃതം അല്ലാഹു തന്റെ അനുഗ്രഹങ്ങളും ബറക്കത്തുകളും അവരുടെ മേൽ ചൊരിയുമാറാകട്ടെ." (അൽഫസൽ 15 നവംബർ 1938 പേജ് 4)

ദൈവാനുഗ്രഹത്താൽ നാമെല്ലാം അനുഗൃഹീതമായ മാസത്തിൽ പ്രവേശിക്കാൻ പോകുകയാണല്ലോ? എല്ലാ തഹ്‌രീക്കെ ജദീദ് യോദ്ധാക്കളോടും തങ്ങളുടെ അതിമഹത്തായ ജമാഅത്തീ പാരമ്പര്യത്തെ നില നിർത്തിക്കൊണ്ട് ഇപ്പോൾ തന്നെ സന്നദ്ധരാകുവാൻ താല്പര്യപ്പെടുന്നു. റമദാൻ 15 വരെ അതായത് ആഗസ്റ്റ് 27 വരേക്കും തങ്ങളുടെ വാഗ്ദാനങ്ങൾ നിറവേറ്റി ഹുദൂർ തിരുമനസ്സിന്റെ പ്രത്യേകം ദുആക്ക് അർഹരായിത്തീരുക. അല്ലാഹു തആലാ നമുക്കെല്ലാവർക്കും ഇതിനുള്ള ഭാഗ്യം തന്നുഗ്രഹിക്കുമാറാകട്ടെ. (അൽഫസ്ൽ 9 നവ: 1988).

ആഗസ്റ്റ് 27ന് മുമ്പേ 100% പേരും തഹ്‌രീക്കെ ജദീദ് ചന്ദ അടച്ചു തീർക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു. വളരെയേറെ പുണ്യകരമായ ഈ ധനത്യാഗത്തിന് സഹോദരന്മാർ ഇപ്പോൾ തന്നെ തയ്യാറാവുക.

വസ്സലാം

വിനീതൻ

വക്കീലുൽ മാൽ തഹ്‌രീക്കെ ജദീദ്, ചെയർമാൻ

സർക്കാർ അഹ്മദികളെ എതിർക്കുവാൻ എല്ലായ്പ്പോഴും കച്ചകെട്ടി പുറപ്പെട്ടിരിക്കുകയാണ്. ഇക്കാരണത്താൽ ലാഹോർ, ഇസ്‌ലാമാബാദ് എന്നീ സ്ഥലങ്ങളിലെ തെരുവീഥികളിൽ ആഴ്ചയിൽ ഒന്ന് വീതം അഹ്മദികളുടെ മൃതദേഹങ്ങൾ വീണുകൊണ്ടിരിക്കുന്നു. അഹ്മദികളുടെ പള്ളികൾ ഖബർസ്ഥാൻ ആയിക്കൊണ്ടിരിക്കുന്നു.

**വിവ: മുഹമ്മദ് യൂസുഫ്**

മംഗലാപുരം ❐

കുറിപ്പുകൾ

മുസാഫിർ

# ഹിന്ദു വിവാഹമോചന നിയമം ഭേദഗതി ചെയ്യപ്പെടുന്നു

വിവാഹ ജീവിതം സ്നേഹ ശൂന്യവും ദുസ്സഹവും ക്രൂരവുമായിരുന്നിട്ടും നിയമം അനുവദിക്കാത്തതിനാൽ വിവാഹ മോചനത്തിന് സാധ്യമാവാതെ വീർപ്പ്മുട്ടിക്കഴിയുന്നവർക്ക് ആശ്വാസം പകർന്നു കൊണ്ട് കേന്ദ്രഗവൺമെന്റ് ഒരു നിയമ ഭേദഗതിക്ക് മുതിരുകയാണ്. പ്രധാനമന്ത്രി മൻമോഹൻസിംഗ് അധ്യക്ഷത വഹിച്ച കേന്ദ്ര ക്യാബിനറ്റ് തീരുമാനം വാർത്താ വിതരണ വകുപ്പ് മന്ത്രി ശ്രീമതി അംബികാ സോണി കഴിഞ്ഞമാസം ജൂൺ 10 -ാം തീയതി അറിയിക്കുകയായിരുന്നു. നിലവിലെ ഹിന്ദുവിവാഹ നിയമത്തിലെ ഭേദഗതി പാർലമെന്റിൽ ബില്ലായിട്ടായിരിക്കും അവതരിപ്പിക്കുക. ഹിന്ദു സമൂഹത്തെ സംബന്ധിച്ചിടത്തോളം വളരെയേറെ പുരോഗമപരമായ ഈ കാൽവെപ്പ് അനേകം മനുഷ്യജീവിതങ്ങൾക്ക് ആശ്വാസകരമായി തീരുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. 'ദൈവം കൂട്ടിചേർത്തതിനെ മനുഷ്യന് വേർപ്പെടുത്താൻ അനുവാദമില്ല.' എന്ന വിവാഹത്തെ സംബന്ധിച്ചുള്ള ക്രിസ്തീയ-ഹൈന്ദവ സങ്കല്പം സദുദ്ദേശപരം തന്നെയാണ്. പക്ഷേ തിക്തമായ ജീവിത യാഥാർത്ഥ്യങ്ങളെ കൂടി ഉൾക്കൊള്ളുന്നതായിരിക്കണം നമ്മുടെ വ്യക്തിനിയമങ്ങൾ. എങ്കിൽ മാത്രമേ പ്രശ്നങ്ങളെ നീതിപൂർവ്വം അഭിമുഖീകരിക്കാൻ സാധ്യമാവൂ. വിവാഹം, പങ്കാളികൾ വിജയിപ്പിക്കേണ്ട പാവനമായ ഒരു കരാറായിക്കാണുന്ന ഇസ്ലാം മതത്തിൽ താരതമേന്യ എളുപ്പമായ വിവാഹ മോചന നിയമത്തിന്റെ വഴിയെ ഹിന്ദു വിവാഹ മോചന നിയമവും ഉദാരമാവുകയാണ്. പക്ഷേ വിവാഹമോചനം ഒരു പാപമായിക്കാണുന്ന ഹിന്ദു സമൂഹത്തിൽ വിവാഹമുക്തയോടുള്ള മനോഭാവം മാറ്റേണ്ടതും അവൾക്ക് പുനർവിവാഹത്തിന് സാഹചര്യമൊരുക്കാൻ സമൂഹത്തിൽ അവബോധം സൃഷ്ടിക്കപ്പെടുകയും വേണം. അല്ലാത്തപക്ഷം ഈ നിയമ നിർമാണം പതിതയായ സ്ത്രീക്ക് കൂടുതൽ ഭാരമായി തീരും. പൊതുവേ വിവാഹ മോചനവും പുനർവിവാഹവും നിഷിദ്ധമായി കാണുന്നവരാണ് ഹിന്ദു സമൂഹം. എന്നാൽ ഹിന്ദു ജീവിത സംഹിതയായ 'മനുസ്മൃതി' യിലും 23 നൂറ്റാണ്ടുകൾക്ക് മുമ്പ് ചന്ദ്രഗുപ്ത മൗര്യന്റെ പ്രധാന സചിവൻ രചിച്ച രാഷ്ട്രനീതിയെ സംബന്ധിച്ച 'അർത്ഥശാസ്ത്രത്തി'ലും 1955ലെ ഇന്ത്യൻ വിവാഹ നിയമത്തിൽ പറയുന്നത് പ്രകാരമുള്ള വിവാഹ മോചന നിയമം അനുവദിച്ചിട്ടുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. കരാർ പാലിക്കാത്തതിനാൽ പുരാണത്തിലെ പുരൂരവസ്സിനെ ഉപേക്ഷിച്ചുപോയ ഉർവ്വശിയുടെ കഥയോർക്കുക.

1955ലെ ഹിന്ദു മാര്യേജ് ആക്റ്റും 1954ലെ സ്പെഷ്യൽ മാര്യേജ് ആക്റ്റുമാണ് കേന്ദ്ര നിയമകാര്യ വകുപ്പ് ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നത്. ഇന്ത്യയിലെ ഹിന്ദു വിവാഹ നിയമം ഹിന്ദുക്കൾ, സിക്കുകാർ, ബുദ്ധമതക്കാർ, ജൈനന്മാർ എന്നിവർക്കെല്ലാം ബാധകമാണ്. മാർച്ച് 2009ൽ ലോ കമ്മീഷൻ ഗവൺ മെന്റിന് സമർപ്പിച്ച റിപ്പോർട്ടിലാണ് വിവാഹ മോചനം കൂടുതൽ എളുപ്പമാക്കി തീർക്കാൻ ഹിന്ദു വിവാഹ നിയമത്തിൽ ഗണ്യമായ ഭേദഗതി നിർദ്ദേശിച്ചു കൊണ്ടുള്ള ശക്തമായ ശുപാർശയുള്ളത്. 'ഇണക്കിചേർ ക്കാൻ കഴിയാത്ത വിധം തകർ ന്നുപോയ വിവാഹം ബന്ധം' (Irretrievable breakdown of marriage) വിവാഹ മോചനത്തിന് മതിയായ കാരണമായി കണക്കാക്കണമെന്നാണ് ഈ ശുപാർശയുടെ കാതൽ.

ഹിന്ദു കോഡ് ബില്ലിന്റെ ഭാഗമായാണ് 1955ലെ ഹിന്ദു മാര്യേജ് ആക്ട് നിലവിൽ വന്നത്. ഈ നിയമത്തിലെ 13 ബി സെക്ഷന്റെയും സെപ്ഷ്യൽ മാര്യേജ് ആക്ട് സെക്ഷൻ 28 ഉം പ്രകാരം ഹിന്ദുക്കൾക്ക് രണ്ട് വിധത്തിൽ വിവാഹമോചനം നടത്താവുന്നതാണ്. അതിലൊന്ന് ദമ്പതിമാരുടെ ഉഭയ സമ്മതത്തോടെയുള്ള വിവാഹ മോചനമാ

ണ്. ഈ നിയമ പ്രകാരം വിവാഹ മോചനത്തിനായി ഭാര്യയും ഭർത്താവും ഉഭയ സമ്മതത്തോടെ തീരുമാനിച്ചതിന് ശേഷം കോടതിയിൽ പെറ്റീഷൻ ഫയൽ ചെയ്യണം. പ്രസ്തുത തീരുമാനത്തിൽ നിന്നും മനം മാറ്റമുണ്ടോ എന്നറിയാൻ 6 മാസം മുതൽ 18 മാസം വരെ കോടതി കാത്തിരിക്കും. ഇരു കക്ഷികളും വിവാഹമോചനാഭ്യർത്ഥ പിൻവലിക്കുന്നില്ലെങ്കിൽ ഇരുവരുടേയും ആവശ്യങ്ങളും ന്യായങ്ങളും കേട്ട ശേഷം കോടതി നിയമ പ്രകാരമുള്ള വിവാഹമോചനം അനുവദിക്കുന്നതാണ്. ഇത്തരം വിവാഹ മോചനം പലപ്പോഴും സംഭവിക്കാറില്ല എന്നതാണ് വാസ്തവം. വിവാഹ മോചനം പരസ്പരം സംഘർഷഭരിതമായ സാഹചര്യത്തിൽ ഏതെങ്കിലും ഒരു ഭാഗത്ത് നിന്നാണ് ഉണ്ടാവാറുള്ളത്. അതായത് വിവാഹ പങ്കാളികളിൽ ഒരു കക്ഷിക്ക് മറ്റേ കക്ഷിയെക്കുറിച്ചുള്ള പരാതിയിൻമേലാണ് വിവാഹമോചനാവശ്യം മിക്കവാറും ഉയർന്നു വരിക. ഒരു കക്ഷി വിവാഹമോചനം ആവശ്യപ്പെടുകയും മറ്റയാൾ അതിനു വിസമ്മതിക്കുകയും ചെയ്യുന്നു. അങ്ങിനെയുള്ള പരാതിയിൻമേൽ ഹിന്ദു നിയമപ്രകാരം വിവാഹ മോചനം സാധ്യമാവണമെങ്കിൽ ഒമ്പത് കാരണങ്ങൾ തെളിയിക്കേണ്ടതുണ്ട്. ഇത് വളരെ പ്രയാസകരവും സുദീർഘവും ശ്രമകരവുമായ നിയമ വ്യവഹാരങ്ങൾ ആവശ്യപ്പെടുന്നതാണ്. താഴെ പറയുന്നവയാണ് ആ ഒമ്പത് കാരണങ്ങൾ (1) വിവാഹത്തിൽ പങ്കാളിയായവരിൽ ഒരാൾ അന്യ സ്ത്രീയോ പുരുഷനുമായോ ഉള്ള ലൈംഗിക ബന്ധം(2) ക്രൂരമായ പെരുമാറ്റം. (3) തുടർച്ചയായി രണ്ട് വർഷം ഉപേക്ഷിക്കൽ (4) മതപരിവർത്തനം മുഖേന ഹിന്ദു ജീവിതം അവസാനിപ്പിക്കൽ(5) പരാതിക്കാരിക്കോ പരാതിക്കാരനോ ഒരുമിച്ചു ജീവിക്കാനാകാത്ത വിധം വിവാഹ പങ്കാളിക്ക് ബുദ്ധിമാന്ദ്യമോ, മാനസിക വിഭ്രാന്തിയോ ഉണ്ടാവൽ(6) മാറാത്ത കുഷ്ഠരോഗം(7) പകരുന്ന ലൈംഗിക രോഗം(8) ലൗകിക ജീവിതം ഉപേക്ഷിച്ച് സന്യസിക്കൽ(9) ഏഴ് വർഷമോ അതിലധികമോ കാലം പങ്കാളിയെക്കുറിച്ച് ജീവിച്ചിരിക്കുന്നുവെന്ന യാതൊരു വിവരവും ഇല്ലാതിരിക്കൽ. ഈ സാഹചര്യത്തിലാണ് ഹിന്ദു വിവാഹ നിയമ പ്രകാരം പരാതിക്കാരിയോ, പരാതിക്കാരനോ വിവാഹ മോചനം ആവശ്യപ്പെടാൻ സാധിക്കുക. ഇങ്ങനെ പരാതിയുമായി കോടതിയെ സമീപിക്കുന്നതിന് മുമ്പ് തന്നെ അവരുടെ വിവാഹം പരിപൂർണ്ണമായും തകർന്നടിഞ്ഞിരിക്കാനാണ് സാധ്യത. പങ്കാളിയുടെ പ്രസ്തുത വീഴ്ചകൾ തെളിയിക്കേണ്ട ബാധ്യത പരാതിപ്പെടുന്നയാൾക്കുള്ളതാകയാൽ സുദീർഘവും ഭാരിച്ചതുമായ നിയമ യുദ്ധങ്ങൾ വിവാഹമോചനത്തിന് വേണ്ടി നടത്തേണ്ടിവരുന്നു. വിവാഹ മോചനം നൽകാതെ അപരാധിയായ പങ്കാളിക്ക്, പരാതിക്കാരിയെയോ, പരാതിക്കാരനെയോ, ബുദ്ധിമുട്ടിക്കാവുന്നതാണ്. നീതി നിഷേധത്തിന് തുല്യമാണിത്. ഈ പരിതസ്ഥിതിയിലാണ് ലോ കമ്മീഷൻ വിവാഹമോചത്തിന് പുതിയ ഒരു ഉപാധി ഗവൺമെന്റിനോട് ശുപാർശ ചെയ്തത്. അതായത്. ഇണക്കിചേർക്കാൻ കഴിയാത്ത വിധം വിവാഹ ബന്ധം തകർന്നിരിക്കുന്നു(Irretrivable breakdown of marriage) എന്ന ഉപാധിയിൽ വിവാഹ പങ്കാളിക്ക് വിവാഹമോചനത്തിനായി കോടതിയെ സമീപിക്കാവുന്നതാണ്.

ആധുനിക ജീവിതത്തിന്റെ സങ്കീർണ്ണതകളും അതുണ്ടാക്കുന്ന സംഘർഷങ്ങളും കാരണം ദാമ്പത്യ ജീവിതത്തിൽ താളപ്പൊരുത്തങ്ങളും ക്ഷോഭങ്ങളും വർധിച്ചു വരികയാണ്. വിവാഹ ജീവിതത്തിന്റെ അനുരഞ്ജനത്തിന്റെ എല്ലാ വഴികളും അടയുകയും മുന്നോട്ട് കൊണ്ടുപോവാൻ കഴിയാത്ത വിധം പരാജിതവുമായ ദാമ്പത്യങ്ങൾ അതേ നിലയിൽ തുടരാനനുവദിക്കുന്നത് മനുഷ്യ ജീവിതത്തോടു ചെയ്യുന്ന ദ്രോഹമാണ്. അവരെ വിവാഹ ബന്ധത്തിൽ നിന്നും മുക്തമാക്കി പുതിയ ജീവിതം നയിക്കാനനുവദിക്കുന്ന വിധം നിയമം ഉദാരമാവേണ്ടതുണ്ട്. അതാണ് ഈ പുതിയ നിയമ നിർമ്മാണത്തിന്റെ പ്രസക്തി. ഈ പശ്ചാത്തലത്തിൽ ഹിന്ദുസമൂഹത്തിലെ യാഥാസ്ഥിതിക വിഭാഗം വിധവകളോടും വിധവകളുടെ പുനർവിവാഹത്തോടും കാണിക്കുന്ന നിലപാട് മാറ്റേണ്ടതുണ്ട്. അപ്രകാരം വിവാഹ മുക്തയായ സ്ത്രീക്ക് ജീവനാംശവും സാമ്പത്തിക പിന്തുണയും ഉറപ്പാക്കിയാൽ മാത്രമേ നിയമം പരിപൂർണമാവുകയുള്ളൂ. സഹിഷ്ണുതയും ഉദാരതയും പുരോഗമന വീക്ഷണവുമാണ് പാവനമായ ഹിന്ദുമതത്തിന്റെ മുഖമുദ്ര. വിവാഹ ജീവിതത്തിന്റെ പരിശുദ്ധതയും ദൃഢതയും നിലനിർത്താനും അതേ സമയം തിക്തമായ ജീവിതയാഥാർത്ഥ്യങ്ങളെ സംഘർഷരഹിതമായി പരിഹരിക്കാനും ഉദാരവീക്ഷണമുള്ള ഹിന്ദുമതത്തിന് തീർച്ചയായും അനായാസം സാധ്യമാണ്. വിവാഹ മോചനത്തിനായുള്ള ഇത്തരം അയവുള്ള നിയമങ്ങൾ ദുരുപയോഗം ചെയ്യുന്നതിനെതിരേ ജാഗ്രതയും വേണം. ഇന്ത്യാ ഗവൺമെന്റിന്റെ സദുദ്ദേശ്യപരമായ ഈ നീക്കം ഫലപ്രാപ്തിയിലെത്തട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. ❐

വാർത്തകൾ

# എല്ലാ ഓരോ സമുദായത്തിലും ദൈവദൂതന്മാർ

## ആർ.എസ്.എസ്. നേതാവ് കെ.എസ്. സുദർശന്റെ ഒരു പ്രസ്താവനയോടുള്ള പ്രതികരണം

**ഉദയവാണി(കർണാടക) പത്രത്തിൽ പ്രസിദ്ധീകരിച്ചത്**

നവംബർ 8, 2009ലെ ഉദയവാണി പത്രത്തിലൂടെ ആർ.എസ്.എസ്.ന്റെ മുൻതലവനായിരുന്ന കെ.ഒ. സുദർശൻ അയോധ്യയിൽ സംഘ്പരിവാർ സഭയിൽ ചെയ്ത പ്രസ്താവന വായിച്ചു. അദ്ദേഹം പറയുന്നു:

"മുസ്ലിംകൾ രാമനെയും, കൃഷ്ണനെയും ദൈവ പ്രവാചകരായി അംഗീകരിക്കുകയാണെങ്കിൽ ഹിന്ദുക്കളുടെയും മുസ്ലിംകളുടെയും ഇടയിലുള്ള സംഘട്ടനങ്ങൾ അവസാനിക്കുന്നതാണ്."

മുസ്ലിംകളുടെ പരിശുദ്ധ ഗ്രന്ഥമായ ഖുർആനിൽ പറയുന്നു.

* ഓരോ സമുദായത്തിനും ഓരോ ദൈവദൂതൻ ഉണ്ട്. (സൂറത്ത് 10, ആയത് 47).

* എല്ലാ ഓരോ സമുദായത്തിലും (അല്ലാഹുവിങ്കൽ നിന്നും) ഓരോ മാർഗദർശകൻ വന്ന് കഴിഞ്ഞിട്ടുണ്ട്.

(സൂറത്ത് 13, ആയത്ത് 7).

* നാം ഓരോ സമുദായത്തിലും ഓരോ ദൂതന്മാരെ നിയോഗിച്ചിട്ടുണ്ട്. (സൂറത്ത് 16, ആയത്ത് 36).

അഹ്മദീ മുസ്ലിംകളും ഇവരെല്ലാവരും ദൈവത്തിന്റെ പ്രവാചകന്മാരാണെന്ന് അംഗീകരിച്ചു ആദരിക്കുന്നു.

ജമാഅത്തെ അഹ്മദിയ്യായുടെ സ്ഥാപകർ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) നൂറ് വർഷങ്ങൾ മുൻപ് 'മൈത്രി സന്ദേശം' എന്ന നാമത്തിൽ ഒരു ഗ്രന്ഥം രചിച്ചിരുന്നു. ആ ഗ്രന്ഥത്തിൽ അദ്ദേഹം പറയുന്നു:

ഹിന്ദുക്കളും മുസ്ലിങ്ങളും സഹവർത്തിതരായി ജീവിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ പരസ്പരം മത ഗ്രന്ഥങ്ങളേയും, മതഗുരുക്കന്മാരെയും, പ്രവാചകന്മാരെയും സത്യഹൃദയത്തോടെ അംഗീകരിച്ചാദരിക്കേണ്ടതാവശ്യമാണ്.

ഈ അദ്ധ്യാപനങ്ങൾ ഈ കാലഘട്ടത്തിൽ വളരെയേറെ അനിവാര്യവും ഉചിതവുമാണ്.

മുഹമ്മദ് യൂസുഫ്
സെക്രട്ടറി, അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്
മംഗലാപുരം

ഹദ്റത്ത് മുഹമ്മദ് നബി (സ) പറയുന്നു: സർവ്വലോകപരിപാലകനായ അല്ലാഹു ഒരു ലക്ഷത്തി ഇരുപത്തിനാലായിരം പ്രവാചകന്മാരെ അയച്ചു, ഇത് ഹദീസ് ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിട്ടുണ്ട്.

മുകളിലെ ഖുർആൻ വാക്യങ്ങളും പ്രവാചകൻ ഹദ്റത്ത് മുഹമ്മദ് നബി(സ)യുടെ തിരുവചനങ്ങളും അനുസരിച്ചു ജമാഅത്തെ അഹ്മദിയ്യായുടെ സ്ഥാപകൻ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) 120 വർഷങ്ങൾ മുൻപ് ഇക്കാര്യം പറഞ്ഞിരുന്നു. അതായത്, ഭാരതത്തിൽ ജനിച്ച ശ്രീകൃഷ്ണനും, ശ്രീരാമനും, ശ്രീബുദ്ധനും, അതുപോലെ പേർഷ്യയിൽ ആഗതരായ സൊരാഷ്ട്രരും, ചൈനയിൽ അവതരിച്ച കൺഫ്യൂഷസും എല്ലാം ദൈവത്തിന്റെ പ്രവാചകന്മാരായിരുന്നു എന്ന്.

ഈ അദ്ധ്യാപനം അനുസരിച്ച് എല്ലാ




*മുവാറ്റുപുഴ ജമാഅത്ത് ജൂൺ മാസം നടത്തിയ വിശുദ്ധഖുർആൻ വാരാചരണത്തിൽ കേരള ദക്ഷിണമേഖല ഖായിദ് ഇ. എച്ച്. നജീബ് സാഹിബ് മുഖ്യ പ്രഭാഷണം നടത്തുന്നു. പ്രസിഡണ്ട് ഷംസുദ്ദീൻ സാഹിബ് സമീപം.*

# മൗദൂദിയുടെ പുസ്തകങ്ങൾക്ക് ബംഗ്ലാദേശിൽ നിരോധനം

ധാക്ക: ജമാഅത്തെ ഇസ്‌ലാമി സ്ഥാപകൻ അബുൽ അഅ്‌ലാ മൗദൂദിയുടെ പുസ്തകങ്ങൾ പള്ളികളിലും ലൈബ്രറികളിലും സൂക്ഷിക്കുന്നത് ബംഗ്ലാദേശ് സർക്കാർ നിരോധിച്ചു. മതമൗലിക വാദത്തിനു മൂക്കുകയറിട്ട് മതനിരപേക്ഷതയിലേക്ക് തിരികെപ്പോകാൻ ശൈഖ്ഹസീന സർക്കാർ നടത്തുന്ന ശ്രമങ്ങളുടെ ഭാഗമാണീ നടപടി. മതരാഷ്ട്ര സ്ഥാപനത്തിനായുള്ള വിശുദ്ധ യുദ്ധത്തെ പ്രോസാഹിപ്പിക്കുന്ന മൗദൂദിയുടെ രചനകൾ സമാധാനം കാംക്ഷിക്കുന്ന ഇസ്‌ലാമികാശയങ്ങൾക്ക് എതിരാണെന്നു കണ്ടാണ് നിരോധനമെന്ന സർക്കാർ നിയന്ത്രണത്തിലുള്ള ഇസ്‌ലാമിക ഫൗണ്ടേഷൻ മേധാവി പറഞ്ഞു. മൗദൂദിയുടെ പുസ്തകങ്ങൾ മതമൗലിക വാദത്തെയും ഭീകരപ്രവർത്തനത്തെയും വളർത്തുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സർക്കാർ ഉത്തരവനുസരിച്ച് രാജ്യത്തെ പള്ളികളും ഗ്രന്ഥശാലകളും മൗദൂദിയുടെ എല്ലാ പുസ്തങ്ങളും നീക്കം ചെയ്തുതുടങ്ങി.

പാകിസ്ഥാൻ കേന്ദ്രീകരിച്ചായിരുന്നു മൗദൂദിയുടെ പ്രവർത്തനമെങ്കിലും അദ്ദേഹം സ്ഥാപിച്ച ജമാഅത്തെ ഇസ്‌ലാമിയാണ് ബംഗ്ലാദേശിലെ ഏറ്റവും വലിയ മതകക്ഷി. പ്രതിപക്ഷ ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടിയും ജമാഅത്തെ ഇസ്‌ലാമിയുമാണ് ശൈഖ്ഹസീനയുടെ മതനിരപേക്ഷ പരിഷ്കാരങ്ങൾക്കെതിരെ ബംഗ്ലാദേശിൽ പടനയിക്കുന്നത്. ബംഗ്ലാദേശ് ഭരണഘടനയിൽ നിന്ന് മത നിരപേക്ഷത എന്ന വാക്ക് നീക്കം ചെയ്തുകൊണ്ടുള്ള ഭരണഘടനാ ഭേദഗതി സുപ്രീംകോടതി മാസങ്ങൾക്കു മുമ്പ് റദ്ദാക്കിയിരുന്നു. ഇതോടെ സാങ്കേതികമായി ബംഗ്ലാദേശ് വീണ്ടും മതനിരപേക്ഷ രാഷ്ട്രമായിരിക്കുകയാണ്. മതാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പാർട്ടികളെ നിരോധിക്കാനും സർക്കാർ നടപടി തുടങ്ങിയിട്ടുണ്ട്.

***മാതൃഭൂമി 31. ജൂലൈ 2010***


# യേശുക്രിസ്തുവിന് കുരിശുമരണം സംഭവിച്ചിട്ടില്ല : കെ.എസ്. സുദർശൻ

റായ്പൂർ : യേശുക്രിസ്തു 17 വർഷക്കാലം ഇന്ത്യയിൽ ജീവിച്ചിരുന്നതായി ധർമ്മശാലയിൽ ചേർന്ന സംഘടനയുടെ രാഷ്ട്രീയ സെമിനാറിൽ ആർ.എസ്.എസ്. നേതാവ് കെ.എസ്. സുദർശനൻ പ്രസ്താവിച്ചു. കുരിശുസംഭവത്തിൽ കൈകാലുകളിൽ മാത്രം ആണി തറച്ചതിനാൽ യേശുക്രിസ്തു നിര്യാതനായില്ലെന്നും മറിച്ച് അദ്ദേഹത്തിന്റെ അനുയായികൾ രഹസ്യമായി അടുത്തുതന്നെയുള്ള ഒരു സ്ഥലത്ത് കൊണ്ടുപോയി അദ്ദേഹത്തെ ശുശ്രൂഷിക്കുകയും അനന്തരം കാശ്മീരിൽ ഈശാ നഗർ* എന്ന സ്ഥലത്ത് കൊണ്ടുവരികയും അവിടെ വച്ച് അദ്ദേഹം മരണമടയുകയാണുണ്ടായതെന്നും കെ.എസ്. സുദർശൻ സൂചിപ്പിക്കുകയുണ്ടായി. യേശുമിശീഹായുടെ സമാധി ഈശാനഗറിൽ ഇന്നും കാണാവുന്നതാണെന്നും അദ്ദേഹം വ്യക്തമാക്കി. ലദ്ദാക്കിലെ സെന്റ് മഠത്തിൽ യേശു തന്റെ അവസാനത്തെ പത്തുവർഷം ചെലവഴിച്ചുവെന്നും അതിനു തെളിവെന്നോണം യേശുവിൽ വിരചിതമായ അനേകം പുരാരേഖകൾ ഇന്നും അവിടെ സുരക്ഷിതമാണെന്നും അദ്ദേഹം വിശദമാക്കുകയുണ്ടായി.

*('നവഭാരത്' ദിനപത്രം റായ്പൂർ എഡിഷൻ 25 ഏപ്രിൽ 2010)*

*കാശ്മീരിലെ ശ്രീനഗറിൽ ഖാൻയാർ തെരുവിലാണ് യേശുവിന്റെ കബർ-എഡി:*

## അനുസ്മരണം



### പി.ടി. ബീരാൻ കുട്ടി സാഹിബ്

തിരൂർ ജമാഅത്ത് അംഗം പി.ടി. ബീരാൻ കുട്ടി സാഹിബ് 22-6-2010ന് വഫാത്തായിരിക്കുന്നു. ഇന്നാലില്ലാഹി.... പരേതന് ഒരു ആൺകുട്ടിയും രണ്ട് പെൺകുട്ടികളുമാണുള്ളത്.

അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ

സി.ടി. അബ്ദുർ റസാക്ക്
കോട്ടക്കൽ

## മുസ്‌ലിംകളുടെ വലിയ ശത്രു അനൈക്യം: സൗദി രാജാവ്

മക്ക: മുസ്‌ലിംകളുടെ ഏറ്റവും വലിയ ശത്രു അനൈക്യമാണെന്നും പണ്ഡിതൻമാർ ഐക്യത്തിനായി പ്രവർത്തിക്കണമെന്നും സൗദി ഭരണാധികാരി അബ്ദുല്ല രാജാവ്. മുസ്‌ലിം വേൾഡ് ലീഗിന്റെ (റാബിത്വ) സുവർണ ജൂബിലിയോടനുബന്ധിച്ച് നടന്ന അന്താരാഷ്ട്ര ഇസ്‌ലാമിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അനൈക്യം തകർച്ചയുടെ തുടക്കമാണ്. മുസ്‌ലിംകൾ വിഭാഗീയതയെക്കുറിച്ച് ബോധവാൻമാരാവുകയും പരസ്പര സ്നേഹം മെച്ചപ്പെടുത്തുകയും വേണം.

**(ചന്ദ്രിക 3 ആഗസ്റ്റ് '10)**

# യു.കെ. വാർഷിക ജൽസ സമാപിച്ചു



*ലണ്ടൻ ജൽസയോട് അനുബന്ധിച്ച് നടന്ന ആഗോള കൂട്ട ബൈഅത്ത്*

**ലണ്ടൻ** : അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് യു.കെ.യുടെ 44-ാം വാർഷിക സമ്മേളനം ലണ്ടനിൽ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് 2010 ജൂലൈ 30 ലെ ഖുത്ബ പ്രഭാഷണത്തോടെ ഉദ്ഘാടനം ചെയ്തു.

പാകിസ്താനിൽ ശഹീദാക്കപ്പെട്ട 86 രക്തസാക്ഷികളെ അനുസ്മരിച്ചുകൊണ്ടാണ് ഖലീഫത്തുൽ മസീഹ് ഖുത്ബ ആരംഭിച്ചത്. മാധ്യമങ്ങൾ തെറ്റുദ്ധരിപ്പിക്കപ്പെടുന്ന ഇസ്‌ലാം പരസ്പര സ്നേഹത്തിന്റെയും സഹിഷ്ണുതയുടെയും സമാധാനത്തിന്റെയും മതമാണെന്ന് ഖലീഫ തിരുമനസ് പറഞ്ഞു.


വൈകുന്നേരം 4.30ന് പുനരാരംഭിച്ച സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് ഖലീഫത്തുൽ മസീഹ് സംസാരിക്കുകയുണ്ടായി. പാകിസ്താനിലെ അഹ്മദികൾ അനുഭവിക്കുന്ന പീഢനങ്ങളെ പരാമർശിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. യഥാർത്ഥ വിശ്വാസികൾ ഒരിക്കലും ഭീരുത്വവുമായി സന്ധി ചെയ്യുകയില്ല. ലോകത്താകമാനം തീവ്രവാദികൾ അഹ്മദികൾക്കെതിരെ ഭീഷണി ഉയർത്തുകയാണ്. ഇതുകൊണ്ടൊന്നും അഹ്മദിയ്യാ പ്രസ്ഥാനം തളർന്നുപോകില്ല. പരിശുദ്ധ ഇസ്‌ലാം മതത്തെ തീവ്രവാദികൾ അവരുടെ സ്വാർത്ഥ താല്പര്യത്തിനായി കവർന്നെടുത്തിരിക്കുന്നു. ലാഹോർ അക്രമത്തിനു ശേഷം അഹ്മദികൾ ഭയന്നുപോകുമെന്നാണ് തീവ്രവാദികൾ കരുതിയത്. പക്ഷേ, ഈ ദുരന്തത്തിനുശേഷം ഞങ്ങളുടെ ചേതന ഉണരുകയാണ്. ഞങ്ങൾ ആരെയും ഭയപ്പെടുന്നവരല്ല എന്ന് തീവ്രവാദികൾ ഓർക്കേണ്ടതുണ്ട് ഖലീഫ തിരുമനസ് പറഞ്ഞു.

ഉപസംഹാര പ്രസംഗത്തിൽ റസൂൽ തിരുമേനി(അ)യുടേയും വാഗ്ദത്ത മസീഹി(അ)ന്റെയും ധാരാളം വചനങ്ങൾ ഉദ്ധരിച്ചുകൊണ്ട് സഹനത്തിന്റെയും ത്യാഗത്തിന്റെയും മഹത്വരമായ അദ്ധ്യാപനങ്ങൾ ഖലീഫാ തിരുമനസ്സ് പരാമർശിക്കുകയുണ്ടായി. അത്തരം ത്യാഗശീലമുള്ള സമൂഹങ്ങളെ വളർത്തിയെടുക്കുകയാണ് ഇസ്‌ലാമിന്റെ ലക്ഷ്യം. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അത്തരത്തിലുള്ള ഒരു സമൂഹമാണ്. സമ്മേളനത്തിൽ ആഗോള ബൈഅത്ത് നടക്കുകയുണ്ടായി. ഹുസൂറിന്റെ നേതൃത്വത്തിലുള്ള പ്രാർത്ഥനയോടെ ആഗസ്റ്റ് 1ന് ത്രിദിന സമ്മേളനം സമാപിച്ചു.



*ജൽസഗാഹിലെ നമസ്കാരം*


# അഹ്മദിയ്യാ ദേശീയ വാർഷിക സമ്മേളനങ്ങൾ 2010




← ജർമ്മനി

*2010 ജൂൺ 26, 27 അഹ്മദിയ്യാ ജർമ്മൻ ദേശീയ വാർഷിക സമ്മേളനം ഖലീഫത്തുൽ മസീഹ് ഉദ്ഘാടനം ചെയ്യുന്നു.*

അമേരിക്ക →




*2010 ജൂലായ് 16, 17, 18 തീയതികളിൽ ചേർന്ന അഹ്മദിയ്യാ ജമാഅത്തിന്റെ അമേരിക്കാ ദേശീയ വാർഷിക സമ്മേളനത്തിൽ മൗലാനാ നസിം മഹ്ദി പ്രസംഗിക്കുന്നു. അദ്ധ്യക്ഷൻ ഡോ. അഹ്സനുള്ള സഫർ സാഹിബ്*




← കാനഡ

*2010 ജലൈ 2, 3, 4 അഹ്മദിയ്യാ ജമാഅത്ത് കന്നഡ ദേശീയ വാർഷിക സമ്മേളനത്തിൽ നിന്നുള്ള ദൃശ്യം.*